
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2019 ഏപ്രിൽ
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




ഈസോപ്പ് കഥകൾ
(പുനരാഖ്യാനം)
**സി വി സുധീന്ദ്രൻ**
വില ₹ 170



ചിറകുള്ള മനുഷ്യൻ
(വൈജ്ഞാനികം)
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
വില ₹70




അബ്ബുവിന്റെ പേനകൾ
(കഥ)
**വി എച്ച് നിഷാദ്**
വില ₹60





സ്റ്റെഫിയുടെ പന്ത്
(കഥ)
**ബീന ജോർജ്**
വില ₹60



മുല്ലമൊട്ടുകൾ
(കവിത)
**പ്രശാന്ത് കണ്ണോം**
വില ₹60





ഖുദിറാം ബോസ്
(ജീവചരിത്രം)
**ഡോ. ടി എസ് ജോയി**
വില ₹100




എന്റെ പൂവിന് ഒരുമ്മ
(കഥ)
**ഗിരീഷ് പരുത്തിമഠം**
വില ₹30



കട്ടുറുമ്പിന് കാതുകുത്ത്
(കവിത)
**പാപ്പച്ചൻ കടമക്കുടി**
വില ₹50



ആകാശം ഉറങ്ങുകയാണ്
(കഥ)
**പ്രേമജ ഹരീന്ദ്രൻ**
വില ₹45




കാക്കക്കല്യാണം
(കവിത)
**ആനന്ദൻ ചെറായി**
വില ₹50

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**


**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,**
**ഫോൺ** 0471-233 3790,
e-mail : director@ksicl.org

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഏപ്രിൽ 2019
വില ₹20
വാർഷികവരിസംഖ്യ ₹200

# തളിര്

ഉള്ളടക്കം

## കുട്ടികൾക്കു വേണ്ടി സിനിമയെടുക്കുമ്പോൾ

6

**അടൂർ ഗോപാലകൃഷ്ണൻ**




തിരുവനന്തപുരം, ശ്രീകാര്യത്തുള്ള മരിയ റാണി സെന്ററിൽ സംഘടിപ്പിച്ച ബാല സാഹിത്യ ശില്പശാലയിൽ പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്രീ അടൂർ ഗോപാലകൃഷ്ണനുമായി നടത്തിയ മുഖാമുഖം പരിപാടിയിലെ പ്രസക്ത ഭാഗങ്ങൾ.

## ബുദ്ധമയൂരി - സംസ്ഥാന ചിത്രശലഭം

12

**പി കെ ഉത്തമൻ**



മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ വൈൽഡ് ലൈഫ് ബോർഡിന്റെ യോഗത്തിൽ വച്ച് സംസ്ഥാന ചിത്രശലഭമായി ഐകകണ്ഠ്യേന തിരഞ്ഞെടുത്ത ബുദ്ധ മയൂരിയെ കുറിച്ച് കൂടുതൽ അറിയാം ഈ ലേഖനത്തിലൂടെ.

## കമ്മലുത്സവം

**പി കെ ഗോപി**

22

കുളിക്കാൻ പോയ അമ്മയുടെ ഒരു കമ്മൽ ചിറയിലെ വെള്ളത്തിൽ കളഞ്ഞുപോയി. നേന്ത്രക്കുല വിറ്റുകിട്ടിയ കാശു കൊണ്ട് അച്ഛൻ വാങ്ങിക്കൊടുത്തതായിരുന്നു അത്. 'നേരുള്ളതാണെങ്കി അത് തിരിച്ചുകിട്ടും' എന്നു വേദനിക്കുന്ന അമ്മയുടെ കമ്മൽ തിരിച്ചു കിട്ടണേ എന്ന് മക്കളും ഉള്ളുരുകി പ്രാർഥിച്ചു. എന്നിട്ടോ? ഹൃദയസ്പർശിയായ ഈ അനുഭവക്കുറിപ്പ് വായിക്കൂ...



**മുൻമൊഴി** ....................4
സുഗതകുമാരി
**ആനക്കാര്യം** ....................5
രാജീവ് എൻ ടി
**കവിതാപരിചയം**....................11
അക്കിത്തം
**സ്കൂൾഡെയ്സ്**....................15
രാജീവ് എൻ ടി
**ഒരു വിലാപകഥ**....................16
പുനരാഖ്യാനം : ജോളി വർഗീസ്
**എവിടെയിരിക്കും ഞങ്ങൾ പക്ഷികൾ!**....................21
സിന്ധു എൻ പി
**പഴം വരിക്ക**....................26
ഇ പി പവിത്രൻ
**കണികാണാം**....................27
രാജഗോപാലൻ നാട്ടുകൽ
**കിളികൾക്ക് ഒരു കുളിത്തൊട്ടിൽ**...28
റോസ്മേരി
**ഡിക് വിറ്റിംഗ്ടണിന്റെ പൂച്ച**....................32
വെങ്കി
**അവധിക്കാലം അടിച്ചു പൊളിക്കാം**....................36
ഡോ. ബി പത്മകുമാർ
**അവധിക്കാലവും കുഞ്ഞുങ്ങളും**..38
വീണ എം
**കടപയാദി**....................43
പള്ളിയറ ശ്രീധരൻ
**മഹാഭാരതം**....................44
സുഗതകുമാരി
**തർക്കം**....................47
ഉത്തമൻ പാപ്പിനിശ്ശേരി
**ഇളംതളിര്**....................48
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**....................50
**ഉണ്ടാക്കാം**....................55

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ ഫോട്ടോ
**സി സുശാന്ത്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**




വര: സുധീർ പി വൈ



പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

കൊടിയ വേനൽക്കാലം വന്നുകഴിഞ്ഞു. മാവെല്ലാം നിറഞ്ഞു പൂത്തുനിൽക്കുന്നു. കുയിലുകളുടെ കൂജനം ഇടയ്ക്കിടെ കേൾക്കാം. പ്രകൃതി പൊള്ളുകയാണെങ്കിലും ഈ കൊടുംചൂടു മാറി നാളെ മഴ വരാതിരിക്കുമോ? പക്ഷേ കഴിഞ്ഞ വർഷത്തെപ്പോലെ പെരുമഴയും വെള്ളപ്പൊക്കവും മഹാദുരന്തങ്ങളുമായുള്ള മഴക്കാലം നമുക്കു വേണ്ട. കേരളത്തെ അനുഗ്രഹിക്കുന്ന വേനലും മഴയും വരാൻ നമുക്ക് ഭാഗ്യമുണ്ടാകട്ടെ.



ഈ ചൂടിൽ എനിക്ക് തളിര് വായനക്കാരോട് ഒരു അപേക്ഷ ഉണ്ട്. പരീക്ഷയൊക്കെ കഴിഞ്ഞു. അവധിക്കാലവും വരവായി. നിങ്ങൾ ചുറ്റും നോക്കണം. വെള്ളമുണ്ടോ? ആകാശത്ത് പറന്നു






നടന്ന് തളരുന്ന കിളികൾക്ക് കുടിക്കാൻ എവിടെയെങ്കിലും വെള്ളമുണ്ടോ? നിങ്ങളുടെ കൊച്ചുകൈകൾകൊണ്ട് കുറച്ചു മൺചട്ടികളിൽ വെള്ളം ശേഖരിച്ച് അങ്ങുമിങ്ങും മതിലു കൾക്ക് മുകളിലും മരക്കൊമ്പുകളിൽ കെട്ടിത്തൂക്കിയും വയ്ക്കുക. ചിറകുള്ള കൊച്ചുകൂട്ടുകാർ ആ വെള്ളത്തിൽ വന്ന് മുങ്ങിക്കുളിച്ച് വെള്ളംകുടിച്ച്, തുള്ളിക്കളിച്ച്, ചിറകു കുടഞ്ഞ് സന്തോഷത്തോടെ പോകുന്നതുകാണാം. ഇടയ്ക്കിടെ അവർ തമ്മിൽ വെള്ളത്തിന് കൊത്തുകൂടുന്ന കാഴ്ചകളും കണ്ടുരസിക്കാം. ചുണ്ടുവരണ്ട ഒരു കിളിക്ക് ഇറ്റു വെള്ളം കൊടുക്കുന്നത് ദാഹിക്കുന്ന ഒരു കുഞ്ഞിന് മുലപ്പാൽ കൊടുക്കുന്നതുപോലെയാണ്. പ്രകൃതി എന്ന അമ്മയ്ക്ക് ഇവരെല്ലാം സ്വന്തം കുഞ്ഞുങ്ങളാണ്. നന്നായി വരട്ടെ.

സ്നേഹത്തോടെ,
**സുഗതകുമാരി**

**വേനൽക്കാലത്തു പക്ഷി കൾക്കു കുളിക്കാനും കുടി ക്കാനും കുറച്ചു വെള്ളം നമുക്കു കൊടുത്താലോ? അവരെ നിരീക്ഷിക്കാനും പഠിക്കാനും ഈ അവധി ക്കാലത്ത് നിങ്ങൾക്കും ഒരു അവസരമാകും. വിശേഷങ്ങൾ തളിരിലേക്ക് എഴുതണേ.**





മുഖാമുഖം

**അടൂർ ഗോപാലകൃഷ്ണൻ**

# കുട്ടികൾക്കു വേണ്ടി സിനിമയെടുക്കുമ്പോൾ

**തിരുവനന്തപുരം, ശ്രീകാര്യത്തുള്ള മരിയറാണി സെന്ററിൽ സംഘടിപ്പിച്ച യുവസർഗം - ബാലസാഹിത്യ ശില്പശാലയുടെ ഉദ്ഘാടന സമ്മേളനത്തോടനുബന്ധിച്ച് പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്രീ അടൂർ ഗോപാലകൃഷ്ണനുമായി നടത്തിയ മുഖാമുഖം പരിപാടിയിലെ പ്രസക്തഭാഗങ്ങൾ**






***കുട്ടികൾക്കുവേണ്ടി എങ്ങനെയുള്ള സിനിമകളാണ് നിർമിക്കപ്പെടേണ്ടത്?***

കുട്ടികളുടെ ഭാവനയെ ഉദ്ദീപിക്കുന്ന തരത്തിലുള്ള, അവരെ കൂടുതൽക്കൂടുതൽ അന്വേഷണത്തിന് പ്രേരിപ്പിക്കുന്ന സിനിമകളാവണം അവർക്കുവേണ്ടി നിർമിക്കേണ്ടത്. ജീവിതത്തിന്റെ മൂല്യങ്ങളെക്കുറിച്ച് നേരിട്ടു പറയാതെ പരോക്ഷമായി പറയുന്നവയാകണം അവ. ഗുണപാഠം കഥയിലൂടെ അവർക്കു മനസ്സിലാക്കി കൊടുക്കണം.

ഏതുതരം സിനിമയാണ് കുട്ടികൾ കാണാൻ പാടില്ലാത്തത് എന്നു ചോദിച്ചാൽ മുതിർന്നവർ കണ്ട് ആസ്വദിക്കുന്നവയൊന്നും കുട്ടികൾ കാണാൻ പാടില്ല. സീരിയലുകളിൽ കാണുന്ന ദുഷ്ടരായ സ്ത്രീ കഥാപാത്രങ്ങളൊന്നും ശരിക്കും ഇല്ലെന്നു തന്നെ പറയാം. ഇപ്പോൾ വാർത്ത പോലും കുട്ടികളെ കാണിക്കാൻ പറ്റില്ല. അതു മുഴുവൻ വെട്ടും കുത്തും അതിന്റെ വിശകലനവും ഒക്കെ ആണ്. വഴിയിൽ ഒരു ഓന്തിനെ കണ്ടാൽ കുട്ടികൾ കല്ലെറിയുന്നു. എന്തുകൊണ്ടാണത്? കൃത്യമായി അറിയാം അതു തിരിച്ചു കടിക്കില്ല എന്ന്. ഒരു പശുവിനെ കണ്ടാൽ അവർ കല്ലെറിയുമോ? എന്താ കാരണം? ബലഹീനരെ, പ്രതിരോധിക്കാൻ കഴിവില്ലാത്തവരെ ഒക്കെയാണ് എല്ലാവരും ആക്രമിക്കുന്നത്. കുട്ടികളിൽ ഇത്തരം അക്രമവാസന പ്രോത്സാഹിപ്പിക്കാൻ പാടില്ല.

നമ്മളെല്ലാം പ്രത്യേകതരം പാരസ്പര്യത്തിലാണ് ജീവിക്കുന്നതെന്ന് കൊച്ചു കുഞ്ഞായിരിക്കുമ്പോഴേ കുട്ടികൾ അറിഞ്ഞിരിക്കണം. ഒരു ജീവിയെയും ഉപദ്രവിക്കരുത്. നമുക്കു നോവുന്നതുപോലെ തന്നെ അതിനും നോവും എന്ന് കുട്ടികളെ പഠിപ്പിക്കണം.

***നമ്മളെല്ലാം പ്രത്യേകതരം പാരസ്പര്യത്തിലാണ് ജീവിക്കുന്നതെന്ന് കൊച്ചു കുഞ്ഞായിരിക്കുമ്പോഴേ കുട്ടികൾ അറിഞ്ഞിരിക്കണം. ഒരു ജീവിയെയും ഉപദ്രവിക്കരുത്. നമുക്കു നോവുന്നതുപോലെ തന്നെ അതിനും നോവും എന്ന് കുട്ടികളെ പഠിപ്പിക്കണം.***

***കുട്ടിക്കാലത്തെക്കുറിച്ച് ഒന്നുപറയാമോ?***

അതുപറയാനാണെങ്കിൽ ഒരുപാടുണ്ട്. പണ്ട് അർജുനന്റെ പോലുള്ള സിദ്ധി എനിക്കുമുണ്ടായിരുന്നു. ഞാൻ ഏതു മാങ്ങയ്ക്കോ, പറങ്കി മാങ്ങയ്ക്കോ കല്ലെടുത്തെറി

*സാഹിത്യസൃഷ്ടിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കവിത. നമ്മെ പുതിയ അറിവിലേക്കു നയിക്കുന്നതായിരിക്കണം ഒരു നല്ല സൃഷ്ടി. അത് കഥയോ കവിതയോ ലേഖനമോ സിനിമയോ എന്തുമാകാം. അങ്ങനെയാണെങ്കിൽ കുട്ടികളുടെ സ്വാഭാവികമായ ഭാവനയെ വളർത്താൻ അതു സഹായകമാകും.*




ഞാൽ അതു കൃത്യമായി വീഴുമായിരുന്നു. ഒരിക്കൽ ഞാൻ ഒരു മൂങ്ങയെ കല്ലെടുത്തെറിഞ്ഞു. അതു താഴെ വീണു. അതിനെ കൊല്ലണമെന്നു വിചാരിച്ചല്ലായിരുന്നു ഞാൻ കല്ലെറിഞ്ഞത്. പക്ഷേ ഈ സംഭവം എന്നെ വല്ലാതെ വിഷമിപ്പിച്ചു. അതിനുശേഷം ഞാൻ ഒരു ജീവിയേയും നോവിച്ചിട്ടില്ല. ഇന്നും ആ സംഭവം എന്നെ വിഷമിപ്പിക്കുന്നു.

***കുട്ടികളുടെ ഭാവനയെ വളർത്താൻ എന്തു ചെയ്യണം?***



ഒരിക്കലും ഭാവനയെ മന:പൂർവം വളർത്താൻ കഴിയില്ല. അവരുടെ ഭാവനയെ മുരടിപ്പിക്കാതിരിക്കാൻ നമ്മൾ ശ്രദ്ധിച്ചാൽ മതി. സർഗവാസനയുള്ളവരെ പ്രോത്സാഹിപ്പിച്ച് കവിതയെഴുതിപ്പിക്കാൻ കഴിയും. അല്ലാതെ എല്ലാവർക്കും കവിത എഴുതാൻ കഴിയില്ല. അങ്ങനെ എഴുതിയാൽ കവിത അധഃപതിച്ചുപോകും. സാഹിത്യസൃഷ്ടിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കവിത. നമ്മെ പുതിയ അറിവിലേക്കു നയിക്കുന്നതായിരിക്കണം ഒരു



ഒറ്റകുട്ടിയോ അല്ലെങ്കിൽ രണ്ട് കുട്ടികളൊക്കെയേ കാണാറുള്ളൂ. അതുകൊണ്ടുതന്നെ രക്ഷകർത്താക്കളുടെ അമിതമായ ശ്രദ്ധ ഇവരിലുണ്ടാകും. യാതൊരു വ്യായാമവുമില്ലാതെ, മനുഷ്യരുമായി യാതൊരു ബന്ധവുമില്ലാതെ സ്കൂളും ട്യൂഷനും ഒക്കെയായി ജീവിക്കുന്ന അവർക്ക് ക്രമേണ പഠിത്തത്തോടുതന്നെ വെറുപ്പാകും. ഇന്നത്തെ രക്ഷകർത്താക്കളെ സംബന്ധിച്ചിടത്തോളം ഡോക്ടറും എൻജിനീയറും എന്നീ രണ്ടു ജോലികളെ ആകെയുള്ളൂ. ഡോക്ടറും എൻജിനീയറുമല്ലാതെ എത്രയോ ജോലികളുണ്ട് നമുക്കു ചുറ്റും. നാമതു കണ്ടുപിടിക്കണം. ഒരു കാരണവശാലും അച്ഛനും അമ്മയ്ക്കും ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ മക്കളെക്കൊണ്ട് ചെയ്യിക്കാൻ നോക്കരുത്. എന്താകാനാണ് കുട്ടികൾക്ക് ആഗ്രഹം എന്നു മനസ്സിലാക്കി അതിനെ പ്രോത്സാഹിപ്പിക്കുന്നവരാണ് തീർച്ചയായും നല്ല രക്ഷകർത്താക്കൾ.

ഇന്നത്തെ ഈ രീതി മാറണമെങ്കിൽ ആദ്യം ട്യൂഷൻ എന്ന ഏർപ്പാട് നിരോധിക്കണം.




നല്ല സൃഷ്ടി. അത് കഥയോ കവിതയോ ലേഖനമോ സിനിമയോ എന്തുമാകാം. അങ്ങനെയാണെങ്കിൽ കുട്ടികളുടെ സ്വാഭാവികമായ ഭാവനയെ വളർത്താൻ അതു സഹായകമാകും.

***കുട്ടികൾ വായനയിലേക്കു തിരിയുന്നതിന് വിദ്യാസമ്പന്നരായ രക്ഷകർത്താക്കൾ തടസ്സം നിൽക്കുന്നതായി പലപ്പോഴും തോന്നിയിട്ടുണ്ട്. ഇത് സർഗവാസനയിൽ നിന്നും പിന്നോട്ടുപോകാൻ കാരണമാകുന്നില്ലേ?***

ശരിയാണ്. പഠനത്തിന്റെ അമിതഭാരംമൂലം കുട്ടികൾ ഇന്ന് വായനയിൽനിന്നും പിന്തിരിയുന്നുണ്ട്. ഇന്ന് പല വീടുകളിലും





ഒരുപാടു സാധ്യത യുള്ള ഈ മേഖല വേണ്ടതുപോലെ നാം ഉപയോഗിക്കുന്നില്ല എന്നതാണ് വാസ്തവം. സിനിമ കാണാൻ കേറുന്നവരാകരുത് തിരിച്ചിറങ്ങുന്നത്. അവർ ലോകത്തെ പ്പറ്റി, ജീവിതത്തെപ്പറ്റി കുറച്ചുകൂടി ധാരണ കളും അനുഭവങ്ങളും നേടി വേണം പുറത്തി റങ്ങുവാൻ.



അധ്യാപനം തൊഴിലായെടുത്തവർ കൃത്യമായി തങ്ങളുടെ ജോലിയിൽ പൂർണമായി ശ്രദ്ധ ചെലുത്തണം. തന്റെ ക്ലാസ്സിൽ വന്നിരിക്കുന്ന കുട്ടിയുടെ ഭാവി മുഴുവൻ തന്റെ കൈയിലാണെന്ന് ബോധമുണ്ടാവണം ഓരോ അധ്യാപകനും. അധ്യാപകരെ ആ വൃത്തിയിലേക്കു കൊണ്ടുവരുന്നതിനു മുമ്പ് അഭിരുചി പരീക്ഷ (Aptitude Test) നടത്തുന്നതു നന്നായിരിക്കും. മറ്റേതു ജോലിയേക്കാളും ഭാവനയും താത്പര്യവും ആവശ്യമുള്ള മേഖലയാണ് ഇത്.

അമേരിക്കയിലൊക്കെ അധ്യാപകരെ മൂല്യനിർണയം നടത്തുന്നത് സ്കൂൾ മാനേജ്മെന്റ് മാത്രമല്ല. അതിൽ വിദ്യാർഥികൾക്കും പങ്കുണ്ട്. ഒരു വിദ്യാർഥിയുടെ സംശയം ദുരീകരിക്കുന്നതിനുള്ള പാടവം അധ്യാപകനുണ്ടായിരിക്കണം. അല്ലെങ്കിൽ അതവരുടെ ജോലിയെ തന്നെ ബാധിക്കും. അക്ഷരാർഥത്തിൽ അധ്യാപകർ അവിടെ മുൾമുനയിലാണെന്നു തന്നെ പറയാം.

***തിരക്കഥാരചന പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായം?***

ഈ രീതിയോട് എനിക്ക് യോജിപ്പില്ല. അത് തെറ്റാണ് എന്നാണ് എന്റെ അഭിപ്രായം. വിദ്യാർഥികൾക്കിടയിൽ സിനിമയെക്കുറിച്ച് അവബോധമുണ്ടാക്കണം എന്നു പറയുമ്പോൾ അതിനുവേണ്ടി കാമ്പെയിൻ ചെയ്യുന്ന ആളാണ് ഞാനും. കുട്ടികൾ സിനിമയെടുക്കുമ്പോൾ കുട്ടികൾക്കുവേണ്ടി പലപ്പോഴും അധ്യാപകർ തന്നെയാകും സംവിധാനം ചെയ്യുന്നതും മറ്റും. കുട്ടികളെ നിർബന്ധമായും വായിപ്പിക്കുവാൻ അധ്യാപകർക്കു കഴിയണം. യു പി എസ് സിയുടെ ഇന്റർവ്യൂകളിൽ സ്ഥിരമായി ചോദിക്കുന്ന ചോദ്യം അവസാനം വായിച്ച പുസ്തകം ഏതാണെന്നാണ്. സ്വാഭാവികമായി വായിക്കുന്ന കുട്ടികളെ തോൽപ്പിക്കാനൊക്കില്ല.

സിനിമയെകുറിച്ച് അടിസ്ഥാനപരമായുള്ള പാഠങ്ങളാണ് കുട്ടികൾക്കാവശ്യം . അതിനു വേണ്ടി നല്ല സിനിമകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക. സ്കൂളുകളിൽ ഇന്ന് അതിനുള്ള എല്ലാ സജ്ജീകരണങ്ങളും ഉണ്ട്. ഒരുപാടു സാധ്യതയുള്ള ഈ മേഖല വേണ്ടതുപോലെ നാം ഉപയോഗിക്കുന്നില്ല എന്നതാണ് വാസ്തവം. സിനിമ കാണാൻ കേറുന്നവരാകരുത് തിരിച്ചിറങ്ങുന്നത്. അവർ ലോകത്തെപ്പറ്റി, ജീവിതത്തെപ്പറ്റി കുറച്ചുകൂടി ധാരണകളും അനുഭവങ്ങളും നേടി വേണം പുറത്തിറങ്ങുവാൻ.

# ദേശീയസമ്പാദ്യം

**മഹാകവി അക്കിത്തം**

അച്ഛനേകി വിഷുക്കൈനേട്ട,മപ്പണം
കൊച്ചുകുടുക്കയിലിട്ടു പുത്രൻ.
ആട്ടിന്റെ കൂടിൻചുവട്ടിൽ കുഴിച്ചിട്ടി-
താപ്പണം സൂത്രത്തിലന്നുതന്നെ.

അഞ്ചു വിഷുക്കണി കണ്ടശേഷം ചെന്നി-
ട്ടച്ഛന്റെ കാതിൽ പറഞ്ഞു പുത്രൻ
''അഞ്ചുണ്ടുറുപ്പികയിപ്പോൾ കുടുക്കയി-
ലത്രയും പോരയോ കാറു വാങ്ങാൻ?''

കൈയിലിരിക്കും കുടുക്കകൊണ്ടെന്താണു
ചെയ്യേണ്ടതെന്നു പരുങ്ങിയച്ഛൻ,
''അഞ്ചുരൂപയ്ക്കു കാറെങ്ങുകിട്ടും? കാറി-
നയ്യായിരംകൂടിപ്പോര, കുഞ്ഞേ!''

അമ്പരന്നൂ പുത്രനാ വാക്കു കേട്ടവാ-
റശ്രുപൊടിഞ്ഞു കടമിഴിയിൽ
അച്ഛനെക്കൂടിയും കാണാതെയാക്കുന്നൊ-
രന്ധകാരം വന്നവനെ മൂടി.

അമ്മയുണ്ടപ്പൊഴേക്കെങ്ങുനിന്നോ വന്നി-
ട്ടുമ്മറവാതിലിൽ ചാരിനിൽപ്പൂ.
''വേണ്ടതെന്താണെന്നോ? ദേശീയസമ്പാദ്യ-
ബോണ്ടു വാങ്ങിക്കണമിന്നുതന്നെ.''

ആ മൊഴി കേട്ടപ്പോൾ ചാരുകസേലയിൽ
ഭൂമികുലുക്കമുണ്ടായപോലെ,
ചാടിയെണീക്കയാണച്ഛനമ്പോ, ചായ-
ച്ചൂടാറുംമുമ്പായുടുപ്പുമിട്ടു.

ഉണ്ടായതെന്തൊക്കെയാണു പിന്നീടെന്ന-
തുണ്ണിക്കശേഷം വിവരമില്ല.
ആറാമതും വിഷു വന്നപ്പോൾ കൊന്നക-
ളാകവേ പൂത്തതവന്നറിയാം.

ആട്ടിനെപ്പുത്രൻ പുലാവില തീറ്റുമ്പോൾ
കേട്ടുവിളിക്കുന്നു തപ്പാൽക്കാരൻ
''ദേശീയ സമ്പാദ്യബോണ്ടു സമ്പാദിച്ച
ദേശാഭിമാനിയീ വീട്ടിലല്ലേ?''

കാലത്തു കണ്ണുമിഴിച്ചവാറിന്നവൻ
കാറിൽ കയറിയിരുന്നിടുന്നു
കാപ്പിക്കായമ്മ വിളിച്ചു കൂവുമ്പോഴും
കാറിന്റെ ഹോറനടിച്ചിടുന്നു.

കാറു പായിക്കുന്നതച്ഛനാണെങ്കിലും
ഹോറനടിപ്പതു താനൊരുത്തൻ!



വര: സുധീർ പി വൈ

ഫീച്ചർ



# ബുദ്ധമയൂരി - സംസ്ഥാന ചിത്രശലഭം



പി കെ ഉത്തമൻ, ഫോട്ടോ : സി സുശാന്ത്

**മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ ഇക്കഴിഞ്ഞ വൈൽഡ്ലൈഫ്ബോർഡിന്റെ യോഗത്തിൽ വച്ച് ബുദ്ധമയൂരിയെ സംസ്ഥാന ചിത്രശലഭമായി ഐകകണ്ഠ്യേന തിരഞ്ഞെടുത്തു. മുമ്പ് കേരളത്തിലാരും ചിത്രശലഭങ്ങളെ കാര്യമായി നോക്കിയിരുന്നില്ല. ഈയടുത്ത കാലത്ത് ഇവിടെ പലരും ചിത്രശലഭങ്ങളെ ശ്രദ്ധിക്കുകയും അവയെ തിരിച്ചറിഞ്ഞ് പേരിടുകയും ചിത്രശലഭോദ്യാനങ്ങൾ ഉണ്ടാക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. പുതിയ തലമുറയുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് ഭംഗ്യന്തരേണയുള്ള അംഗീകാരം കൂടിയാണ് സംസ്ഥാന ചിത്രശലഭം എന്ന ബഹുമതി.**

ഭൂമിയിലെ ഏറ്റവും സുന്ദരങ്ങളായ വസ്തുക്കളുടെ കൂട്ടത്തിൽപ്പെടുന്നവയാണ് ചിത്രശലഭങ്ങൾ. പൂക്കളോളം വർണ്ണഭംഗിയും വർണ്ണവൈവിധ്യവുമുള്ളവ. അതുകൊണ്ടാണ് പൂന്തോട്ടത്തിൽ പറക്കുന്ന ചിത്രശലഭങ്ങളെ കണ്ടപ്പോൾ, കുമാരനാശാന്റെ കവിതയിലെ കുട്ടിക്ക് അവ പൂക്കളാണെന്ന് തോന്നിപ്പോയത്.

"ഈ വല്ലിയിൽ നിന്നു ചെമ്മേ പൂക്കൾ
പോകുന്നിതാ പറന്നമ്മേ!"

അനവധി ഇരുണ്ട നിറക്കാരുണ്ടെങ്കിലും, ധാരാളം ചിത്രശലഭങ്ങൾ രത്നങ്ങളെപ്പോലെ പ്രശോഭിക്കുന്നവയാണ്. ഈ ജീവനുള്ള രത്നങ്ങളിൽ ഏറ്റവം തിളക്കമാർന്ന ഒന്നിനെയാണ് ഈയിടെ കേരള ഗവൺമെന്റ് സംസ്ഥാന ചിത്രശലഭമായി തെരഞ്ഞെടുത്തത്.

മുമ്പ് കേരളത്തിലാരും ചിത്രശലഭങ്ങളെ കാര്യമായി നോക്കിയിരുന്നില്ല. അതുകൊണ്ടല്ലേ നമ്മുടെ മുറ്റത്തും തൊടിയിലും കാവുകളിലും എന്നും കാണുന്ന ചിത്രശലഭങ്ങൾക്കൊന്നിനുപോലും മലയാളത്തിൽ പേരില്ലാത്തത്.

ഈയടുത്തകാലത്ത് ഇവിടെ പലരും ചിത്രശലഭങ്ങളെ ശ്രദ്ധിച്ച് തുടങ്ങിയിട്ടുണ്ട്. ചിത്രശലഭങ്ങളെ തിരിച്ചറിഞ്ഞ് പേരിടുകയും അവയെപ്പറ്റി മലയാള

ത്തിൽ എഴുതുകയും ചിത്ര ശലഭോദ്യാനങ്ങൾ ഉണ്ടാക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. പുതിയ തലമുറയുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് ഭംഗ്യന്തരേണയുള്ള അംഗീകാരം കൂടിയാണ് സംസ്ഥാന ചിത്രശലഭം എന്ന ബഹുമതി.

സംസ്ഥാന ചിത്രശലഭത്തിന്റെ പേര് ബുദ്ധമയൂരി എന്നാണ്. ഇന്ത്യയിലെ ഏറ്റവും സുന്ദരങ്ങളായ, ലോകത്തിലെ തന്നെ ഏറ്റവും കണ്ണഞ്ചിപ്പിക്കുന്ന ഒരു കൂട്ടം വലിയ ഇന്ത്യൻ ചിത്രശലഭങ്ങളെ പൊതുവെ ഇംഗ്ലീഷിൽ പീക്കോക്ക് (Peacock) എന്ന് വിളിക്കുന്നു. പാരീസ് പീക്കോക്ക്, കോമൺ പീക്കോക്ക്, കോമൺ ബാൻഡഡ് പീക്കോക്ക്, മലബാർ ബാൻഡഡ് പീക്കോക്ക് എന്നിങ്ങനെ. മലബാർ ബാൻഡഡ് പീക്കോക്ക് (Malabar Banded Peacock) ആണ് ബുദ്ധമയൂരി. ഇതിന്റെ ശാസ്ത്രനാമം പാപ്പിലിയോബുദ്ധ (Papilio Budha) എന്നാണ്. ഇംഗ്ലീഷ് പേരും ശാസ്ത്രനാമവും ചേർത്താണ് ആരോ ബുദ്ധമയൂരി എന്ന പേരുണ്ടാക്കിയത്. അങ്ങനെ ചെയ്തപ്പോൾ അവർക്കൊരു തെറ്റുപറ്റി. 'പീക്കോക്ക്' മയൂരമാണ്. 'പീഹെൻ' ആണ് മയൂരി – പെൺമയിൽ. ബുദ്ധമയൂരം ആണ് കൂടുതൽ ഉചിതമായ പേര്. നമുക്ക് അങ്ങനെ തന്നെ വിളിക്കാം. പാരീസ് മയൂരം, സാധാരണ മയൂരം, ബുദ്ധമയൂരം, പട്ടച്ചിറകൻ മയൂരം എന്നിങ്ങനെ.

ഇന്ത്യയിലെ ഏറ്റവും മനോഹരമായ ചിത്രശലഭം ഏതെന്ന് തീരുമാനിക്കാൻ 'ബട്ടർഫ്ളൈസ് ഓഫ് ഇന്ത്യൻ റീജിയൻ' എന്ന സുന്ദരമായ പുസ്തകമെഴുതിയ എം എ വിന്റർ-ബ്ലിത്ത് ഒരു പരീക്ഷ നടത്തി. ബുദ്ധമയൂരത്തിന് (മയൂരിക്ക്) മൂന്നാം സ്ഥാനമേ ലഭിച്ചുള്ളൂ. പിൻചിറകിൽ വലിയ നീലപ്പുള്ളികളുള്ള പാരീസ് മയൂരത്തിനും സാധാരണ മയൂരത്തിനുമാണ് ഒന്നാമത്തെയും രണ്ടാമത്തെയും സ്ഥാനങ്ങൾ ലഭിച്ചത്. എങ്കിലും ബുദ്ധമയൂരം (മയൂരി) തന്നെയാണ് ഒന്നാമൻ എന്ന് വിശ്വസിക്കുന്നവർ ധാരാളമുണ്ട് ചിത്രശലഭ നിരീക്ഷകരിൽ. സൗന്ദര്യം വ്യക്തിനിഷ്ഠമായ കാര്യം കൂടിയാണ്.

ആൺമയിലിന്റെ കഴുത്തിലെ നിറത്തിന് ഇംഗ്ലീഷിൽ പീക്കോക്ക് ബ്ളൂ (മയിൽനീല) എന്നാണ് പറയുന്നത്. (പെൺമയിലിന്റെ കഴുത്ത് പച്ചയാണ്). ചിത്രശലഭങ്ങളുടെ ചിറകിലെ പുള്ളികൾക്കും പട്ടകൾക്കും നീലനിറമായതുകൊണ്ടാവാം അവയ്ക്കു പേരിടാൻ സമയത്ത് സായിപ്പന്മാർ മയിലിനെ ഓർത്തത്.

ഇന്ത്യയിലെ സാമാന്യം വലുപ്പമുള്ള ചിത്രശലഭങ്ങളിലൊന്നാണ് ബുദ്ധമയൂരി (മയൂരം). ഇന്ത്യയിലെ ഏറ്റവും വലിയ ചിത്രശലഭം ഗരുഡക്കൊടി ശലഭമാണ് (Southern Birdwing). അതിന്റെ ചിറകകലം 14–19 സെന്റിമീറ്ററാണ്. ബുദ്ധമയൂരിയുടേത് 9–10 സെന്റിമീറ്ററും പാരീസ് മയൂരം അതിലും വലുതാണ്. ചിറകകലം 9–14 സെന്റിമീറ്റർ.

ബുദ്ധമയൂരിയുടെ ചിറകുകളുടെ നിറം കറുപ്പാണ്. പുറംചിറകിൽ കുറുകെ വീതിയുള്ള ഒരു പട്ടയുണ്ട്. ഇത് മുൻചിറകിന്റെ മുന്നറ്റത്തുനിന്ന് പിൻചിറകിന്റെ പിന്നറ്റം വരെ പോകുന്നു. ഈ പട്ടയുടെ നിറം തിളങ്ങുന്ന നീലയാണെങ്കിലും, പ്രകാശത്തിന്റെ ദിശയനുസരിച്ച് പച്ചയും മഞ്ഞയുമൊക്കെ കലർന്ന് കാണാം.

രാവിലെയും വൈകുന്നേരവും വെയിൽ കായാൻ വേണ്ടി മരച്ചില്ലകളുടെ തുഞ്ചത്ത് ചിറകുവിടർത്തി തൂങ്ങിക്കിടക്കുന്ന പതിവുണ്ട് പല ചിത്രശലഭങ്ങൾക്കും. ആ സമയത്ത് സൂര്യകിരണങ്ങൾ നേരിട്ട് ബുദ്ധമയൂ

**ബുദ്ധമയൂരിയുടെ ചിറകുകളുടെ നിറം കറുപ്പാണ്. പുറംചിറകിൽ കുറുകെ വീതിയുള്ള ഒരു പട്ടയുണ്ട്. ഇത് മുൻചിറകിന്റെ മുന്നറ്റത്തുനിന്ന് പിൻചിറകിന്റെ പിന്നറ്റം വരെ പോകുന്നു. ഈ പട്ടയുടെ നിറം തിളങ്ങുന്ന നീലയാണെങ്കിലും, പ്രകാശത്തിന്റെ ദിശയനുസരിച്ച് പച്ചയും മഞ്ഞയുമൊക്കെ കലർന്ന് കാണാം.**


ബുദ്ധമയൂരി


രത്തിന്റെ ചിറകിൽ തട്ടുന്നത് കണ്ടാൽ ഏതോ ഇന്ദ്രനീല പ്രകാശം നമ്മുടെ മുഖത്തടിക്കുകയാണെന്ന് തോന്നിപ്പോകും.

ചിത്രശലഭങ്ങളെല്ലാം മുട്ടയിട്ടാണ് വംശവർധന നടത്തുന്നത്. മുട്ട വിരിഞ്ഞ് ചെറിയ പുഴു (ലാർവ) ഉണ്ടാകുന്നു. ഇലകൾ തിന്ന് ലാർവ വളരുന്നു. വളർച്ച പൂർത്തിയാവുമ്പോൾ പുഴു അതിന്റെ ദേഹത്തുനിന്നു തന്നെയുള്ള സ്രവം ഉപയോഗിച്ച് കൂടുനിർമ്മിച്ച് അതിനുള്ളിൽ തപസ്സാരംഭിക്കുന്നു. ഈ അവസ്ഥയിൽ ചിത്രശലഭത്തെ പ്യൂപ്പ എന്ന് വിളിക്കുന്നു. തപസ്സിന്റെ ഒടുവിൽ ശലഭക്കൂട് പൊട്ടിച്ച് പൂർണ്ണ വളർച്ചയായ, വർണ്ണശബളമായ ചിത്രശലഭം പുറത്തു വരുന്നു. ഓരോ ജാതി ചിത്രശലഭത്തിന്റെയും പുഴു ഒരു പ്രത്യേക ജാതി മരത്തിന്റെ/ ചെടിയുടെ ഇല മാത്രമേ ഭക്ഷിക്കുകയുള്ളൂ. ആ ഇല കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അത് പട്ടിണികിടന്ന് ചത്തുപോകും. മുള്ളിലം എന്ന മരത്തിന്റെ ഇല തിന്നാണ് ബുദ്ധമയൂരിയുടെ പുഴുക്കൾ വളരുന്നത്.

പശ്ചിമഘട്ടത്തിൽ (സഹ്യപർവതത്തിൽ) മാത്രം കാണുന്ന ഒരു ചിത്രശലഭമാണ് ബുദ്ധമയൂരി. ഗോവ മുതൽ മലബാർ വരെയാണ് അധികമായി കാണുന്നത്. തെക്കൻ കേരളത്തിൽ അപൂർവമാണ്. നിത്യഹരിതവനങ്ങളിലും അർധനിത്യഹരിതവനങ്ങളിലും ഇവയ്ക്കടുത്തുള്ള തോട്ടങ്ങളിലും പുരയിടങ്ങളിലും ഈ ചിത്രശലഭത്തെ കാണാം. അധികവും വൃക്ഷങ്ങളുടെ മേലാപ്പിൽ കഴിയുന്നതുകൊണ്ട് കണ്ടുപിടിക്കാൻ വിഷമമാണ്. അരിപ്പൂച്ചെടിയുടെയും കൃഷ്ണകിരീടത്തിന്റെയും പെരുവലത്തിന്റെയും മറ്റും തേനുണ്ണാനാണ് ഇടയ്ക്ക് താഴേക്കിറങ്ങുന്നത്. ലവണങ്ങൾ ശേഖരിക്കാൻ ഈർപ്പമുള്ള നിലത്ത് വന്നിരിക്കാറുണ്ട്.


ജന്തുക്കളുടെ കൂട്ടത്തിൽ ഷഡ്പദങ്ങളുടെ വർഗത്തിലാണ് ചിത്രശലഭങ്ങൾ ഉൾപ്പെടുന്നത്. ജന്തുലോകത്തിലെ ഏറ്റവും വലിയ വർഗമാണ് ഷഡ്പദങ്ങളുടേത്. ജന്തുജാതികളിൽ ഏതാണ്ട് മുക്കാൽഭാഗം ഈ വർഗത്തിൽപ്പെടും. വണ്ടുകളും ചിത്ര-നിശാശലഭങ്ങളും ഉറുമ്പുകളും ഈച്ചകളും കടന്നലുകളുമെല്ലാം ഷഡ്പദങ്ങളാണ്. ആറുകാലുള്ളവയാണ്. ചിത്രശലഭങ്ങളും നിശാശലഭങ്ങളും ഒരൊറ്റ ഗണത്തിൽപ്പെടുന്നവയാണ്. ചിത്രശലഭങ്ങൾ പകലും നിശാശലഭങ്ങൾ രാത്രിയിലും സജീവമായിരിക്കുന്നു എന്നതാണ് പ്രധാന വ്യത്യാസം. വർണ്ണ-രൂപവൈചിത്ര്യങ്ങളിലും വൈവിധ്യത്തിലും ചിത്രശലഭങ്ങൾക്കൊപ്പം നിൽക്കുന്നവയാണ് നിശാശലഭങ്ങളും. പരിചയമില്ലാത്തവർക്ക് ഇരുകൂട്ടരെയും തിരിച്ചറിയാൻ തന്നെ വിഷമമായിരിക്കും.

താരതമ്യേന ചെറിയ ജീവികളാണ് ഷഡ്പദങ്ങളെല്ലാം. പക്ഷേ അവയിൽ ഓരോ വിഭാഗത്തിന്റെയും ജീവിതം അത്ഭുതകരമാണ്. തേനീച്ചകളുടെയോ ചിതലുകളുടെയോ അത്ര ഉയർന്ന സാമൂഹ്യബോധം മനുഷ്യനുപോലുമില്ല. ഈ ചെറുജീവികൾക്കോരോന്നിനും ഭൂമിയിൽ ജീവന്റെ നിലനില്പിൽ നിർണായകമായ പങ്കുണ്ട്. മൂന്നര ലക്ഷത്തോളം വരുന്ന വണ്ടുകളില്ലെങ്കിൽ മിക്ക മരങ്ങൾക്കും ചെടികൾക്കും വിത്തുണ്ടാവുകയില്ല; അവ നിലനിൽക്കുകയില്ല. ഭൂമിയിലാർക്കും ആഹാരം ഉണ്ടാവുകയില്ല. ആനയെയും കടുവയെയും മയിലിനെയും പോലെയുള്ള വലിയവരോടൊപ്പം വണ്ടിനെയും ഉറുമ്പിനെയും എട്ടുകാലിയെയും പോലെയുള്ള ചെറിയവരെയും സ്നേഹിക്കുക. കാടുകൾ വെട്ടിയും തണ്ണീർത്തടങ്ങൾ നികത്തിയും തീയിട്ടും വേട്ടയാടിയും വിഷം വിതറിയും ഈ ചെറിയവരുടെ കുലങ്ങളും നശിപ്പിക്കാതിരിക്കുക. ലോകാനുരാഗം-അതാണ് ചെറിയൊരു കാട്ടുശലഭത്തെ സംസ്ഥാനത്തിന്റെ പ്രതീകമാക്കി വാഴിക്കുന്നതിലെ സന്ദേശം.



# സ്കൂൾ ഡെയ്സ്

രാജീവ് എൻ ടി



കഥ

# ഒരു വിലാപകഥ


**ആന്റൺ ചെക്കോവ്**

പുനരാഖ്യാനം

**ജോളി വർഗീസ്**


**(റഷ്യൻ ചെറുകഥാകൃത്ത് ആന്റൺ ചെക്കോവിന്റെ "The Lament" എന്ന ചെറുകഥയുടെ പുനരാവിഷ്ക്കാരം.)**

മൂവന്തി സമയം. അപ്പോൾ തെളിയിച്ച തെരുവ് വിളക്കുകൾക്ക് ചുറ്റുമായി, മഞ്ഞിൻ കണങ്ങൾ വട്ടം കറങ്ങി പറക്കുകയും, നേർത്ത പാളികളായി, മേൽക്കൂരകളിലും, കുതിരകളുടെ പുറത്തും, വഴിയാത്രക്കാരുടെ തോളുകളിലും തൊപ്പികളിലും വീണ് അടിയുകയും ചെയ്തു. വണ്ടിക്കാരൻ അയോണ പോറ്റ്പ്പോവ് വിളറി വെളുത്ത് ഒരു പ്രേതംപോലെ, ഒരു മനുഷ്യ ശരീരത്തിന് കൂനിക്കൂടാവുന്നത്ര, വളഞ്ഞുകൂടി അവിടെ ഇരുന്നു. കാറ്റടിച്ച് കൂട്ടുന്ന മഞ്ഞിൻ കൂമ്പാരം അയാളുടെ ശരീരത്തിൽ വീണാലും അതു കുടഞ്ഞ് കളയേണ്ട കാര്യമില്ലെന്ന് അയാൾ ചിന്തിക്കും. അത്രമാത്രം മരവിച്ച മനസ്സ്. അയാളുടെ ഹൃദയവേദന ആരോട് പറയും? അയാളുടെ വിളറി ക്ഷീണിച്ച ചെറിയ കുതിരയും അനക്കമില്ലാതെ ഒരു നിൽപ്പാണ്. കുതിരയും അഗാധ ചിന്തകളിൽ മുഴുകി നിൽക്കയാണ്. കഴുത്തിലെ നുകം അഴിച്ചു മാറ്റി, സാധാരണ നിൽക്കുന്ന ഉണങ്ങിയ സ്ഥലത്തു നിന്ന് അകലെ, ചുറ്റും കണ്ണഞ്ചിക്കുന്ന പ്രകാശവും നിലയ്ക്കാത്ത ശബ്ദകോലാഹലവും, തിരക്കിട്ട് പായുന്ന മനുഷ്യരും ഒക്കെയുള്ള ഒരു ചെളിക്കുണ്ടിൽ നിർത്തിയാൽ കുതിരയും അഗാധ ചിന്തകളിൽ മുഴുകും.

അയോണും അയാളുടെ ചെറിയ കുതിരയും വളരെ നേരമായി അവിടെത്തന്നെ നിൽക്കയാണ്. ഉച്ചഭക്ഷണത്തിനു മുമ്പ് അവർ വണ്ടിക്കാരുടെ താവളത്തിൽ നിന്ന് ഇറങ്ങിയതാണ്. വൈകുന്നേരം വരെ ഭക്ഷണം കഴിച്ചിട്ടില്ല, ഭക്ഷണത്തിനുള്ള വക നേടിയിട്ടുമില്ല. സന്ധ്യാവേളയിലെ മൂടൽമഞ്ഞ് നഗര



വര: ടി ആർ രാജേഷ്

ത്തിനു മുകളിൽ വീണുറഞ്ഞു.

‘എടോ വണ്ടിക്കാരാ... വിബോർഗ്ഗ് വ്വേയിലേക്ക്...’’

അയോണ തന്റെ അരികിൽ പെട്ടെന്ന് ഒരു ശബ്ദം കേട്ടു.

അയാൾ ഞെട്ടിപ്പിടഞ്ഞ് നോക്കി. മഞ്ഞിൻ കണങ്ങൾ വീണുറങ്ങുന്ന കൺപീലികൾക്കിടയിലൂടെ, ഔദ്യോഗികവസ്ത്രം ധരിച്ച ഒരു പട്ടാള ഉദ്യോഗസ്ഥൻ തന്റെ അരികിൽ നിൽക്കുന്നത് കണ്ടു.

‘‘വിബോർഗ്ഗ് വ്വേ... എന്താ പറഞ്ഞത് കേട്ടില്ലേ...’’ അയാൾ ആവർത്തിച്ചു.

ചെറുതായി ഒന്ന് തല കുലുക്കി. സമ്മതം അറിയിച്ചുകൊണ്ട് അയോണ, കടിഞ്ഞാൺ കൈയിലെടുത്തു. പട്ടാളക്കാരൻ ഹിമവണ്ടിയിൽ കയറി ഇരുന്നു. വണ്ടിക്കാരൻ ഒരു സീൽക്കാരശബ്ദം പുറപ്പെടുവിച്ച്, കുതിരയ്ക്ക് ഉത്സാഹം പകർന്നു. ആവശ്യമുണ്ടായില്ലെങ്കിലും, പതിവ് ശീലം അനുസരിച്ച് അയാൾ ചാട്ട ചുഴറ്റി വീശുകയും ചെയ്തു. ആ ചെറിയ കുതിര തന്റെ കഴുത്ത് നീട്ടി, ചുള്ളിക്കമ്പ്പോലെയുള്ള കാലുകൾ കുടഞ്ഞ്, എങ്ങോട്ടെന്ന് നിശ്ചയമില്ലാതെ ലേശം മുമ്പോട്ട് നീങ്ങി.

‘‘എടോ.. മരക്കഴുതേ...’’ വണ്ടി ഇളകിയപ്പോൾ മുതൽ അങ്ങോട്ടും ഇങ്ങോട്ടും ആടുന്ന ആ ഇരുണ്ട രൂപത്തിൽ നിന്നുയർന്ന പരുഷസ്വരം കേട്ട് അയോണ വീണ്ടും ഞെട്ടി.

‘‘എടോ കിളവാ... താൻ ഏത് നരകത്തിലേക്കാ പോകുന്നത്? വലത്തോട്ട് പോകണം... വലത്തോട്ട്.’’ പട്ടാളക്കാരൻ അലറി.

അതുവഴി കടന്നുപോയ ഒരു സ്വകാര്യ വാഹനത്തിന്റെ വണ്ടിക്കാരൻ അവരെ നോക്കി അസഭ്യം പുലമ്പി. സൂചിമുനകൾക്ക് പുറത്ത് ഇരിക്കുന്നതുപോലെ അയോണ തന്റെ ഇരിപ്പിടത്തിൽ അസ്വസ്ഥതയോടെ പുളഞ്ഞു.

അയോണ, ഇടയ്ക്കിടക്ക് തിരിഞ്ഞ് ഉദ്യോഗസ്ഥനെ നോക്കി. അയാൾക്ക് എന്തോ പറയാനുണ്ട്. അയാൾ ചുണ്ട് അനക്കി. പക്ഷേ മൂക്കടഞ്ഞതുപോലെ ഒരു തേങ്ങൽ മാത്രം പുറത്തുവന്നു.

‘‘എന്താ...?’’ പട്ടാളക്കാരൻ അന്വേഷിച്ചു.

അയോണ ചുണ്ടുകൾ കോട്ടി, കഷ്ടപ്പെട്ട് ഇത്രയും പറഞ്ഞു, ‘‘എന്റെ മകൻ... ഈ ആഴ്ചയിലാണ് മരിച്ചത്.’’

‘‘ഉം... എന്തായിരുന്നു അസുഖം?’’ അയോണ തന്റെ യാത്രക്കാരനെ വ്യക്തമായി കാണാൻ തിരിഞ്ഞുനോക്കി.

‘‘ആർക്കറിയാം സത്യം. വലിയ പനി ആയിരുന്നു എന്നാണ് അവർ പറഞ്ഞത്. മൂന്ന് ദിവസം ആശുപത്രിയിൽ കിടന്നു. അങ്ങനെയാണ് മരിച്ചത്... ദൈവഹിതം നടന്നു...’’

‘‘എടോ... മുതുകിളവാ... താൻ ഉറങ്ങിപ്പോയോ...? കണ്ണ് തുറന്ന് നോക്കടോ...’’

പിന്നിലെ ഇരുട്ടിൽ നിന്ന് ഒരു പരുക്കൻ ശബ്ദം.

‘‘പോ... പോ... വണ്ടി പോകട്ടെ... അല്ലെങ്കിൽ നേരം പുലർന്നാലും അവിടെ എത്തുകില്ല... ഒന്ന് വേഗം ആകട്ടെ...’’ പട്ടാളക്കാരൻ ധൃതി കൂട്ടി.

വണ്ടിക്കാരൻ അയോണ വലിഞ്ഞ് നിവർന്ന്, നേരേ ഇരുന്നു. നീരസത്തോടെ ചാട്ട ചുഴറ്റി വീശി. പല തവണ അയാൾ തിരിഞ്ഞു യാത്രക്കാരനെ നോക്കി. വർത്തമാനം കേൾക്കാനുള്ള താത്പര്യം ഇല്ലാതെ അയാൾ കണ്ണടച്ച് ഇരിക്കുന്നു. പട്ടാളക്കാരനെ വിബോർഗ്ഗ് വ്വേയിൽ ഇറക്കിയതിനുശേഷം, അയോണ സത്രത്തിനരികെ കാത്തുകിടന്നു. അനക്കമില്ലാതെ വീണ്ടും ഒരു കാത്തിരിപ്പ്. മഞ്ഞുപാളികൾ അയാളുടെയും കുതിരയുടെയും ശരീരത്തിൽ വീണ്ടും ശക്തിയായി പതിച്ചു. മണിക്കൂറുകൾ ഇഴഞ്ഞുനീങ്ങി. അപ്പോൾ തോൽ ബൂട്ട്സിന്റെ കിരുകിരാ ശബ്ദവും വഴക്കും ബഹളവുമായി മൂന്ന് യുവാക്കൾ അവിടെ എത്തി. രണ്ടുപേർ മെലിഞ്ഞൊട്ടി നീളമുള്ളവർ, മൂന്നാമൻ കുറിയവനും ലേശം കൂനുള്ളവനുമാണ്.

‘‘എടോ... വണ്ടിക്കാരാ... പോലീസ് ബ്രിഡ്ജിലേക്ക്...’’ കുള്ളൻ പരുക്കൻ സ്വരത്തിൽ പറഞ്ഞു. ‘‘മൂന്നുപേർക്കും കൂടി രണ്ട് ഗ്രിവെനിക്സ് (20 കൊപെക്കിന് തുല്യം). അയോണ കടിഞ്ഞാൺ കൈയിലെടുത്തു. കുതിരയെ ഉണർത്താനുള്ള സീൽക്കാര ശബ്ദം പുറപ്പെടുവിച്ചു. പക്ഷേ അപ്പോഴത്തെ അവസ്ഥയിൽ, ഒരു റൂബിൾ ആയാലും അഞ്ച് കൊപെക് ആയാലും അയോണയ്ക്കു അത് പ്രശ്നമല്ല. വണ്ടിയിൽ യാത്രക്കാർ ഉണ്ടായിരിക്കുന്നത് തന്നെ വലിയ കാര്യം. ഉന്തിയും തള്ളിയും അസഭ്യങ്ങൾ പറഞ്ഞും ശപിച്ചും വഴക്കുണ്ടാക്കിയും, മൂന്നുപേരും ഒരേ സമയം ആകെയുള്ള ഒരു

**വണ്ടിക്കാരൻ ഒരു സീൽക്കാരശബ്ദം പുറപ്പെടുവിച്ച്, കുതിരയ്ക്ക് ഉത്സാഹം പകർന്നു. ആവശ്യമുണ്ടായില്ലെങ്കിലും, പതിവ് ശീലം അനുസരിച്ച് അയാൾ ചാട്ട ചുഴറ്റി വീശുകയും ചെയ്തു. ആ ചെറിയ കുതിര തന്റെ കഴുത്ത് നീട്ടി, ചുള്ളിക്കമ്പ്പോലെയുള്ള കാലുകൾ കുടഞ്ഞ്, എങ്ങോട്ടെന്ന് നിശ്ചയമില്ലാതെ ലേശം മുമ്പോട്ട് നീങ്ങി.**

ഇരിപ്പിടത്തിൽ കയറി ഇരിക്കാൻ ശ്രമിച്ചു. പരസ്പരം ചീത്ത വിളിച്ചും ശപിച്ചും രംഗം വഷളാക്കിയതിന് ശേഷം അവർ ഒരു തീരുമാനത്തിലെത്തി. കുള്ളൻ നിൽക്കും, കൂട്ടത്തിൽ ചെറിയത് അവനാണല്ലോ?

''ഉം. വേഗം ആകട്ടെ...'' കുള്ളൻ പരുക്കൻ സ്വരത്തിൽ ആജ്ഞ പുറപ്പെടുവിച്ചു.

അവർ അയോണയുടെ തൊപ്പിയെയും അയാളുടെ പാവം കുതിരയെയും അയോണയുടെ വേഗതമില്ലായ്മയെയും പരിഹസിച്ചു. അവരുടെ കഴിഞ്ഞ രാത്രിയിലെ മദ്യോത്സവത്തെക്കുറിച്ചും പെൺകുട്ടികളെക്കുറിച്ചും വിലകുറഞ്ഞ തമാശകൾ പറഞ്ഞ് ഉറക്കെ പൊട്ടിച്ചിരിച്ചു.

''ഹേ... നിങ്ങൾ വളരെ ഉല്ലാസവാന്മാരാണല്ലൊ...'' അയോണ ഇടയ്ക്ക് കയറി.

''നിർത്തടോ... താൻ നരകത്തിൽ പോയി തുലയൂ...''

''എടോ കിളവാ.... തുഴഞ്ഞിഴഞ്ഞാണോ വണ്ടി ഓടിക്കുന്നത്? ചാട്ട എടുത്ത് കുതിരയ്ക്ക് ഒന്ന് അടി കൊടുത്താട്ടെ...''

തന്റെ പിന്നിൽ ആ ചെറിയ മനുഷ്യൻ പുളയുന്നതും, അവർ വാരിക്കോരി ചൊരിയുന്ന ശാപവാക്കുകളും അയോണ അറിയുന്നുണ്ടായിരുന്നു. ഇടയ്ക്കിടയ്ക്ക് വഴിയാത്രക്കാരെയും കണ്ടു. സാവധാനം ഒറ്റപ്പെട്ട് പോയവന്റെ ഹൃദയനൊമ്പരം അയാളിൽ നിന്ന് മാഞ്ഞുതുടങ്ങി. പലതവണ യാത്രക്കാരെ തിരിഞ്ഞുനോക്കി, അവരുടെ വർത്തമാനത്തിനിടയിൽ, ഒരു ഇടവേളയ്ക്കായി അയോണ കാത്തിരുന്നു.

അസ്വസ്ഥതയോടെ പിറുപിറുത്തു.

''എന്റെ മകൻ... ഈ ആഴ്ചയാണ് മരിച്ചത്...''

''നമ്മൾ എല്ലാവരും മരിക്കും.'' കഠിനമായ ഒരു ചുമയ്ക്കുശേഷം കുള്ളൻ പറഞ്ഞു.


''എടോ... വേഗം ആകട്ടെ...''

''എടോ കിഴവാ.. പറയുന്നതൊന്നും താൻ കേൾക്കുന്നില്ലേ. തന്റെ കഴുത്ത് ഞാൻ ഒടിക്കും.'' അവർ ആക്രോശിച്ചു.

അയോണ അവരുടെ വാക്കുകളിലെ ക്രൂരത അറിഞ്ഞില്ല. എല്ലാം കേൾക്കുന്നുണ്ടായിരുന്നു.

''വണ്ടിക്കാരാ... താൻ വിവാഹിതനാണോ...?'' അവർ വീണ്ടും പരിഹാസം ആരംഭിച്ചു.

''ഞാനോ... നല്ലവരായ യുവാക്കളേ ഇപ്പോൾ എനിക്ക് ഒരു ഭാര്യ മാത്രമാണ് ഉള്ളത്. നനഞ്ഞു കുതിർന്ന മൺകൂനയിൽ അതായത് ശവക്കുഴിയിൽ... എന്റെ മകൻ... അവൻ മരിച്ചു... ഞാൻ ഇപ്പോഴും ജീവി



ച്ചിരിക്കുന്നു. മരണം തെറ്റായ വാതിലിലാണ് മുട്ടിയത്. എന്നെ തേടി വരേണ്ടതിന് പകരം, അത് എന്റെ മകനെ തേടിപ്പോയി...''

തന്റെ മകൻ മരിച്ചതെങ്ങ നെയാണെന്ന് പറയാനായി അയോണ വീണ്ടും പിന്നോട്ട് തിരിഞ്ഞുനോക്കി.

അപ്പോൾ അവർ, 'അവ സാനം നമ്മൾ ലക്ഷ്യസ്ഥാനത്ത് എത്തി' എന്നും പറഞ്ഞ് ഇരു ട്ടിലേക്ക് ഇറങ്ങിമറഞ്ഞു.

വീണ്ടും അയോണ ഒറ്റ യ്ക്കായി. അയാൾക്ക് ചുറ്റും അഗാധമായ നിശ്ശബ്ദത. അല്പ നേരത്തേക്ക് ആറിത്തണുത്തി രുന്ന ദുഃഖം വീണ്ടും ഹൃദയ ത്തിൽ കുടിയേറി. അയാൾ തനിക്ക് ചുറ്റും ഇരച്ച് നീങ്ങുന്ന ആൾക്കൂട്ടത്തിലേക്ക് നോക്കി. അവരിലൊരാൾ എങ്കിലും തന്റെ വേദന പങ്കിടുമോ? തന്റെ ഹൃദയവിലാപം കേൾക്കുമോ? ജനം അയാളെ ശ്രദ്ധിക്കാതെ തങ്ങളുടെ ജീവിതവുമായി അതിവേഗം മുമ്പോട്ട് നീങ്ങി. അതിരുകളില്ലാത്ത അയാളുടെ വേദനകൾ മനസ്സിലാക്കാൻ ഒറ്റ ആൾപോലും അവിടെങ്ങും ഇല്ല. രാത്രിയും പകലും മറ്റൊരാൾക്ക് ദൃശ്യമാകാതെ അയാളെ അല ട്ടുന്ന ആ നീറ്റലും പുകച്ചിലും അയാൾ സ്വയം അനുഭവിക്കു കയാണ്. വാതിൽക്കാവൽക്കാ രൻ ഒരു പൊതിക്കെട്ടുമായി ഇറങ്ങിവരുന്നത് കണ്ടപ്പോൾ എന്തെങ്കിലും സംസാരിക്കാ നായി അയാളോട് അയോണ സമയം തിരക്കി.

''ഒൻപത് കഴിഞ്ഞു... ഇവിടെ നിന്ന് മാറി നിൽക്കൂ...'' അയാൾ പറഞ്ഞു.

അയോണ ഏതാനും ചുവ ടുകൾ ദൂരേക്ക് മാറി വീണ്ടും ചുരുണ്ടുകൂടി, ദുഃഖങ്ങൾക്ക് കീഴടങ്ങി. മനുഷ്യരിൽ നിന്ന് സഹതാപവും സഹാനുഭൂതിയും ആഗ്രഹിക്കുന്നത് മണ്ടത്തര മാണെന്ന് അയോണയ്ക്കു തോന്നി. ഇനി ഇവിടെ ഇരുന്നിട്ട് കാര്യമില്ല. ലായത്തിലേക്ക് പോകാം. അയാൾ വേദനയോടെ കടിഞ്ഞാൺ വലിച്ചു. യജമാ നന്റെ ചിന്തകൾ മനസ്സിലായ തുപോലെ ആ പാവം കുതിര ഒരു ചാട്ടത്തോടെ മുന്നോട്ട് കുതിച്ചു.

ഏകദേശം ഒന്നരമണിക്കൂ റിനുശേഷം അയോണ ഒരു വൃത്തികെട്ട അടുപ്പിനരികെ ഇരിക്കുകയായിരുന്നു. അതിന് ചുറ്റുപാടുമായി മനുഷ്യർ കൂർക്കം വലിച്ചുറങ്ങുന്നു. ശ്വാസം മുട്ടിക്കുന്നത്ര ചൂട് അനു ഭവപ്പെടുന്ന ഇടുങ്ങിയ മുറി. അത്രയും നേരത്തേ തിരികെ വന്നതിൽ സ്വയം കുറ്റപ്പെടുത്തി.

''എന്റെ കുതിരയ്ക്ക് ഇന്ന ത്തേക്കുള്ള പുല്ലും തീറ്റയും പോലും ഞാൻ നേടിയിട്ടില്ല. അതാണ് കുഴപ്പം.''

അവിടെ ഒരു മൂലയ്ക്ക് കിടന്നുറങ്ങുകയായിരുന്ന ചെറുപ്പക്കാരനായ ഒരു വണ്ടി ക്കാരൻ, പാതിയുറക്കത്തിൽ പിറുപിറുക്കുകയും വെള്ളത്തൊ ട്ടിയിലേക്ക് കൈ നീട്ടുകയും ചെയ്തു.

''വെള്ളം വേണോ? അയോണ ചോദിച്ചു.

''എനിക്കൊരു ഗ്ലാസ് വീഞ്ഞ് കിട്ടിയിരുന്നെങ്കിൽ...'' ചെറുപ്പ ക്കാരൻ പിറുപിറുത്തു.

''ഓ... നിന്റെ ആരോഗ്യ ത്തിന് വേണ്ടി ഞാൻ പ്രാർഥി ക്കാം. നീ ഒന്ന് ശ്രദ്ധിക്കുമോ... നിനക്കറിയാമോ... എന്റെ മകൻ മരിച്ചു... ഈ ആഴ്ചയിലാണ് അത് സംഭവിച്ചത്... കേൾക്കു ന്നുണ്ടോ? ആശുപത്രിയിൽ... അതൊരു നീണ്ട കഥയാണ്...'' തന്റെ വാക്കുകൾ അയാളിൽ പ്രതികരണം വല്ലതും ഉണ്ടാ ക്കിയോ എന്ന് അറിയാൻ അയോണ എത്തിവലിഞ്ഞു നോക്കി. ഒന്നുമില്ല...

**ചെറുപ്പക്കാരൻ നല്ല ഉറക്കത്തിലായി. വൃദ്ധനായ അയോണ തല ചൊറിഞ്ഞു, ദീർഘനിശ്വാസം വിട്ടു. ആരോടെങ്കിലും ഒന്ന് സംസാ രിക്കാൻ, മനസ്സിലെ ഭാരം കെട്ടഴിച്ച് വിടാൻ അയാൾ കൊതിച്ചു. മകൻ മരിച്ച് ഒരാഴ്ചയായിട്ടും ഇന്നുവരെ അതേക്കുറിച്ച് വിശദ മായി ഒന്ന് സംസാരിക്കാനായിട്ടില്ല. മകന്റെ രോഗം, അവൻ അനു ഭവിച്ച വേദന, മരിക്കുന്നതിന് മുമ്പ് അവൻ പറഞ്ഞതെന്താണ്, ശവസംസ്കാരത്തിന്റെ വിശദാംശങ്ങൾ എല്ലാം പറയണം.**

ചെറുപ്പക്കാരൻ നല്ല ഉറക്ക ത്തിലായി. വൃദ്ധനായ അയോണ തല ചൊറിഞ്ഞു, ദീർഘനി ശ്വാസം വിട്ടു. ആരോടെങ്കിലും ഒന്ന് സംസാരിക്കാൻ, മന സ്സിലെ ഭാരം കെട്ടഴിച്ച് വിടാൻ അയാൾ കൊതിച്ചു. മകൻ മരിച്ച് ഒരാഴ്ചയായിട്ടും ഇന്നുവരെ അതേക്കുറിച്ച് വിശദമായി ഒന്ന് സംസാരിക്കാനായിട്ടില്ല. മകന്റെ രോഗം, അവൻ അനു ഭവിച്ച വേദന, മരിക്കുന്നതിന് മുമ്പ് അവൻ പറഞ്ഞതെന്താണ്, ശവസംസ്കാരത്തിന്റെ വിശദാം ശങ്ങൾ എല്ലാം പറയണം. മര ണമടഞ്ഞ മകന്റെ വസ്ത്രങ്ങൾ വാങ്ങാനായി ആശുപത്രിയി ലേക്ക് നടത്തിയ യാത്രയെക്കു റിച്ചും വിസ്തരിച്ച് പറയണം. പറയാനുള്ളതൊന്നും വലിയ വലിയ കാര്യങ്ങളല്ല. എങ്കിലും കേൾവിക്കാരൻ തേങ്ങുകയും ദീർഘനിശ്വാസം വിടുകയും ചെയ്യില്ലേ? സഹതപിക്കില്ലേ? സ്ത്രീകളോട് സംസാരിക്കു ന്നതായിരിക്കും നല്ലത്. അവർ പെട്ടെന്ന് സഹതപിക്കും. ഏങ്ങ ലടിച്ച് കരയും.

''എന്റെ കുതിരയെ ഒന്ന് പോയി നോക്കാം. ഉറങ്ങാൻ ഇനിയും ധാരാളം സമയം

ബാക്കിയുണ്ട്.''

അയാൾ പുറങ്കുപ്പായം ധരിച്ച്, കുതിരയെ കെട്ടിയിരിക്കുന്ന ലായത്തിലേക്ക് പോയി. കുതിരയ്ക്ക് കൊടുക്കാനുള്ള തീറ്റയെക്കുറിച്ചും മോശമായ കാലാവസ്ഥയെക്കുറിച്ചും ആലോചിച്ചു. ആരോടെങ്കിലും ഒന്ന് സംസാരിക്കണം.

''ങാ... നീ ഉറങ്ങാൻ തുടങ്ങുകാണോ.'' തന്റെ കുതിരയുടെ കണ്ണുകളിൽ നോക്കി അയാൾ ചോദിച്ചു. ''ദാ... വല്ലതും തിന്നിട്ട് ഉറങ്ങിക്കോ... ഇന്ന് അല്പം കച്ചി മാത്രമാണുള്ളത്. എന്ത് ചെയ്യാം? വണ്ടി ഓടിക്കാനുള്ള ആരോഗ്യം എനിക്കില്ല. വാർദ്ധക്യം എന്നെ കീഴടക്കി തുടങ്ങി... എന്റെ മകന് വണ്ടി ഓടിക്കാൻ കഴിയുമായിരുന്നു. അവൻ ജീവിച്ചിരുന്നെങ്കിൽ അവൻ ഒരു നല്ല വണ്ടിക്കാരനാകുമായിരുന്നു.''

ഒരു നിമിഷത്തെ നിശ്ശബ്ദത.

**അയോണയുടെ കുതിര ചവയ്ക്കുകയും ചെവിയാട്ടുകയും യജമാനന്റെ കൈകളിലേക്ക് ചൂട് നിശ്വാസം ഉതിർക്കുകയും ചെയ്തു. അയോണ കുതിരയുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു. തന്റെ മുഖം കുതിരയുടെ മുഖത്തോട് ചേർത്തുവച്ചു. ആ വിലാപകഥ അതിന്റെ കാതുകളിലേക്ക് പകർന്നു.**

അയോണ വീണ്ടും പറഞ്ഞു തുടങ്ങി. ''എന്റെ കുതിരേ... എന്റെ മകൻ നമ്മളെ ജീവിക്കാൻ വിട്ടിട്ട് പോയി. നിനക്കൊരു കുതിരക്കുട്ടിയുണ്ടെങ്കിൽ നീ അതിന്റെ അമ്മയല്ലേ... പെട്ടെന്നൊരു ദിവസം അത് നിന്നെ ഉപേക്ഷിച്ചു പോയാൽ നിനക്ക് സഹിക്കാനാകുമോ...?''

അയോണയുടെ കുതിര ചവയ്ക്കുകയും ചെവിയാട്ടുകയും യജമാനന്റെ കൈകളിലേക്ക് ചൂട് നിശ്വാസം ഉതിർക്കുകയും ചെയ്തു.

അയോണ കുതിരയുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു. തന്റെ മുഖം കുതിരയുടെ മുഖത്തോട് ചേർത്തുവച്ചു. ആ വിലാപകഥ അതിന്റെ കാതുകളിലേക്ക് പകർന്നു.

കുതിരയുടെ കൺപീലികളിൽ നിന്ന് അടർന്നുവീണ മഞ്ഞിൻതുള്ളികൾ യജമാനന്റെ കവിൾത്തടത്തിലെ കണ്ണീരിനൊപ്പം ചേർന്ന് ചാലുകളായി താഴേക്ക് ഒലിച്ചിറങ്ങി.



# എവിടെയിരിക്കും ഞങ്ങൾ പക്ഷികൾ!

സിന്ധു എൻ പി



വര: ആശ ആർ

ഈ മരങ്ങളൊക്കെ വന്ന്
ഭൂമിയിൽ നിരന്ന്
ചില്ലകളാം കൈകൾ
വിരിച്ചു നിർത്തി നിന്ന്
ആ വെയിലിൻ വെട്ടമില
ച്ചാർത്തിൽ തൊട്ടെടുത്ത്
ആ മഴതൻ തുള്ളികളെ
വേരിനാൽ തടുത്ത്
പുഞ്ചിരിക്കും നേരമില
ത്തുമ്പുകൾ തളിർത്ത്
അമ്മയായ്കനിഞ്ഞ് തേൻ
പഴങ്ങളായ് തുടുത്ത്
കാത്തുനിന്നതാരെയെന്ന
റിഞ്ഞിടുക നിങ്ങൾ
കൈയിൽ മഴു, വാളുമായി
പോയിടും മനുഷ്യർ.
ഞങ്ങൾ കുഞ്ഞു പക്ഷികൾ
പറന്നു വന്നിടുമ്പോൾ
മേഘമൊന്ന് തൊട്ടുവെന്ന്
ചിന്തയിൽ വരുമ്പോൾ
കാറ്റുപോലും തോറ്റുപോയെ
ന്നോർത്തു മേവിടുമ്പോൾ
ചിറകുകൾ കുഴഞ്ഞ് പശി
കൊണ്ടുടൽ തളർന്ന്
താഴെ വന്ന് വീഴും നേരം
കൈകളാലെ താങ്ങി
ചില്ല മേലെക്കൊണ്ടിരുത്തി
നല്ലപോലെയൂട്ടി
പോകവേണ്ടയെങ്ങുമെന്ന്
മെല്ലെയൊന്നു മൂളി
ഞങ്ങളീ പറവകൾക്ക്
വീടിനിടം തന്ന്
തീവെയിൽ പരന്നുപൊള്ളും
പാരിനെക്കുട പിടിച്ച്
നിൽക്കുമീ മരങ്ങളെന്തി
നായ് മുറിച്ചുമാറ്റീ?
ഞങ്ങൾ കണ്ട സ്വപ്നമൊക്കെ
പാഴ്കിനാക്കളാക്കീ?
കുഞ്ഞു കിളിയൊച്ച കാത്തി
രുന്ന പുലർകാലം
കണ്ണുനീരൊലിച്ചുകൊണ്ടു
വന്നു നിന്നു മൂകം.

# കമ്മലുത്സവം

പി കെ ഗോപി



അമ്മയുടെ കമ്മൽ കളഞ്ഞുപോയി. ചിറയിലെ വെള്ളത്തിൽ. കഴുത്തറ്റം വെള്ളത്തിൽ മുങ്ങിക്കുളിക്കാനിറങ്ങിയതാണ് അമ്മ. മക്കളോടൊപ്പം നീന്തിരസിച്ച് സന്തോഷത്തോടെ കരയ്ക്കു കയറി. തല തോർത്തി മുടിയുലച്ച് കാതിൽ തപ്പി നോക്കിയപ്പോൾ കമ്മലില്ല!

വലത്തെ കാത് ശൂന്യം. അമ്മ ഞെട്ടി. കരഞ്ഞ് ഏങ്ങലടിച്ചു.

''ന്റെ കമ്മൽ പോയി!''

ഞങ്ങൾ കുട്ടികൾ സങ്കടപ്പെട്ടു. ഞാനും ചേട്ടനും ചിറവെള്ളത്തിൽ ചാടി, കഴിയാവുന്നി

ടത്തെല്ലാം മുങ്ങിത്തപ്പി. കണ്ണി ളക്കി നോക്കി. മിനുങ്ങുന്നതു വല്ലതുമുണ്ടോയെന്ന് തെളിവെ ള്ളത്തിൽ താഴ്ന്നു നോക്കി.

''ഇല്ലമ്മേ, ഒന്നും കാണു ന്നില്ല.''

വെള്ളത്തിനു മീതേ പൊങ്ങി വന്ന് ഏട്ടനതു പറയുമ്പോൾ അമ്മ തലയ്ക്കു കൈകൊടുത്ത് പടിക്കെട്ടിൽ ദുഃഖത്തോടെ ഇരുന്നു.

''അച്ഛനോടെന്തുപറയും? പാടുപെട്ടുണ്ടാക്കിയ നേന്ത്ര ക്കുല വിറ്റുകിട്ടിയ കാശുകൊണ്ട് അച്ഛൻ വാങ്ങിത്തന്നതാ...ന്റെ ആശ തീർക്കാൻ. കഷ്ടപ്പാടിന്റെ വിലയാ വെള്ളത്തിൽ പോയത്.''

അമ്മ പലവട്ടം മൂക്കു പിഴിഞ്ഞു. കണ്ണുതുടച്ചു. വീണ്ടും കരഞ്ഞു. നെഞ്ചത്തു കൈചേർത്ത് വിങ്ങിപ്പൊട്ടി.

''ഒന്നൂടെ നോക്കാമമ്മേ...''

ഞാൻ വെള്ളത്തിൽ ചാടി. എന്റെ അമ്മയുടെ കമ്മൽ കണ്ടുകിട്ടണേയെന്ന് മലദൈ വങ്ങളോട് പ്രാർഥിച്ചു. അമ്മ നീന്തിയ സ്ഥലത്തെല്ലാം മുങ്ങാം കുഴിയിട്ട് അരിച്ചു പെറുക്കി. കമ്മലിന്റെ പൊടിപോലുമില്ല.

അച്ഛനറിയുമ്പോഴാണ് പുകില്. വഴക്കുപറയും. കമ്മൽ സൂക്ഷിക്കാതിരുന്ന കുറ്റത്തിന് ശകാരിക്കും. അമ്മയ്ക്ക് അച്ഛന്റെ ശകാരം പേടിയാണ്. അധ്വാ നിച്ചുണ്ടാക്കിയ മുതലല്ലേ? മോട്ടിച്ചതു പോയാപ്പോയി -ന്ന്രേ യുള്ളൂ. ഇതങ്ങനെയല്ല. വിയർപ്പിന്റെ വിലയാ വെള്ള ത്തിൽ പോയത്.

പാടത്തേക്കു വെള്ളം തിരി ച്ചുവിടാൻ കർഷകർ തോട്ടിൽ ചിറകെട്ടും. വെള്ളമങ്ങനെ ഓളമിളക്കി പന്തിച്ചുകിടക്കും. ഒരായിരം പരൽമീനുകൾ നീന്തി ത്തുടിക്കും. സന്ധ്യകളിൽ ഞങ്ങൾ ചൂണ്ടയിട്ട് ബ്രാലി നെയും തഴുമ്മലിനെയും മൂശി യെയും പിടിക്കും.

നാട്ടിലുള്ളവരെല്ലാം മുങ്ങി ക്കുളിക്കാൻ വരുന്നത് ചിറ യിലാണ്. ആരൊക്കെ കുളി ച്ചാലും വെള്ളം കലങ്ങുകയില്ല. തെളിഞ്ഞ മണൽ അടിത്തട്ടിൽ പരന്നു കിടക്കുന്നത് സൂര്യ പ്രകാശത്തിൽ കാണാം. ആ തോട്ടിൽ നിന്നാണ് ചെങ്കല്ലും പച്ചക്കല്ലും മഞ്ഞക്കല്ലും പെറുക്കി ഞാൻ കുപ്പി യിൽ സൂക്ഷിച്ചത്. കല്ലു രച്ച് ചായമുണ്ടാക്കി, പശ ചേർത്ത് കടലാസിൽ ചിത്രം വരച്ച കാലം ഓർമയുണ്ട്.

''എന്റെ അമ്മയുടെ കമ്മല് കിട്ടണേ.''

ഞാൻ വീണ്ടും വീണ്ടും തൊഴുതു പ്രാർഥിച്ചു. വര മ്പിൽ നിന്ന് വെള്ളത്തിലേക്ക് ചാടാനൊരുങ്ങുമ്പോൾ അമ്മ തടഞ്ഞു.

''വേണ്ടാ മോനെ, വാ പോകാം. കമ്മല് പോയെങ്കിൽ അതെനിക്കുള്ളതല്ല. നേരുള്ളതാ ണെങ്കി- അത് തിരിച്ചുകിട്ടും... എന്നെങ്കിലും! അല്ലേപ്പോട്ടെ!!

അമ്മ തേങ്ങലടക്കാൻ പാടുപെട്ടു. മുണ്ടിന്റെ തലപ്പു യർത്തി കണ്ണുതുടച്ചു. എനിക്കും ചേട്ടനും വല്ലാത്ത വിഷമം തോന്നി. വരമ്പിലൂടെ വീട്ടി ലേക്ക് നടക്കുമ്പോൾ പതുക്കെ അമ്മ പറഞ്ഞു.

''അച്ഛനറിയരുത്. ഈ കാതിലെ കമ്മല് ഞാനഴിച്ചുവച്ചോളാം. തോട്ടിൽ കളഞ്ഞു പോയെന്നു പറഞ്ഞാ- അച്ഛന് ദേഷ്യം വരും. ആണി പൊട്ടിയതുകൊണ്ട് കമ്മലിടുന്നില്ലെന്ന് ഞാൻ പറഞ്ഞോളാം. അല്ലെങ്കി-കാത് പഴുത്തെന്നു പറയാം. ഓർക്കാ തെങ്ങാനും പറഞ്ഞ് അമ്മയെ വഴക്കു കേൾപ്പിക്കരുത്.''

''ഇല്ലമ്മേ, പറയുകയില്ല. ഞങ്ങള് രണ്ടുപേരും പറയുക യില്ല. ഉറപ്പാ.'' ഞങ്ങൾ വാക്കു കൊടുത്തു. വെള്ളത്തിൽ പോയ കമ്മലിനെപ്പറ്റി വീട്ടിലാരും മിണ്ടിയില്ല. പെങ്ങൾ മാത്രം രഹസ്യമായി എന്നോടെല്ലാം ചോദിച്ചറിഞ്ഞു.

കാതിന്റെ തുളയടയാതിരി ക്കാൻ അമ്മ ഈർക്കിൽ ചീകി മിനുക്കി തിരുകിവച്ചു. കമ്മ ലില്ലാത്ത അമ്മയുടെ മുഖം... എനിക്ക് വല്ലാതെ തോന്നി.

അമ്മ കണ്ണാടിയിൽ നോക്കി പലപ്പോഴും സങ്കടപ്പെട്ടു. കാതിൽ തഴുകി വെറുതെ ചിന്തിച്ചിരുന്നു. അച്ഛനോട് അമ്മ എന്തുപറഞ്ഞോ ആവോ?

രാത്രിയിൽ ഉറങ്ങാൻ കിട





വര: സജി വി

ക്കുമ്പോൾ കമ്മലിനെക്കുറിച്ചുമാത്രം ഞാനോർത്തു. മുങ്ങിമുങ്ങി അടിത്തട്ടിൽച്ചെന്ന് മണ്ണിളക്കി കമ്മലെടുത്തു തിരിച്ചുവരുന്ന വീരപുത്രനായി ഞാനെന്നെ സങ്കൽപ്പിച്ചു. സ്വപ്നത്തിലെ വീരകൃത്യം നേരം വെളുക്കുംവരെ മാത്രം.

അമ്മയറിയാതെ പല ദിവസങ്ങളിലും ചിറവെള്ളത്തിൽ ഞാൻ കമ്മൽ പരതി. അതൊന്നു തിരിച്ചുകിട്ടിയെങ്കിൽ...

''നേരുള്ളതാണെങ്കി അത് തിരിച്ചുകിട്ടും.'' അമ്മയുടെ ഇടറിയ വാക്കുകൾ എന്റെ കാതിൽ മുഴങ്ങി. നേരുള്ളതാണെങ്കി... തിരിച്ചുകിട്ടേണ്ടതല്ലേ? പിന്നെന്താ കിട്ടാത്തത്? അച്ഛൻ കൃഷി ചെയ്തുണ്ടാക്കിയ വാഴക്കുലകളല്ലേ! അത് വിറ്റുകിട്ടിയ കാശല്ലേ? അതെല്ലാം നേരല്ലേ? പിന്നെയെന്താ കമ്മല് തിരിച്ചു കിട്ടാത്തത്?

ഞാൻ തിരിഞ്ഞും മറിഞ്ഞും കിടന്നു. ഉറക്കം വരാതെ എത്രയെത്ര രാവുകൾ ആരും കേൾക്കാതെ അമ്മയോട് ഞാൻ ചോദിച്ചു.

''അമ്മയുടെ കമ്മൽ നേരുള്ളതല്ലേ?''

''അത് അച്ഛന്റെ നേരുള്ളതാ. കിട്ടും... കിട്ടും... കിട്ടിയില്ലെങ്കി വേണ്ട പോട്ടെ. ന്റെ ഭാഗ്യദോഷം!''

അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകുംമുമ്പ് ഞാൻ പാടത്തേക്കോടിപ്പോയി...

പതുക്കെപ്പതുക്കെ കമ്മലിന്റെ കാര്യം വീട്ടിലാരും മിണ്ടാതായി. മറന്നതുപോലെ, അമ്മ ഇടയ്ക്കിടെ വെറും കാതിൽ കൈവച്ച് മൗനിയായിരുന്നു.

**************

പാടത്ത് നെല്ല് വിളഞ്ഞു പൊൻകതിരാടി. ഇനി വെള്ളം വേണ്ട. കൊയ്യാനിറങ്ങുമ്പോൾ കാല് ചേറിൽ പുതയണ്ട. പാടം ഉണങ്ങിക്കിടക്കണം. അച്ഛൻ നാളെ ചിറ തുറക്കും. ചെറിയ വിടവിലൂടെ വെള്ളം കുത്തിയൊഴുകും. അവിടെയൊരു മുണ്ട് വലപോലെ പിടിച്ചാൽ നിറയെ മീൻ കിട്ടും. ആ വെള്ളത്തിൽ പരലും കരട്ടിയും കല്ലേനക്കിയും അയിരയും... പേരറിയാത്ത മീനുകളുടെ കൂട്ടം... അടിമണ്ണും ചെളിയും ചരലുമെല്ലാം ചവിട്ടിയിളക്കിയൊഴുക്കണം. ഒഴുക്കിലൂടെ എല്ലാം വലയിൽ വീണോളും.

മീൻ കിട്ടുന്ന ദിവസം എല്ലാവർക്കും ഉത്സാഹമാണ്. കപ്പയും മീനും . മഞ്ഞളും പച്ചമുളകും ചേർത്തു കുഴച്ച കപ്പയും കുടംപുളിയും മുളകും വെളിച്ചെണ്ണയും ചേർത്ത മീൻ കറിയും ... നാളെ ... നാളെ

കിടന്നിട്ടുറക്കം വരുന്നില്ല. പുളഞ്ഞുചാടുന്ന മീനുകളുടെ കൂട്ടം.

ഇളവെയിൽ പരന്നു. പാടത്ത് കതിരുകൾ തലയാട്ടി വിളിച്ചു. വരമ്പിലൂടെ ഞങ്ങൾ നടന്നു. മുണ്ടുവല, മീൻകൂട, തൂമ്പ, കുത്താള്... എല്ലാം കൈയിലുണ്ട്...

അച്ഛൻ ചിറ മുറിച്ചു. ഞങ്ങൾ കുട്ടികൾ



വെള്ളം കുത്തിക്കലക്കി മീനു കളെയെല്ലാം താഴേക്കോടിച്ചു. ചേച്ചിയും അമ്മയും മുണ്ടു വല പിടിച്ച് ഇരുവശത്തും നിന്നു. കലങ്ങിയൊഴുകിയ വെള്ളത്തിൽ കുത്തിയിളക്കി മണലും മണലിൽ പുതയുന്ന അയിരമീനും കല്ലേനക്കിയും മറിയുന്നു.

മുണ്ടുവല നിറയെ ചെളിയും മണലും മീനും. അമ്മയും ചേച്ചിയും നിറഞ്ഞ വലയു മായി. കരയിലേക്കു കയറാൻ അച്ഛൻ സഹായിച്ചു.

അതൊരു കാഴ്ചയായി രുന്നു. നൂറുകണക്കിന് മീൻ. പളപളാ മിന്നുന്ന ചെതുമ്പലും ചിറകുമുള്ള പുളയ്ക്കുന്ന പുഴ മീൻകൂട്ടം.

കരയിൽ തട്ടിയിട്ട മീനെ പെറുക്കി കൂട യിലാക്കാൻ ഓടിനട ക്കുകയാണ് ഞാനും ചേട്ടനും.

അച്ഛൻ വിളിച്ചുപറഞ്ഞു. ''കൊണ്ടുവാ വല, ഇനിയും മീൻ കാണും.''

അമ്മ മുണ്ടുവല കുടഞ്ഞു. ചെളിയിലും മണലിലും ഒരു മിനുക്കം. തിളക്കം. അമ്മ അത് കൈകൊണ്ടെടുത്തു. തുടച്ചു. നഷ്ടപ്പെട്ട സ്വർണക്കമ്മൽ...

''യ്യോ... ദേ... ന്റെ കമ്മൽ... ഈശ്വരാ... ന്റെ കമ്മൽ ദാ തിരിച്ചുകിട്ടി.''

അമ്മയുടെ നേരുള്ള കമ്മൽ തിരിച്ചുകിട്ടിയിരിക്കുന്നു. ചിറ യിലെ മണലിൽ പുതഞ്ഞ കമ്മൽ സത്യവുമായി പ്രത്യ ക്ഷപ്പെട്ടിരിക്കുന്നു. പിടയുന്ന മീൻകൂട്ടത്തെ ഞങ്ങൾ മറന്നു. വല മറന്നു. വെള്ളം മറന്നു.

അമ്മയുടെ മുഖത്ത് ഏഴ് സൂര്യനുദിച്ചു. അതൊരുത്സവ മായിരുന്നു. കൊയ്ത്തുത്സവ ത്തിനുമുമ്പുള്ള കമ്മലുത്സവം.

''അമ്മ പറഞ്ഞില്ലേ, നേരു ള്ളതാണേ തിരിച്ചുകിട്ടുംന്ന്. കിട്ടിയല്ലോ. അത് നേരുള്ളതു തന്നെയാ...'' ഞാൻ ചിരിച്ചു.

അമ്മ എന്നെ ചേർത്തുപിടിച്ചു നെറ്റിയിൽ ഒരുമ്മ തന്നു. ചിറവെ ള്ളത്തിൽ നിൽക്കുന്ന അച്ഛന്റെ അടുത്തേക്ക് ഞാനോടി.

''അച്ഛാ... അമ്മയുടെ കമ്മൽ വെള്ളത്തീന്ന് തിരിച്ചുകിട്ടി. നേരുള്ളതാ. അതാ കിട്ടിയേ!''

അച്ഛൻ കഥയറിയാതെ കരയ്ക്കു കയറി. അമ്മയുടെ കൈയിൽ തിളങ്ങുന്ന സ്വർണ കമ്മൽ. ഇളവെയിലും അമ്മയും നിറഞ്ഞു ചിരിച്ചു.

''കമ്മലെങ്ങനെ വെള്ളത്തിൽ പോയി?'' അച്ഛൻ ചോദിച്ചു. ''അതൊക്കെ പിന്നെപ്പറയാം. വാ. വീട്ടിൽ പോകാം. മതി മീനൊക്കെ മക്കളേ, കൂടയെ ടുത്തോ ഇത്രേംമതി... വാ... പോകാം!''

അമ്മ തിടുക്കം കൂട്ടി. അച്ഛനെ നോക്കി അമ്മ സന്തോഷവും കുറ്റബോധവും സംതൃപ്തിയും വിശ്വാസവും നിറഞ്ഞ ഒരു ചിരി ചിരിച്ചു.

ആ ചിരിയിൽ മറ്റെന്തൊക്കെ യുണ്ടായിരുന്നുവെന്ന് ഇപ്പോഴും എനിക്ക് വിശദീകരിക്കാനാ വില്ല. അമ്മയുടെ മനസ്സുണർന്നു. മുഖം പ്രസാദിച്ചു. വീട് നിറയെ അന്ന് കമ്മലുത്സവമായിരുന്നു... കമ്മലുത്സവം!!!



# പഴം വരിക്ക

ഇ പി പവിത്രൻ

വടക്കേപ്പുറമ്പിലെ വരിക്കപ്ലാവ്
വലിപ്പംകൊണ്ടാകാശം മുട്ടുംപ്ലാവ്.
ഉയരത്തിലാമരക്കൊമ്പത്താകെ
മധുരിക്കും ചക്ക പഴുത്തു തൂങ്ങി.
വെളുക്കും മുമ്പോരോരോ ചെക്കന്മാരാ-
വരിക്കപ്ലാച്ചോട്ടിലേക്കോടിയെത്തി.
തളപ്പിട്ടു കേറാൻ തൊടങ്ങ്യോരൊക്കെ
തവളപ്പിടിവിട്ടു താഴെവീണു.
ഉരുളൻ കല്ലോങ്ങിയെറിഞ്ഞോർക്കൊക്കെ
പുളിയുറുമ്പിന്റെ കടിയും കിട്ടി.
കൊതി പെരുത്തവരാമരച്ചുവട്ടിൽ
ഇനിയെന്ത് വഴിയെന്ന് തലപുകഞ്ഞു.
ഒരുവന്റെ ബുദ്ധിയിൽ തിരിതെളിഞ്ഞു
അവരൊക്കെ കാതുകൂർപ്പിച്ചു നിന്നു.
തൊഴുകൈയുമായവർ മൂന്നുവട്ടം
പെരുമരച്ചുവടിനെ ചുറ്റിവന്നു.
'ഒരുചക്ക താഴത്തേക്കിട്ടുതായോ,
കൊതിവന്നിട്ടല്ലേ വരിക്കപ്ലാവേ.'
അതുവഴി കാറ്റൊന്നടിച്ചനേരം
ഇലകളൊന്നാകെയിളകിയാടി.
പഴുത്ത വരിക്ക പഴം വരിക്ക
മുഴുത്ത ചക്കേലൊന്ന് താഴെ വീണു.
അതിനുമേലവരെല്ലാം ചാടിവീണു
അതുകണ്ടു പ്ലാവിന്നകം കുളിർന്നു.



വര: ആശ ആർ

# കണികാണാം

**രാജഗോപാലൻ നാട്ടുകൽ**



വര: ടി ആർ രാജേഷ്

മുത്തശ്ശീ നോക്കൂ, പടിഞ്ഞാറേ മാനത്ത്
പൂക്കണിക്കൊന്നയിൽ പൂങ്കുലകൾ!
കുന്നിൽ പടർന്നു കരേറിയ വള്ളിയിൽ
സ്വർണനിറത്തിലായ് വെള്ളരിക്ക!
പൊൻപണം, വെറ്റില, നല്ല ഫലങ്ങളും
തങ്കക്കസവുള്ള വേഷ്ടിമുണ്ടും
നിലവിളക്കേഴു തിരിയിട്ടു കത്തിച്ച്
കണിയൊരുക്കീടുന്നുണ്ടന്തിയമ്മ!
ഒരുവേള മുത്തശ്ശീ പൊത്തിത്തുറന്നിടാം
മിഴിയിണ, പൊൻകണിക്കാഴ്ച കാണാം!




**Form I (See Rule 8)**

| | | |
|---|---|---|
| Place of Publication | : | Thiruvananthapuram |
| Periodicity of Publication | : | Monthly |
| Printer's Name | : | Palliyara Sreedharan |
| Whether citizen of India | : | Yes, Indian |
| Address | : | Director,<br>Kerala State Institute of Children's Literature,<br>Thiruvananthapuram - 34 |
| Publisher's Name | : | Palliyara Sreedharan |
| Whether citizen of India | : | Yes, Indian |
| Address | : | As above |
| Editor's Name | : | Palliyara Sreedharan |
| Address | : | As above |

Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital:

Kerala State Institute of Children's Literature,
Thiruvanathapuram - 34

I hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Date: 29-3-2019 Palliyara Sreedharan
Director

ഫീച്ചർ

# കിളികൾക്ക് ഒരു കുളിത്തൊട്ടിൽ

റോസ്മേരി





**വേനൽ കടുക്കുന്ന ഈ വേളയിൽ ചിറകുള്ള നമ്മുടെ ചങ്ങാതിമാർക്കായി ഒരു കുളിത്തൊട്ടിൽ ഒരുക്കാം. അതിനടുത്ത് ഒരു പാത്രത്തിൽ ലേശം അരിമണി കൂടി വിതറിയാൽ അവയുടെ വിശപ്പും ശമിക്കും. അവയുടെ സാന്നിധ്യത്താൽ നമ്മുടെ തൊടികളും സജീവമാകും. ലാറി ബേക്കർ ആണ് നമ്മുടെ ഉദ്യാനനിർമിതിയിൽ 'കിളികളുടെ കുളിത്തൊട്ടിൽ' എന്ന ആശയത്തിന് പ്രചാരം നൽകിയത്. ഭൂമിയുടെ പ്രതലവുമായി ഏറെ ഇണക്കമുള്ള കരിങ്കല്ലോ, കളിമണ്ണോ ഉപയോഗിച്ചാണ് അദ്ദേഹം ഈ ചെറുകുളങ്ങൾ ചമച്ചത്.**

വെള്ളമില്ലാതെ വരണ്ടുപോയ ഒരു ചെറിയ കുളം. അടിത്തട്ടിൽ കാണപ്പെടുന്ന വെള്ളാരം കല്ലുകളും ഉണങ്ങിയ ജലസസ്യങ്ങളും. കുളക്കടവിൽ തപസ്സിരിക്കുന്ന ഏതാനും പക്ഷികൾ. അവരുടെ മുഖത്ത് എന്തൊരു വിഷണ്ണത. ഇത് ആദ്യചിത്രം.

രണ്ടാമത്തെ ചിത്രം വെള്ളത്തിന്റെ ഒഴുക്ക് എന്നേ നിലച്ചുപോയ ഒരു പൊതു പൈപ്പിന്റേത്. ഒരു പൊന്മാൻ അതിനുചുറ്റും പാറി നടക്കുകയാണ്. ഇടയ്ക്കിടെ തന്റെ നീണ്ട കൊക്ക് ആ ടാപ്പിനുള്ളിൽ കടത്തി വെള്ളം വരുന്നുണ്ടോ എന്ന് പരിശോധിക്കുന്നുമുണ്ട്.

ബംഗ്ലാദേശിലെ ഒരു ഗ്രാമദൃശ്യമാണ് പകർത്തിയിട്ടുള്ളത്. വാട്സ്ആപ്പിലൂടെ ഈ ഫോട്ടോ അയച്ചുതന്നത് ഒഡിയാ ലീ എന്ന സ്നേഹിത. ഹോങ് കോംഗിൽ ഐ ടി ഉദ്യോഗസ്ഥയാണ്. ഒഡിയാ– യാത്രകൾ ഏറെ ഇഷ്ടപ്പെടുന്ന അവൾ ആറുമാസം ജോലിചെയ്യും. അടുത്ത ആറുമാസം സഞ്ചാരത്തിൽ.

നഗരങ്ങൾ സന്ദർശിക്കുന്നതിനേക്കാൾ ഓരോ ദേശത്തെയും ഉൾനാടുകൾ, ഗ്രാമീണരായ

ആളുകൾ, ചെടികൾ, മരങ്ങൾ ഇവയൊക്കെ പരിചരിക്കുകയാണ് ഒഡിയയുടെ താത്പര്യം.

പക്ഷികളോട് ആ യുവതിക്ക് പ്രത്യേക മമതയാണ്. പലനിറത്തിലും തരത്തിലുംപെട്ട പക്ഷിജാലങ്ങളുടെ വിപുലമായ ഒരു ശേഖരം തന്നെ അവളുടെ ഫോട്ടോ ഗ്യാലറിയിലുണ്ട്. ആ നിരന്തര സഞ്ചാരത്തിനിടയിൽ എന്നോടൊപ്പം ഒരാഴ്ച അവൾ താമസിക്കുകയുണ്ടായി. നമ്മുടെ പക്ഷികളിൽ, സദാ വാൽ വിറപ്പിച്ചുകൊണ്ടു നിൽക്കുന്ന തൂത്തുകുണുക്കി എന്ന കറുപ്പും വെള്ളയും കലർന്ന നിറക്കാരനായ ചെറുപക്ഷിയെയാണ് ഒഡിയയ്ക്ക് ഏറെ കൗതുകകരമായ് അനുഭവപ്പെട്ടത്.

ബംഗ്ലാദേശിലെ വരൾച്ച ബാധിതമായ ഒരു ഗ്രാമത്തിൽ നിന്നും പകർത്തിയ ഫോട്ടോകളാണ് അവൾ എനിക്കയച്ചത്. താഴെ ഒരടിക്കുറുപ്പും. ''ഈ വേനലിൽ അന്തരീക്ഷത്തിലെ താപനില നാൽപ്പത്തിയഞ്ചു ഡിഗ്രിവരെ ഉയരുമെന്ന് കാലാവസ്ഥാനിരീക്ഷകർ പറയുന്നു. കുളങ്ങളും നീരുറവകളും വറ്റി വരളും. നിരവധി കിളികൾ വെള്ളം കിട്ടാതെ ചത്തുവീഴും. അവരെ രക്ഷിക്കൂ. ആ ഓമനകളുടെ ജീവൻ നിലനിർത്താനായി വീടിന്റെ ടെറസ്സിലും ബാൽക്കണിയിലും വെള്ളം കരുതിവയ്ക്കൂ!'' ഇതാണ് സന്ദേശത്തിന്റെ ഉള്ളടക്കം.





ഇതു വായിച്ചശേഷം സമാനഹൃദയരായ സുഹൃത്തുക്കൾക്കു കൂടി ഈ അഭ്യർഥന എത്തിക്കുവാൻ ഒഡിയ ഓർമിപ്പിക്കുന്നു. ഒപ്പം വെള്ളം നിറച്ച പക്ഷികളുടെ ഒരു കുളിത്തൊട്ടിലിന്റെ ചിത്രവുമുണ്ട്.

ബേർഡ് ബാത് എന്ന ഈ സംവിധാനം പാശ്ചാത്യരുടെ പൂന്തോപ്പുകളിലെ പതിവു ദൃശ്യമാണ്. അറേബ്യൻ നാടുകൾ പോലെയുള്ള മരുപ്രദേശങ്ങളിലും വെയിലുകൊണ്ടു തളർന്നെത്തുന്ന പക്ഷികൾക്കുവേണ്ടി വെണ്ണക്കല്ലിൽ തീർത്ത ചെറു ജലാശയങ്ങൾ നിർമിക്കാറുണ്ട്.

കിളികൾ അതിന്റെ വക്കത്തു വന്നിരുന്ന് വെള്ളംകുടിക്കുന്നതും അതിൽ മുങ്ങി നിവർന്ന് ചിറകു കുടഞ്ഞ് ആശ്വസിക്കുന്നതും ഹൃദ്യമായ കാഴ്ച തന്നെയാണ്. പ്രകൃതിയെയും അതിലെ ജീവജാലങ്ങളെയും അതിരറ്റു സ്നേഹിച്ചിരുന്ന ലാറിബേക്കർ എന്ന വാസ്തുശില്പിയെക്കുറിച്ചു കേട്ടിട്ടില്ലേ?

ബേക്കർ സായ്പാണ് നമ്മുടെ ഉദ്യാനനിർമിതിയിൽ 'കിളികളുടെ കുളിത്തൊട്ടിൽ' എന്ന ആശയത്തിന് പ്രചാരം നൽകിയത്. ഭൂമിയുടെ പ്രതലവുമായി ഏറെ ഇണക്കമുള്ള കരിങ്കല്ലോ, കളിമണ്ണോ ഉപയോഗിച്ചാണ് അദ്ദേഹം ഈ ചെറുകുളങ്ങൾ ചമച്ചത്. ഈ കൽത്തൊട്ടികളിൽ ആമ്പലും താമരയും വിരിഞ്ഞു നിൽക്കുന്നത് ഹൃദയഹാരിയായ ദൃശ്യം തന്നെ.

വറുതിക്കാലത്തെക്കുറിച്ചും കിളികളുടെ തണ്ണീർപ്പന്തലിനെക്കുറിച്ചും പറയുമ്പോൾ അൻപഴകനെ മറക്കുവതെങ്ങനെ? തമിഴകത്തെ ചിദംബരത്ത്, ഞാൻ എം എയ്ക്കു പഠിക്കുന്ന കാലം അടുത്തുള്ള പിച്ചാവരം എന്ന മനോജ്ഞമായ ദിക്കിലേക്ക് ഉല്ലാസയാത്ര പോയതായിരുന്നു



**ശ്രദ്ധിച്ചപ്പോഴാണ് ഒരു കാര്യം തിരിച്ചറിഞ്ഞത്. പോളിയോ ബാധിച്ച് അവന്റെ മുട്ടിനു താഴ്‌വശം കാലുകൾ രണ്ടും തളർന്നു പോയിരിക്കുന്നു. കൈകൾ രണ്ടും തറയിൽ കുത്തി, കാലുകളെ പാടുപെട്ട് വലിച്ചിഴച്ചാണ് അവൻ കുന്നുകയറുന്നത്.**

ഞങ്ങൾ...

അടുത്തുള്ള ഗ്രാമത്തിലെ മലയുടെ മുകളിൽ ഒരു പൗരാണിക കരിങ്കൽക്ഷേത്രം ഉണ്ടെന്നറിഞ്ഞ് അധ്യാപകർ ഞങ്ങളെ അങ്ങോട്ടു നയിച്ചു. തണൽ നിവർത്താൻ മരങ്ങളുണ്ടെങ്കിലും ചൂട് അതികഠിനമായിരുന്നു. ആ വഴി വീശിയെത്തിയ കാറ്റിനു പോലും എന്തൊരു പാരുഷ്യം?

കുണ്ടും കുഴിയും പരുക്കൻ മണലും നിറഞ്ഞ ഒറ്റയടിപ്പാതയിലൂടെയായിരുന്നു മേലേക്കുള്ള യാത്ര. മലമുകളിൽ എത്താറായപ്പോഴാണ് ഒരു വശത്ത് ആ കാഴ്ച. ഊഷരമായ പാറക്കൂട്ടം. അതിന്റെ ലേശം ഉയരമുള്ള ഒരിടുക്കിൽ പ്രതിഷ്ഠിച്ച തകരപ്പാത്രത്തിലേക്ക് ശുദ്ധജലം പകരുകയാണ് ഒരു ചെറുപയ്യൻ. കഷ്ടിച്ച് ഏഴോ എട്ടോ വയസ്സുണ്ടാകും പ്രായം. നന്നേ കറുത്തിരുണ്ട്, എണ്ണമിനുപ്പാർന്ന ചുരുൾമുടിയുമായ് ഒരു ലജ്ജാലു.

ശ്രദ്ധിച്ചപ്പോഴാണ് ഒരു കാര്യം തിരിച്ചറിഞ്ഞത്. പോളിയോ ബാധിച്ച് അവന്റെ മുട്ടിനു താഴ്‌വശം കാലുകൾ രണ്ടും തളർന്നു പോയിരിക്കുന്നു. കൈകൾ രണ്ടും തറയിൽ കുത്തി, കാലുകളെ പാടുപെട്ട് വലിച്ചിഴച്ചാണ് അവൻ കുന്നുകയറുന്നത്.

അവന്റെ പേര് അൻപഴകൻ. താഴെ ഗ്രാമത്തിലാണ് പനമ്പട്ട മേഞ്ഞ അവന്റെ ചെറിയ കുടിൽ. രാവിലെയും വൈകുന്നേരവും അവൻ ആ പാത്രത്തിൽ വെള്ളം നിറയ്ക്കാറുണ്ട്. കൈകൾ നിലത്തു കുത്തേണ്ടതിനാൽ വെള്ളം നിറച്ച കുടം ഒരു ചണക്കയറുകൊണ്ട് കഴുത്തിൽ തൂക്കിയിട്ടുകൊണ്ടാണ് അവന്റെ മലകയറ്റം. ഞങ്ങളോടൊപ്പം വഴികാട്ടിയായി വന്ന മാണിക്യമാണ് ഇക്കാര്യമൊക്കെ വെളിപ്പെടുത്തിയത്.

പാവംകുട്ടി. എത്ര പാടുപെട്ടാണെന്നോ ഓരോ തവണയും കുന്നുകയറുന്നത്. പലതരം കിളികൾ, ഓന്തുകൾ, അരണകൾ, അണ്ണാന്മാർ ഇവരൊക്കെ ആ ചെറിയ പാത്രത്തിലെ വെള്ളം കുടിക്കാൻ എത്താറുണ്ട്. പ്രകൃതിസംരക്ഷണ പാഠങ്ങളൊന്നുമേ അവൻ കേട്ടിട്ടില്ല. സ്വന്തം മനസ്സു പറഞ്ഞതനുസരിച്ചാണ് അൻപഴകൻ രണ്ടുനേരവും ഈ ദാഹജലം എത്തിച്ചുകൊടുക്കുന്നത്. തന്റെ ജലസേചനം മുടങ്ങിപ്പോയാൽ അവരൊക്കെ ദാഹിച്ച് തൊണ്ട വരണ്ടു ചത്തുപോകുമെന്ന് അവൻ ഭയപ്പെടുന്നു. അതുകൊണ്ട് വേനൽ തുടങ്ങിയാൽ ഒരുദിവസം പോലും അൻപഴകൻ തന്റെ ജലദാനം മുടക്കാറില്ല.

വർഷങ്ങൾ നിരവധി കട



ന്നുപോയി. കിളികൾ തന്റെ ചെറുസംഭരണിയിൽ നിന്നും വെള്ളം കുടിക്കുന്നതു കാണുമ്പോൾ ആ ബാലന്റെ മുഖത്തു തെളിയുന്ന മന്ദഹാസം ഇന്നും എന്റെ മനസ്സിലുണ്ട്.

പിൽകാലത്ത് അൻപഴകനെ അനുകരിച്ച് വേനലെത്തവേ വീടിന്റെ മുൻവശത്ത് ഞാനും ഒരു ബേർഡ് ബാത്ത് ഒരുക്കിവച്ചു. കുഴൽപോലെ നീണ്ടുനിവർന്ന ഒരു മൺപാത്രത്തിനുമീതെ, പരന്ന ഒരു ഉരുളി. അതിൽ വെള്ളം നിറച്ചിട്ട് ഞാൻ കാത്തിരിപ്പുതുടങ്ങി.

ഒന്ന്, രണ്ട്, മൂന്ന് ദിവസങ്ങൾ കടന്നുപോകുന്നതല്ലാതെ ഒരു ചിറകനക്കം പോലും കേൾക്കാനില്ല. ഈശ്വരാ, ഈ കിളികളത്രയും എവിടേക്കു പോയ്മറഞ്ഞു? മനസ്സിൽ നിരാശ പടരുന്നു. വൈകുന്നേരമാവുമ്പോൾ കുറേ കരിയുറുമ്പുകളും കരിയിലത്തുണ്ടുകളും മാത്രം പുറത്ത്. എന്തൊരു കൊടും വറുതി. ഇവിടെയാണെങ്കിൽ കുളിർജലം അങ്ങനെ പാഴായിപ്പോവുകയും... ''കിളികളേ, പറവകളേ വരുവിൻ. ഈ ദാഹജലം ആവോളം പാനംചെയ്വിൻ. ഈ ചെറു തടാകത്തിൽ മുങ്ങിക്കുളിപ്പിൻ'' എന്നുറക്കെ വിളംബരം ചെയ്യണമെന്നുണ്ട്. പക്ഷേ എന്തുചെയ്യാം. കിളികൾക്കും എനിക്കുമിടയിൽ പൊതുവായ ഒരു ഭാഷയുമില്ലല്ലോ; ആശയവിനിമയം നടത്താൻ...

അപ്പോഴുണ്ട് തേങ്ങയിടാനായി കുഞ്ഞയ്യപ്പൻ കടന്നുവരുന്നു. മഹാജ്ഞാനിയായ അങ്ങേർക്ക് സകലതിനെക്കുറിച്ചും വ്യക്തമായ ധാരണകളുണ്ട്. സദാ, ആളും അനക്കവുമുള്ള പൂമുഖത്ത് കിളികളെങ്ങനെ ധൈര്യപ്പെട്ടു വന്നിരുന്നു വെള്ളം കുടിക്കും? പുറകിൽ വല്ല ഒഴിഞ്ഞ സ്ഥലത്തും വെച്ചാലേ അവർ വരൂ. കുഞ്ഞയ്യപ്പൻ ഉറപ്പിച്ചുപറഞ്ഞു.

അങ്ങനെ ഉരുളി, വീടിന്റെ പിന്നാമ്പുറത്തേക്കു മാറ്റി സ്ഥാപിക്കപ്പെട്ടു. അന്ന് എന്റെ കുട്ടികൾ വളരെ ചെറുതാണ്. കിളിയൊച്ചയ്ക്കു കാതോർത്ത് ഞങ്ങൾ ജാലകവിടവിലൂടെ പുറത്തേക്കു കണ്ണയച്ച് കാത്തിരിപ്പായി. അത്ഭുതമേ, അതാ വരുന്നൂ അതിഥികൾ ഓരോരുത്തരായ്!

ആദ്യം എത്തിയത് ഒരു കാക്കച്ചാരാണ്. തെല്ലുനേരം തലചെരിച്ച് ചുറ്റുപാടും ഒന്നു വീക്ഷിച്ചശേഷം അപകടമൊന്നുമില്ലെന്നു ബോധ്യമായപ്പോൾ ആൾ മെല്ലെ വെള്ളം കുടിച്ചുതുടങ്ങി. പിറ്റേന്ന് കൂടുതൽ കാക്കൾ. ഒന്നുരണ്ടു മഞ്ഞക്കഴുത്തൻ മാടത്തകൾ. തുടർന്നുള്ള ദിവസങ്ങളിൽ വണ്ണാത്തിപ്പുള്ളുകൾ, നീലപൊന്മാനുകൾ, ഓലേഞ്ഞാലികൾ. ഹാ! എത്ര നയന മനോജ്ഞമായ കാഴ്ച.

എന്റെ കൂട്ടുകാരേ... നിങ്ങൾക്കും ഒരുക്കണ്ടേ പറവകൾക്കായ് ഒരു കുളിത്തൊട്ടിൽ? അലുമിനിയം, പ്ലാസ്റ്റിക്, കളിമൺ, സ്റ്റീൽ തുടങ്ങിയ ഏതു പാത്രവുമാകാം. പരന്ന പാത്രങ്ങളാണ് നന്ന്. ആഴമുള്ള ചരുവങ്ങളിൽ കിളികൾ ഇറങ്ങാൻ മടിക്കും.

ചാഞ്ഞ ചില്ലകളുള്ള ഒരു കരിയേപ്പുമരത്തിന്റെയോ പേരമരത്തിന്റെയോ ചുവട്ടിൽ പാത്രം വയ്ക്കുകയാണ് ഉചിതം. വെള്ളത്തിൽ മുങ്ങി നിവർന്നശേഷം മരച്ചില്ലയിരുന്ന് ഈറൻ ചിറകുകൾ കുടഞ്ഞുണക്കാനാവുക അവർക്കാശ്വാസകരമാവും.

വെള്ളക്കിണ്ണം കുറച്ച് ഉയരത്തിൽ വയ്ക്കുകയാണ് സുരക്ഷിതം. കിളികളുടെ മേൽ ചാടി വീഴാൻ തക്കം പാർത്തു കഴിയുന്ന നായ്ക്കളിൽ നിന്നും കുറുമ്പൻപൂച്ചകളിൽ നിന്നും അവർക്കു രക്ഷപ്പെടാമല്ലോ.



ഓരോ ദിവസവും വേനൽ കടുക്കുകയാണ്. അതുകൊണ്ട് കഴിയുമെങ്കിൽ ഇന്നുതന്നെ നമുക്ക് ആ ചിറകുള്ള ചങ്ങാതിമാർക്കായ് കുളിത്തൊട്ടിലൊരുക്കാം. അടുത്ത് ഒരു പാത്രത്തിൽ ലേശം അരിമണികൂടി വിതറിയാൽ അവരുടെ വിശപ്പും ശമിക്കും. ഹാ.. അങ്ങനെ ആ പക്ഷികളുടെ സാന്നിധ്യത്താൽ വർണശബളമാവും നിങ്ങളുടെ ദിനങ്ങൾ... സജീവമാകും നമ്മുടെ തൊടികൾ....

# ഡിക് വിറ്റിംഗ്ടണിന്റെ പൂച്ച - 4

ചിത്രീകരണം: വെങ്കി

ഡിക്കിനു കിട്ടുന്ന പരിഗണന പാചകക്കാരിക്ക് അവനോടുള്ള ദേഷ്യം കൂട്ടിയതേയുള്ളൂ...







അങ്ങനെ ഒരുദിവസം ഡിക് വീടുവിട്ടിറങ്ങി.



നടന്നുതളർന്നപ്പോൾ അവൻ ഒരിടത്തിരുന്നു. അന്ന് പുണ്യാളന്മാരുടെ ദിനമായിരുന്നു. പതിവു പോലെ പള്ളിമണികൾ ഉയർന്നു തുടങ്ങി. ക്ഷീണിച്ച് അവശനായി മനസ്സാകെ തകർന്നിരുന്ന ഡിക്കിനു പള്ളിമണികൾ അവനോട് എന്തോ പറയുന്നതായി തോന്നി.




ഡിക്ക് ഞെട്ടിപ്പോയി.




അടുത്ത നിമിഷം തന്നെ ഡിക്ക് വീട്ടിലേക്ക് തിരിച്ചോടി.



പൂച്ചക്കുട്ടിയെയും കൊണ്ടു പുറപ്പെട്ട കപ്പലിൽ ഇതിനിടെ ചിലതൊക്കെ സംഭവിച്ചു.





ദിവസങ്ങൾ കടന്നു. ദിശതെറ്റിയ കപ്പൽ ഒരു ആഫ്രിക്കൻ രാജ്യത്ത് അടുത്തു







ആ രാജ്യത്തെ രാജാവ് സന്ദർശകർക്കായി ഒരു വിരുന്നൊരുക്കി. പക്ഷേ...






അപ്പോൾ ഒരു പ്രഭു മുന്നോട്ടു വന്നു.








35

കാര്യങ്ങൾ അത്രയുമായപ്പോൾ ക്യാപ്റ്റന്റെ മുഖത്ത് അമ്പരപ്പ് മാഞ്ഞു. പകരം അവിടെ ഒരു ചിരി വിരിഞ്ഞു.



# അവധിക്കാലം അടിച്ചുപൊളിക്കാം

ഡോ. ബി പത്മകുമാർ



വര: ടി ആർ രാജേഷ്

കൂട്ടുകാരെല്ലാം പരീക്ഷ നന്നായി എഴുതിക്കാണുമെന്ന് വിശ്വസിക്കുന്നു. കഴിഞ്ഞ ഏതാനും മാസങ്ങളായി പഠിത്തത്തിന്റെയും പരീക്ഷയുടെയും ചൂടിലായിരുന്നല്ലോ നിങ്ങളെല്ലാവരും. ഇനി പഠിത്തത്തിന്റെ പിരിമുറുക്കങ്ങളെല്ലാം തത്കാലം മാറ്റിവച്ച് നമുക്ക് അവധിക്കാലം കളിച്ചുല്ലസിക്കാം. പുതിയ പുസ്തകങ്ങൾ വായിക്കാം. പുതിയ കൂട്ടുകാരെ കണ്ടെത്താം. യാത്രകൾ ചെയ്യാം. മറക്കാനാവാത്ത ഒത്തിരി മധുരസ്മരണകളുമായിട്ടായിരിക്കണം സ്കൂൾ തുറക്കുമ്പോൾ എല്ലാവരും വിദ്യാലയങ്ങളിലേക്ക് മടങ്ങേണ്ടത്.

അവധിക്കാലത്തെ പ്രധാന പരിപാടി കളികൾ തന്നെയായിരിക്കണം. പാടത്തും പറമ്പിലുമൊക്കെ ഓടിച്ചാടി നടക്കണം. നമ്മുടെ നാടൻകളികൾ എല്ലാംതന്നെ നിങ്ങൾക്കാവശ്യമായ ശാരീരിക ആരോഗ്യവും കായികക്ഷമതയും പ്രദാനം ചെയ്യും. പഠനകാലത്ത് ഏറെ നേരം ക്ലാസിലിരുന്നും കമ്പ്യൂട്ടറിന്റെ മുമ്പിൽ ചെലവഴിച്ചും വീട്ടിൽ വന്നാൽ ടി വിയുടെ മുമ്പിൽ ചടഞ്ഞിരുന്നുമൊക്കെ വ്യായാമമില്ലാതെ പോയതാണ് പല കൂട്ടുകാരും പൊണ്ണത്തടിയുള്ളവരായി മാറാൻ കാരണം. പൊണ്ണത്തടിയുള്ളവർക്ക് ഭാവിയിൽ പ്രമേഹവും ഹൃദ്രോഗവും കാൻസറുമൊക്കെ വരാനുള്ള സാധ്യത കൂടുതലാണ്. അമിതശരീരഭാരം ഒഴിവാക്കി ശരീരത്തിന്റെ ഫിറ്റ്നസ് കാത്തുസൂക്ഷിക്കാൻ നമ്മുടെ കളികൾ സഹായിക്കും.

കളിക്കുന്നതൊക്കെ കൊള്ളാം. പക്ഷേ സാഹസിക വിനോദങ്ങളിൽ നിന്നും അപകടകരമായ കായിക വിനോദങ്ങളിൽനിന്നുമൊക്കെ മാറിനിൽക്കണം. നീന്തലറിയാത്തവർ ഒരു കാരണവശാലും കുളങ്ങളിലും തോടുകളിലുമൊന്നും ഇറങ്ങരുത്. മരത്തിൽ വലിഞ്ഞുകയറുമ്പോഴും സൈക്കിളിൽ പായുമ്പോഴുമൊക്കെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകണം.

ഇനി കളിക്കുന്നതിനിടയിൽ ആരുടെയെങ്കിലും കൈയോ കാലോ മുറിഞ്ഞാലോ, പരിഭ്രമിക്കരുത്. മുറിവ് ശുദ്ധജലം ഉപയോഗിച്ച് വൃത്തിയായി കഴുകണം. അഴുക്കും ചെളിയുമെല്ലാം പോകട്ടെ. അൽപ്പനേരം മുറിവിനുമുകളിലായി കൈവിരൽ അമർത്തിപ്പിടിച്ചാൽ രക്തസ്രാവം താനേ നിന്നുകൊള്ളും. വൃത്തിയുള്ള തുണികൊണ്ട് ഡ്രസ്സ്ചെയ്ത് എത്രയും വേഗം വൈദ്യസഹായം തേടുകയാണ് വേണ്ടത്.

നമ്മുടെ അവധിക്കാലം വേനലിന്റെ മധ്യത്തിലാണ്. ഇപ്പോഴത്തെ വെയിലിനു ചൂട് കൂടുതലാണ്. സൂര്യപ്ര

**വേനൽക്കാലത്ത് ശരീരശുചിത്വം പാലിക്കാൻ മറക്കരുത്. ചൂടുകുരു ഉൾപ്പെടെയുള്ള നിരവധി ചർമരോഗങ്ങൾ വേനലിന്റെ ചൂടിനെതുടർന്ന് ഉണ്ടാകാം. വൈകുന്നേരം കളിയൊക്കെ കഴിഞ്ഞ് വീട്ടിലെത്തിയാൽ മേൽ കഴുകാൻ മറക്കരുത്. വിയർപ്പും പൊടിയും ചളിയുമൊക്കെ നന്നായി കഴുകി കളയണം. ചൂടുകാലത്ത് വസ്ത്രധാരണത്തിലും വേണം ശ്രദ്ധ. നൈലോൺ, പോളിസ്റ്റർവസ്ത്രങ്ങൾ വേണ്ട. അയഞ്ഞ കോട്ടൺ വസ്ത്രങ്ങളാണ് നല്ലത്.**

കാശം ഏൽക്കുമ്പോൾ ചർമത്തിന് പൊള്ളലും പുകച്ചിലുമൊന്നും ഉണ്ടാകാതെ നോക്കണം. രാവിലെ 11 മണിമുതൽ ഉച്ചയ്ക്ക് 3 മണിവരെയുള്ള സമയത്ത് തുറസ്സായ സ്ഥലങ്ങളിലെ കളികൾ ഒഴിവാക്കണം. വീടിന്റെ തിണ്ണയിലിരുന്നോ മരത്തണലിലിരുന്നോ കളികളാവാം.

ചൂടുകാലത്ത് നമ്മൾ ധാരാളം വിയർക്കാറില്ലേ? പ്രത്യേകിച്ചും പറമ്പിലൊക്കെ ഓടിക്കളിക്കുമ്പോൾ അമിതമായി വിയർക്കുന്നതിലൂടെ ശരീരത്തുനിന്നും ജലാംശവും ലവണങ്ങളും നഷ്ടപ്പെടും. ഇത് ക്ഷീണവും തളർച്ചയുമുണ്ടാക്കിയേക്കാം. കളികൾക്കിടയിൽ ധാരാളം വെള്ളം കുടിക്കാൻ മറക്കരുത്. ഉപ്പിട്ട് നാരങ്ങാവെള്ളം, കഞ്ഞിവെള്ളം, പഴച്ചാറുകൾ തുടങ്ങിയവയെല്ലാം നല്ല പാനീയങ്ങളാണ്.

ഇനി അമ്മയോടു പറഞ്ഞുണ്ടാക്കേണ്ട ഒരു ഉഗ്രൻ ഹെൽത്ത് ഡ്രിങ്കിന്റെ ചേരുവ പറഞ്ഞുതരാം. നമ്മുടെ നാടൻ സംഭാരമാണ് പാനീയം. മോര് വെള്ളംചേർത്ത് നേർപ്പിച്ച് ഉപ്പും ചേർത്ത് പച്ചമുളകും ഇഞ്ചിയും കറിവേപ്പിലയും ചതച്ചിട്ട് തയ്യാറാക്കുന്ന മോരുംവെള്ളം ഒരുത്തമ വേനൽക്കാല പാനീയമാണ്. മൺകൂജയിലൂടെ നിറച്ചുവച്ചാൽ സൂപ്പറായി. ഇടയ്ക്കിടയ്ക്ക് ഓടിവന്ന് ഓരോ ഗ്ലാസ് അകത്താക്കണം. ക്ഷീണം പമ്പകടക്കും.

വേനൽക്കാലത്ത് ശരീരശുചിത്വം പാലിക്കാനും മറക്കരുത്. ചൂടുകുരു ഉൾപ്പെടെയുള്ള നിരവധി ചർമരോഗങ്ങൾ വേനലിന്റെ ചൂടിനെതുടർന്ന് ഉണ്ടാകാം. വൈകുന്നേരം കളിയൊക്കെ കഴിഞ്ഞ് വീട്ടിലെത്തിയാൽ മേൽ കഴുകാൻ മറക്കരുത്. വിയർപ്പും പൊടിയും ചളിയുമൊക്കെ നന്നായി കഴുകി കളയണം.

ചൂടുകാലത്ത് വസ്ത്രധാരണത്തിലും വേണം ശ്രദ്ധ. നൈലോൺ, പോളിസ്റ്റർവസ്ത്രങ്ങൾ വേണ്ട. അയഞ്ഞ കോട്ടൺ വസ്ത്രങ്ങളാണ് നല്ലത്. അവധിക്കാലത്ത് പുതിയതെന്തെങ്കിലും പഠിക്കാനും ശ്രദ്ധിക്കണം. നീന്തൽ പഠിക്കുന്നത് നല്ലതാണ്. നല്ലൊരു കായികവിനോദമെന്നതിലുപരിയായി സ്വയം സുരക്ഷയ്ക്കും നീന്തൽ ഉപകരിക്കും.

മറ്റൊന്ന് സൈക്കിളിങ്ങാണ്. സൈക്കിൾ ചവിട്ടാൻ പഠിക്കാൻ ശ്രമിക്കണം. സൈക്കിളിങ് നല്ലൊരു വ്യായാമമാണ്. ഇനി സ്കൂളിൽ ചെല്ലുമ്പോൾ പറയുമല്ലോ ഞാൻ കരയിലും വെള്ളത്തിലും ഒരുപോലെ ജീവിക്കുന്ന ഉഭയജീവിയാണെന്ന്!







# അവധിക്കാലവും കുഞ്ഞുങ്ങളും

**വീണ എം**

മധ്യവേനൽ അവധിദിനങ്ങളായി. രണ്ടു മാസക്കാലം എങ്ങനെ കഴിച്ചുകൂട്ടണമെന്ന സംശയങ്ങളും ആകുലതകളുമാണ് കുട്ടികൾക്കും രക്ഷകർത്താക്കൾക്കും. പണ്ടൊക്കെ നാടൻകളികളും കൂട്ടുകാരും ഒക്കെ ചേർന്ന് സമയം പോകുന്നതേ അറിയില്ലായിരുന്നു. ഇന്ന് നമുക്കു ചുറ്റും നൂറുക്കൂട്ടം പ്രശ്നങ്ങളാണുള്ളത്. അവയെ ഫലപ്രദമായി എങ്ങനെ കൈകാര്യം ചെയ്യാം എന്ന് സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനും കൂട്ടുകാർക്ക് പറ്റിയ സമയമാണിത്.

മൂന്നു തലമായി നമുക്ക് പ്രവർത്തനങ്ങളെ തരം തിരിക്കാം. ഒന്ന് വീട്ടിനുള്ളിൽ, രണ്ട് പരിസരത്ത്, മൂന്ന് സമൂഹത്തിൽ. എങ്ങനെ ഈ അവധിക്കാലം നമുക്ക് ഫലപ്രദമാക്കാം? നമ്മുടെ പരിപാടികൾ തുടങ്ങുന്നതിനു മുൻപ് അവധിക്കാല പരിപാടികളെ ഏകോപിപ്പിച്ച് കൊണ്ടുപോകാനും വിലയിരുത്താനുമായി കുറിപ്പുകൾ തയ്യാറാക്കാനായി ഒരു ഡയറി മാറ്റി വയ്ക്കാം. ആദ്യ പരിപാടികൾ നമ്മൾ വീട്ടിൽ നിന്നു തുടങ്ങുന്നതാണ് ഉത്തമം.

## വൃത്തിയും ചിട്ടയും ഉള്ള വീട്

പരീക്ഷ ഒക്കെ കഴിഞ്ഞ് ഒന്ന് ഇരുന്നിട്ടല്ലേ ഉള്ളൂ നിങ്ങൾ. നന്നായി അറിയാം, ചൂടാണ്. ക്ഷീണമാണ്. പുറത്ത് അധികം ഇറങ്ങാനാവാത്ത സാഹചര്യങ്ങ

**അവധിക്കാലത്തെ ഏറ്റവും രസകരമായ ഒരു പ്രവർത്തനമാണ് കൃഷി. അവനവന് സന്തോഷം കിട്ടുന്നത് എന്തു ചെയ്യുമ്പോളാണെന്ന് കണ്ടെത്തണം. സ്വന്തമായി ഒരു പച്ചക്കറി തോട്ടം ഉണ്ടാകുമ്പോളാണോ, അല്ല നിറയെ പൂക്കൾ ഉള്ള ചെടികൾ ആണോ, അല്ല ചിത്രശലഭങ്ങൾക്കും പക്ഷികൾക്കും വിരുന്നൊരുക്കുന്ന ചെടികളാണോ... അങ്ങനെ ഇഷ്ടമെന്തെന്ന് ആദ്യം തീരുമാനിക്കുക. പിന്നെ അതിനു പറ്റിയ ചെടികൾ നടുക.**

ളാണ്. അതിനാൽ തന്നെ ആദ്യം കുറച്ചു സമയം എടുത്തു തന്നെ വീടും പരിസരവും ഒന്നു മനസ്സിലാക്കാൻ ശ്രമിക്കുക. തിരക്കു മൂലം കുന്നു കൂടിയ പാഴ്‌വസ്തുക്കൾ – ഉപയോഗിക്കാൻ ആവാത്തവ, പുനരുപയോഗിക്കാൻ പറ്റുന്നവ ഇവയെല്ലാം അച്ഛനമ്മമാരുടെ സഹായത്തോടെ വേർതിരിക്കാനും വീട് കുറച്ചു കൂടി സന്തോഷകരമായ ഒരു ആവാസവ്യവസ്ഥ ആക്കുന്നതിലായിരിക്കട്ടേ ആദ്യ ശ്രദ്ധ കൊടുക്കുന്നത്. നിങ്ങൾക്കു ചെയ്യാൻ കഴിയുന്ന ചില പ്രവർത്തനങ്ങൾ പറയാം. കൂടുതലായി എന്തൊക്കെ ചെയ്യാനായി എന്നത് കത്തുകളിൽ എഴുതുക.

## പ്രവർത്തനങ്ങൾ

❖ നിങ്ങളുടെ പഴയ പാഠപുസ്തകങ്ങൾ നാട്ടിൽ പുതിയ പുസ്തകങ്ങൾ വാങ്ങാൻ പറ്റാത്ത കുട്ടികൾക്ക് എത്തിച്ചു കൊടുക്കാം.

❖ നിങ്ങൾ ഉപയോഗിക്കാത്തതും എന്നാൽ ഉപയോഗയോഗ്യവുമായ വസ്ത്രങ്ങളും മറ്റും അലക്കിത്തേച്ച്, ക്ലോത്ത് ബാങ്കുകളിലേക്കോ, ആവശ്യക്കാർക്കോ എത്തിച്ചുകൊടുക്കുക.

❖ പുറത്തുപോകുമ്പോൾ ഉപയോഗിക്കുന്ന വസ്ത്രങ്ങളും മറ്റും വീട്ടിലെത്തിയാലുടൻ മാറ്റി, പറ്റിയാൽ വെറുതെ പുറം കഴുകി നല്ല വസ്ത്രങ്ങൾ ധരിക്കാൻ ശ്രമിക്കുക. ക്ഷീണം മാറ്റാൻ കിടക്കയിൽ വീഴുന്നതിനു മുമ്പ് ഇത് ഓർമിക്കുക.

❖ പഴയ സാരികളും ഷോളുകളും പേപ്പറുകളും ഒക്കെ നമുക്കു മാറ്റിവയ്ക്കാം. അവ മറ്റു തരത്തിൽ ഉപയോഗിക്കാൻ വഴികൾ കണ്ടെത്താം.

❖ പൊടിയടിക്കുക, തൂത്ത് വൃത്തിയാക്കുക, പാത്രങ്ങൾ വൃത്തിയായി എങ്ങനെ കഴുകണം, വസ്ത്രങ്ങൾ നന്നായി ഉണക്കിയെടുത്ത് മടക്കി വൃത്തിയാക്കി വയ്ക്കുന്നതെങ്ങനെ തുടങ്ങിയ കാര്യങ്ങൾ മുതിർന്നവരിൽ നിന്ന് മനസ്സിലാക്കി ഇപ്പോൾ മുതൽ അവ നിങ്ങളുടെ ഉത്തരവാദിത്തമാക്കി മാറ്റുക.

❖ അതുപോലെ തന്നെ പ്രായഭേദമന്യേ പഠിച്ചിരിക്കേണ്ട ഒരു വിഷയം അടിസ്ഥാന പാചകമാണ്. ഒരു ചായ ഇടാൻ, ഒരു ഓംലെറ്റ് ഉണ്ടാക്കാൻ, ബുൾസ് ഐ ഉണ്ടാക്കാൻ പിന്നെ കറിക്കരിയാൻ തുടങ്ങിയ കാര്യങ്ങൾ പ്രായലിംഗഭേദമന്യേ പഠിക്കാൻ എല്ലാവരും ശ്രമിക്കണം. പ്രത്യേകിച്ച് രാവിലെ ഉള്ള പാചകത്തിൽ അമ്മയെ സഹായിക്കാനും ശ്രമിക്കുക.

❖ പാചകത്തിനൊടുവിൽ വരുന്ന പച്ചക്കറി അവശിഷ്ടങ്ങൾ, ആഹാരാവശിഷ്ടങ്ങൾ തുടങ്ങിയവ ഫ്ളാറ്റുകളിൽ ആണെങ്കിൽ ചട്ടികൾ ഉപയോഗിച്ച് അല്ലെങ്കിൽ പറമ്പിന്റെ മൂലയിൽ ഒരു ജൈവമാലിന്യ കമ്പോസ്റ്റ് പോയിന്റ് തയ്യാറാക്കി അതിൽ നിക്ഷേപിക്കുക. വീഴുന്ന കരിയിലകൾ ഉൾപ്പെടെ ഇവിടെ ഉണക്ക ചാണകപ്പൊടിയും മണ്ണും ഉപയോഗിച്ച് വിഘടിപ്പിച്ച് നല്ല ജൈവവളം തയ്യാറാക്കാം.

ആദ്യത്തെ ഒരാഴ്ച നിങ്ങൾ ഇക്കാര്യങ്ങൾ പതിവായി ചെയ്യാൻ ശ്രമിക്കുകയും അത് മെല്ലെ ജീവിതത്തിന്റെ ഭാഗമാക്കുകയും വേണം. പുതുതായി അറിയുന്ന, മനസ്സിലാക്കുന്ന കാര്യങ്ങൾ ഡയറിയിൽ കുറിച്ചിടാൻ മറക്കരുത്.

## നമ്മുടെ ഭാഗമാക്കി മാറ്റേണ്ട ചുറ്റുപാടുകൾ

എത് പ്രായത്തിലുള്ള കുട്ടിയോടാണെങ്കിലും വീടു വരയ്ക്കാൻ പറഞ്ഞാൽ ഒരു വീടുണ്ടാകും, ഒന്നോ രണ്ടോ മരങ്ങളുണ്ടാകും, പിന്നെ ചട്ടികളിൽ പൂക്കൾ വിരിഞ്ഞു നിൽക്കുന്നുണ്ടാവും, പക്ഷേ യഥാർഥ ജീവിതത്തിൽ ഒരു പുൽനാമ്പ് പോലും ഉണ്ടാവണമെന്നില്ല.

അവധിക്കാലത്തെ ഏറ്റവും രസകരവും ഒരുപാടു കാര്യങ്ങളിൽ നമ്മളെ പ്രാപ്തരാക്കുകയും അതോടൊപ്പം ധാരാളം കാര്യങ്ങൾ നമ്മളെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രവർത്തനമാണ് കൃഷി അല്ലെങ്കിൽ ചെടികൾ നട്ടു നനച്ചു വളർത്തുന്ന പരിപാടി. ഒരു പൂന്തോട്ടം നിർമിക്കുന്നതിനു മുമ്പ് അമ്മയോടോ, അച്ഛനോടോ ചോദിച്ച ശേഷം, പെട്ടെന്ന് ആരും ഒന്നിനും ഉപയോഗിക്കാൻ സാധ്യതയില്ലാത്ത പറമ്പിന്റെ ഒരു മൂല കണ്ടെത്തുക. പിന്നെ ഒരു നിമിഷം സ്വസ്ഥമായിരുന്ന് അവനവന് സന്തോഷം കിട്ടുന്നത് എന്തു ചെയ്യുമ്പോളാണെന്ന് കണ്ടെത്താൻ ശ്രമിക്കുക. അതായത്, സ്വന്തമായി ഒരു പച്ചക്കറി തോട്ടം ഉണ്ടാകുമ്പോളാണോ, അല്ല നിറയെ പൂക്കൾ ഉള്ള ചെടികൾ ആണോ, അല്ല ചിത്രശലഭങ്ങൾക്കും പക്ഷികൾക്കും വിരുന്നൊരുക്കുന്ന ചെടികളാണോ... അങ്ങനെ എന്താ ഇഷ്ടമെന്ന് ആദ്യം തീരുമാനി



**ഇനിയുള്ളത് നട്ട ചെടികൾക്കുള്ള ആഹാരവും ദാഹത്തിനുള്ള വെള്ളവും കണ്ടെത്തുക എന്നതാണ്. ഒരു പഴയ വലിയ ബക്കറ്റോ, പാട്ടയോ, അല്ല ടാങ്കോ വച്ച് വീട്ടിൽ പാഴായി ഒഴുക്കിക്കളയുന്ന വെള്ളം ശേഖരിക്കുക. പാത്രം കഴുകുന്നതും തുണി കഴുകുന്നതും ആയ വെള്ളം (കടുത്ത ഡിറ്റർജന്റുകൾ ഒഴിവാക്കുക) ഉൾപ്പെടെ ശേഖരിച്ചാൽ ജലം പാഴാക്കാതെ ചെടികൾ നനയ്ക്കാൻ ഉപയോഗിക്കാവുന്നതാണ്.**

ക്കുക. പിന്നെ അതിനു പറ്റിയ ചെടികൾ നടുക. ഇഷ്ടപ്പെട്ട് കാര്യങ്ങൾ ചെയ്തു തുടങ്ങുമ്പോൾ മാത്രമേ നാം അത്തരം പ്രവർത്തനങ്ങൾ കാലാകാലം നിലനിർത്തി കൊണ്ടുപോകൂ.

❖ പച്ചക്കറിത്തോട്ടത്തിനു പറ്റിയ വിത്തുകൾ എന്താണെന്ന് കണ്ടെത്തി പടരാനുള്ളവയ്ക്ക് അതിനുള്ള സൗകര്യം ഒരുക്കുക.

❖ പൂന്തോട്ടത്തിനും ശലഭോദ്യാനത്തിനും ചില ചെടികൾ പൊതുവായി നട്ടുപിടിപ്പിക്കാനാവും. കൃഷ്ണകിരീടം, പാരിജാതം, പവിഴമല്ലി, രാജമല്ലി, നന്ത്യാർവട്ടം, ചെമ്പരത്തി, ഗന്ധരാജൻ തുടങ്ങിയ നാടൻചെടികൾ നട്ടുപിടിപ്പിക്കാനും നിലനിർത്താനും എളുപ്പമാണ്. കൂടാതെ നിറയെ തേനുള്ള ഈ സസ്യങ്ങൾ പൂമ്പാറ്റകളേയും പക്ഷികളേയും തോട്ടത്തിലേക്ക് ഹഠാദാകർഷിക്കും. എന്നാൽ അരളി, എരുക്ക്, കറിവേപ്പ്, നാടൻ മുസ്സാണ്ട, കണിക്കൊന്ന, ഗരുഡക്കൊടി പിന്നെ പല തരം പുൽവർഗങ്ങൾ ഇവ നിലനിർത്തിയാൽ പൂമ്പാറ്റകൾ നിങ്ങളുടെ തോട്ടത്തിൽ തന്നെ കുഞ്ഞുങ്ങളെ വിരിയിച്ചിറക്കാനും തുടങ്ങും. അതിനാൽ പറമ്പിലെ ചെടികളിൽ കാണുന്ന പുഴുക്കളെ നശിപ്പിക്കുന്നതിന് മുമ്പ് അവ ഏതോ ചിത്രശലഭ കുഞ്ഞുങ്ങളായേക്കാം എന്ന് ഒരു നിമിഷം ആലോചിക്കുക.

❖ ഇനിയുള്ളത് നട്ട ചെടികൾക്കുള്ള ആഹാരവും ദാഹത്തിനുള്ള വെള്ളവും കണ്ടെത്തുക എന്നതാണ്. നമ്മുടെ ജൈവവള പോയിന്റ് സന്ദർശിക്കാനുള്ള സമയമാണിത്. (അടുത്ത വർഷം ഇത് കഴിയുന്നതും ജനുവരിയിൽ തന്നെ തയ്യാറാക്കുകയോ, അല്ലെങ്കിൽ ഇതൊരു തുടർ പരിപാടിയായി വർഷം മുഴുവൻ നിലനിർത്തിപോരുകയോ ചെയ്യാവുന്നതാണ്.)

❖ ഒരു പഴയ വലിയ ബക്കറ്റോ, പാട്ടയോ, അല്ല ടാങ്കോ വച്ച് വീട്ടിൽ പാഴായി ഒഴുക്കിക്കളയുന്ന വെള്ളം ശേഖരിക്കുക. പാത്രം കഴുകുന്നതും തുണി കഴുകുന്നതും ആയ വെള്ളം (കടുത്ത ഡിറ്റർജന്റുകൾ ഒഴിവാക്കുക) ഉൾപ്പെടെ ശേഖരിച്ചാൽ ജലം പാഴാക്കാതെ ചെടികൾ നനയ്ക്കാൻ ഉപയോഗിക്കാവുന്നതാണ്.

❖ കൂടുതൽ സ്ഥലമുള്ളവർക്ക് കൃഷി വിപുലമായി ചെയ്യാൻ താത്പര്യമുണ്ടെ

ങ്കിൽ ഈ ശേഖരിക്കുന്ന ജലം ഡ്രിപ്പ് ഇറിഗേഷൻ പോലെ ചെയ്തെടുക്കാൻ ഗവൺമെന്റ് സബ്സിഡി പോലും കിട്ടും. ഉപയോഗിച്ച ജലം അഥവാ ഗ്രേ വാട്ടർ ഉപയോഗിക്കുന്നത് , വെള്ളം ഇല്ലാത്തതിനാലാണ് കൃഷി ചെയ്യാൻ കഴിയാത്തത് എന്ന പരാതി ഒഴിവാക്കാനാണ്.

❖ ബേർഡ് ബാത്തുകൾ അഥവാ കിളിക്കുളികുളം തയ്യാറാക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. പഴയ ഒരു മൺചട്ടി, അല്ലെങ്കിൽ ഒരു പരന്ന പാത്രം, നാലഞ്ച് ഇഷ്ടികകൾ ഒരു രൂപത്തിലാക്കി ഒരു പ്ലാസ്റ്റിക്ക് ഷീറ്റു വിരിച്ച് വെള്ളം നിറച്ചുൾപ്പെടെ ഇവ നിർമിക്കാം. പൂച്ചകളും മറ്റും പക്ഷികളെ പതിയിരുന്ന് ആക്രമിക്കാൻ സാധ്യതയില്ലാത്ത ഭയപ്പെടുത്താത്ത സ്ഥലങ്ങൾ തിരഞ്ഞെടുക്കണം എന്നു മാത്രം. കൊച്ചുകൂട്ടുകാർക്ക് ഇനി മുതൽ പറക്കുന്ന കൂട്ടുകാർ സുഹൃത്തുക്കളായുണ്ടാകും. ദാഹിച്ചു വലഞ്ഞ് വെള്ളം കുടിക്കാനെത്തുന്ന പക്ഷികളുടെ ചിത്രങ്ങൾ എടുക്കാനും മറ്റും അവരുടെ വിശ്വാസം നേടിയെടുത്താൽ ചെയ്യാനാകും. നിങ്ങളുടെ ഡയറിയിൽ അണ്ണാറക്കണ്ണനും കീരിയും ഉൾപ്പെടെ ആരൊക്കെ വിരുന്നിനെത്തി എന്ന് എഴുതി വയ്ക്കാൻ മറക്കരുത്.

❖ അതുപോലെ മറ്റൊരു കാര്യമാണ് ബേർഡ് ട്രേകൾ. അൽപം തണലുള്ള സൺ ഷെയ്ഡോ, മരത്തിലോ ചുവരിലോ ഘടിപ്പിച്ച പലകയോ ഒരു ബേർഡ് ട്രേ ആക്കാവുന്നതാണ്. ബാക്കി വരുന്ന ചോറോ, ബ്രഡോ, പഴങ്ങളോ മറ്റെന്തും ഇവിടെ എത്തിച്ചാൽ ആവശ്യാനുസരണം വേണ്ട ആൾക്കാർ അത് ഉപയോഗിച്ചു കൊള്ളും. ആഹാരസാധനങ്ങൾ വെറുതെ പൂപ്പലടിച്ച് നശിച്ചു പോകുകയും വേണ്ട.

❖ പഴയ കാർഡ്ബോർഡ് പെട്ടികൾ നേർത്ത പ്ലൈവുഡ് ബേസ് നൽകി ദ്വാരമിട്ട് വീടിന്റെ ചുവരുകളിൽ പിടിപ്പിച്ചാൽ കാലാന്തരത്തിൽ പക്ഷികൾ കൂടുക്കൂട്ടാൻ വന്നേക്കും. പ്രത്യേകിച്ച് കുരുവി, കുട്ടുറുവൻ വർഗത്തിൽ പെട്ടവ. ഇവയും ഡയറിയിൽ രേഖപ്പെടുത്തുക.

## കുട്ടികൾ സമൂഹ നന്മയ്ക്ക്

ഈ തീപിടിച്ച കാലാവസ്ഥയിൽ പുറത്തിറങ്ങി കാര്യങ്ങൾ ചെയ്യാൻ പറ്റുന്ന സമയം തുലോം കുറവാണ്. രാവിലെ നമ്മൾ വീടുകളിൽ സഹായമായി നിൽക്കാം എന്നു തീരുമാനിച്ച സ്ഥിതിക്ക് വൈകുന്നേരം കളിക്കാൻ ഒരുമിച്ച് കൂടുന്നതിനൊപ്പം നമ്മുടെ നാടിനെ കാലാവസ്ഥാമാറ്റത്തിന്റെ രൂക്ഷതകളിൽ നിന്നും മലിനീകരണ പ്രശ്നങ്ങളിൽ നിന്നും രക്ഷിക്കാൻ കുട്ടികളെന്ന നിലയിൽ എന്തുചെയ്യാൻ കഴിയും എന്ന് ഒന്ന് ആലോചിക്കുക. ഇവ ഒറ്റയ്ക്കല്ലാതെ ഒരുമിച്ച് ചെയ്യുന്നതാണ് ഉത്തമം. അതിനാൽ ചുറ്റുപാടുമുള്ള ഒരു പത്ത് പേരെങ്കിലും ഒരുമിച്ച് കൂടുക.

പ്രളയകാലത്ത് ഏറ്റവും



ശ്രദ്ധേയമായി പൊങ്ങി വന്ന പ്രശ്നമാണ് പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗവും ഉപഭോഗവും ദുരുപയോഗവും. മഴയും പുഴയും ചേർന്ന് ഒക്കെ വൃത്തിയാക്കി എന്ന് പറയുമ്പോഴും, കുറേ അത് ഒഴുക്കി കടലിൽ തള്ളി, കുറേ നാട്ടുകാർ കത്തിക്കുകയും കുഴിച്ചു മൂടുകയും ചെയ്തു. പക്ഷേ ഇപ്പോഴും നാം പഴയപടി തുടരുകയാണ്. ഇതിനൊരു മാറ്റം വന്നേ തീരൂ.

❖ വീടും മുറികളും വൃത്തിയാക്കിയ കൂട്ടത്തിൽ നമ്മൾ മാറ്റി വച്ച പത്രങ്ങൾ ഓർമയുണ്ടോ. അടുത്തു താമസിക്കുന്ന മറ്റ് കൂട്ടുകാരുമായി ആലോചിച്ച് സംഘം ചേർന്ന് ചെയ്യാവുന്ന ഒരു കാര്യമാണിത്. സ്വസ്ഥമായി പരത്തിയിടാൻ പറ്റുന്ന ഒരു വരാന്തയുള്ള വീടാണ് ഇതിനു പറ്റിയത്. ഷർട്ട്, കുട്ടികളുടെ വസ്ത്രങ്ങൾ ഇവ വാങ്ങുമ്പോൾ കിട്ടുന്ന പെട്ടികളുടെ സഹായത്തോടെ പേപ്പർകവറുകൾ നിർമിക്കാൻ ശ്രമിക്കുക. പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ പറഞ്ഞു കൊടുത്ത് കൂട്ടകാർക്കാവുന്ന രീതിയിൽ, അമ്പതോ നൂറോ പേപ്പർകവറുകൾ സ്ഥിരമായി തൊട്ടടുത്ത കടകളിൽ എത്തിച്ചു കൊടുക്കാവുന്നതാണ്.

❖ അതുപോലെ താത്പര്യമനുസരിച്ച് അടിസ്ഥാന തയ്യൽ രീതികൾ പഠിച്ച്, മാറ്റി വച്ച സാരികളും ഷോളുകളും തുണിസഞ്ചികളാക്കി കടകളിൽ എത്തിച്ച് കൊടുക്കാവുന്നതാണ്.

❖ കൂടുന്ന കൂട്ടുകാർ ഒരുമിച്ച് ചേർന്ന്, ഒന്നോ രണ്ടോ ദിവസം ഒരു തെരുവ് എന്ന തരത്തിൽ നിങ്ങളുടെ തെരുവുകളിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എല്ലാം ശേഖരിച്ച് ഒരുമിച്ച് കൊണ്ടുവന്ന ശേഷം, നിങ്ങളുടെ വാർഡ്, പഞ്ചായത്ത് അല്ലെങ്കിൽ കോർപ്പറേഷൻ അധികൃതരെ അറിയിച്ച്, പ്ലാസ്റ്റിക്ക്, കുപ്പിച്ചില്ല്, ട്യൂബ്ല് ലൈറ്റ്, ലോഹമാലിന്യങ്ങൾ ഇവ എത്തിക്കാനുള്ള സെന്ററുകൾ തുടങ്ങാൻ സംവിധാനം ഒരുക്കാവുന്നതാണ്.




**കൂട്ടുകാർ ഒരുമിച്ച് ചേർന്ന് പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ നാട്ടുകാരെ മനസ്സിലാക്കിക്കാൻ പോന്ന സ്കിറ്റുകൾ, പാട്ടുകൾ, പോസ്റ്ററുകൾ തുടങ്ങിയവ തയ്യാറാക്കി രണ്ടാഴ്ച കൂടുമ്പോഴോ മറ്റോ അതതു സ്ഥലങ്ങളിലെ വായനശാലകൾ, പഞ്ചായത്ത് ഓഫീസുകൾ തുടങ്ങിയ പൊതുവിടങ്ങളിൽ അവതരിപ്പിക്കാവുന്നതാണ്.**

❖ കൂട്ടുകാർ ഒരുമിച്ച് ചേർന്ന് പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ നാട്ടുകാരെ മനസ്സിലാക്കിക്കാൻ പോന്ന സ്കിറ്റുകൾ, പാട്ടുകൾ, പോസ്റ്ററുകൾ തുടങ്ങിയവ തയ്യാറാക്കി രണ്ടാഴ്ച കൂടുമ്പോഴോ മറ്റോ അതതു സ്ഥലങ്ങളിലെ വായനശാലകൾ, പഞ്ചായത്ത് ഓഫീസുകൾ തുടങ്ങിയ പൊതുവിടങ്ങളിൽ അവതരിപ്പിക്കാവുന്നതാണ്. (ബോധവത്ക്കരണം നടക്കും മുമ്പായി നിങ്ങളുടെ തുണിസഞ്ചികളും, പേപ്പർകവറുകളും കടകളിൽ എത്തിയിട്ടുണ്ടാവണം)

❖ റോഡുകൾക്കിരുവശവും തണൽ നൽകുന്ന വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനെ കുറിച്ച് നിങ്ങൾക്കെന്താണ് അഭിപ്രായം? പെട്ടെന്ന് വളർന്ന് പെട്ടെന്ന് തണൽ തരുന്ന ബേർഡ്ചെറി പോലുള്ള മരങ്ങൾക്കൊപ്പം നമ്മുടെ മാവും പേഴും ആൽമരങ്ങളും റോഡിനിരുവശം വെച്ചു പിടിപ്പിക്കയും സംരക്ഷിക്കുകയും ചെയ്യാൻ തയ്യാറുള്ള കൂട്ടുകാരെ കണ്ടെത്തുക.

❖ പതിവായി നോക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ മരത്തൈകൾ നടുമ്പോൾ ഒരു പ്ലാസ്റ്റിക്ക് കുപ്പിയിൽ വെള്ളം നിറച്ച് അടച്ച ശേഷം അടിയിൽ ഒരു ആണി ഉപയോഗിച്ച് ദ്വാരമിട്ട് തൈയുടെ കൂടെ വച്ചാൽ, മൂന്നു നാലു ദിവസത്തിലൊരിക്കൽ കുപ്പി നിറച്ചു കൊടുത്താൽ മതിയാകും. മഴക്കാലമെത്തുമ്പോൾ അവരെ വളർത്തുന്ന കാര്യം നമുക്ക് മഴയമ്മയ്ക്ക് വിട്ടുകൊടുക്കാം.

❖ കുറച്ച് പാചകമൊക്കെ അവധിക്കാലത്ത് വശമാക്കിയതല്ലേ. മാസത്തിൽ ഒരിക്കൽ ഒരു ഫുഡ് കോർട്ട് നടത്തി നിങ്ങളുടെ നാട്ടിലെ ഒരു രോഗിക്ക് ചികിത്സയ്ക്കാവശ്യമുള്ള ഒരു തുക, കുറച്ച് കുട്ടികൾക്ക് പഠനത്തിനാവശ്യമുള്ള സാധനങ്ങൾ തുടങ്ങി നിങ്ങളുടെ നാടിനു വേണ്ട എന്തു സഹായവും നിങ്ങൾക്കു ചെയ്യാവുന്നതാണ്.

ഈ ചെറിയ പ്രവർത്തനങ്ങളിലൂടെ നമുക്ക് ഈ അവധിക്കാലം തുടങ്ങാം. കുറച്ചു കൂടി പ്രവർത്തനങ്ങളുമായി വീണ്ടും കാണാം. അതോടൊപ്പം നിങ്ങളുടെ പ്രതികരണങ്ങളും പ്രതീക്ഷിക്കുന്നു. എഴുതി അറിയിക്കുമല്ലോ.

# ഗുരുവും ശിഷ്യനും

**പള്ളിയറ ശ്രീധരൻ**

കടപയാദി - അക്ഷരങ്ങളും വിലയും

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
|---|---|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | | | | | |
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | ഴ, റ |

അക്ഷരസംഖ്യകൾ പഠിപ്പിച്ചിരുന്ന ഒരു ക്ലാസ്സിൽവച്ച് ഒരു ശിഷ്യൻ ഗുരുവിനോട് ചോദിച്ചു. ''ഗുരോ... മൂന്നും നാലും അക്കങ്ങളുള്ള സംഖ്യകളെ സൂചിപ്പിക്കാൻ കടപയാദി ഉപയോഗിച്ച് ധാരാളം വാക്കുകൾ നിർമിക്കാം. കണക്കിൽ പലപ്പോഴും ഉപയോഗിക്കുന്ന ഒരു സംഖ്യയായ കോടിക്ക് എട്ട് അക്കങ്ങളുണ്ട്. ഇതിൽ ഏഴക്കങ്ങളും പൂജ്യങ്ങളാണ്. സംഖ്യയുടെ പേര് ചെറുതാണെങ്കിലും അക്കങ്ങൾ ധാരാളം. കോടിയെ സൂചിപ്പിക്കാൻ കടപയാദി ഉപയോഗിച്ച് വല്ല വാക്കുമുണ്ടോ?''

ഗുരുവിന്റെ മറുപടി ഇപ്രകാരമായിരുന്നു.

''എന്തിനാ ഒന്നുമാത്രം രണ്ടെണ്ണമായിക്കോട്ടെ. എഴുതിയെടുത്തോളൂ. ആന നന്ന നനഞ്ഞപ്പോ ഞാനും നന്ന നനഞ്ഞുപോയ്''

ഇതിൽ പ എന്ന അക്ഷരം ഒന്നിനെ സൂചിപ്പിക്കുന്നു എന്ന് നമുക്കറിയാം. ബാക്കി ബാക്കിയുള്ള ആ, ഞ, ന എന്നീ അക്ഷരങ്ങളെല്ലാം പൂജ്യത്തെ സൂചിപ്പിക്കുന്നു. അപ്പോൾ തന്നിട്ടുള്ള വാചകങ്ങൾ യഥാക്രമം 00000001 എന്നും 000000010 എന്നും സൂചിപ്പിക്കുന്നു. കടപയാദിയിൽ അക്കങ്ങൾ വലതുനിന്ന് ഇടതുഭാഗത്തേക്ക് പരിഗണിക്കുന്നതിനാലും പൂജ്യത്തിൽ സംഖ്യ തുടങ്ങുമ്പോൾ പൂജ്യം ഒഴിവാക്കുന്നതിനാലും നമുക്ക് ലഭിക്കുന്നത് 10000000 എന്നാണ്. ഇത് ഒരു കോടിയാണല്ലോ അതായത് ഒരു കോടി ചോദിച്ചപ്പോൾ രണ്ട് കോടി കിട്ടിയെന്നർഥം. ഇനി ലക്ഷം മതിയെങ്കിൽ നന്ന ഒഴിവാക്കിയാൽ മതി.

palliyarasreedharan@gmail.com


## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34

# മഹാഭാരതം

**സുഗതകുമാരി**

99

# ഭീഷ്മർ വീഴുന്നു

ഈ ദുശ്ശകുനങ്ങൾക്കിടയിൽ മനംകലങ്ങാതെ വ്യാഘ്രതുല്യം വീരയോദ്ധാക്കൾ പോരാടുകയായി. മഞ്ഞക്കുതിരകൾ പൂട്ടിയ തേരിൽ അഭിമന്യു രണ്ടാമർജുനനെപ്പോലെ ജ്വലിച്ചടുത്തപ്പോൾ കൗരവസൈന്യം വിറച്ചു. അവന്റെ പൊന്നുകെട്ടിയ വില്ല് മിന്നൽപോലെ വളഞ്ഞുതന്നെ കാണായി. അവന്റെ ആക്രമണത്തിൽ ഭയാതുരരായ സൈനികർ ആർത്തനാദം മുഴക്കുന്നതുകേട്ട് ദുര്യോധനൻ അലംബുഷനെന്ന ഉഗ്രരാക്ഷസനെ, അഭിമന്യുവിനെ കൊല്ലാൻ പറഞ്ഞയച്ചു. ഘോരരൂപിയായ ആ രാക്ഷസൻ അലറിക്കൊണ്ടു പാണ്ഡവപ്പടയെ മുടിച്ചുതുടങ്ങി. അഭിമന്യുവും സോദരന്മാരും ക്രോധത്താൽ കൺചുവന്നുകൊണ്ട് രാക്ഷസനോടേറ്റു. അവർ തമ്മിൽ ഭയങ്കരമായ യുദ്ധം നടന്നു. പരസ്പരം അമ്പുകളെക്കൊണ്ടു മൂടി. ഏറെ മുറിപ്പെടുകയാൽ കഠിനമായി അലറിക്കൊണ്ട് രാക്ഷസൻ അഭിമന്യുവിനോടടുത്തു. രാക്ഷസമായകൊണ്ട് പോർക്കളം ഇരുട്ടിലാഴ്ന്നു. അപ്പോൾ അഭിമന്യു ഭാസ്കരാസ്ത്രം പ്രയോഗിച്ച് അന്ധകാരമകറ്റി രാക്ഷസനെ മൊട്ടുഴിഞ്ഞ ശരങ്ങളാൽ വീണ്ടും വീണ്ടും മുറിപ്പെടുത്തി. അലറിക്കരഞ്ഞുകൊണ്ട് രാക്ഷസൻ യുദ്ധക്കളം വിട്ടോടി മറഞ്ഞു.

ദുശ്ശകുനങ്ങൾ കണ്ട് ദ്രോണാചാര്യർ പുത്രനായ അശ്വത്ഥാമാവിനോടു പറഞ്ഞു. 'ഉണ്ണീ, ദുർലക്ഷണങ്ങൾ കാണുന്നുവല്ലോ. എന്റെ വില്ലിതാ സ്വയം വിറകൊള്ളുന്നു. നമ്മുടെ സൈന്യത്തിന് മുകളിൽ കഴുകന്മാർ വട്ടം ചുറ്റുന്നു. കൊള്ളിമീൻ ചാടുന്നു. സൂര്യനുചുറ്റും കറുത്ത വലയം കാണുന്നു. നമ്മുടെ ഭാഗത്തെ രാജാക്കന്മാർക്കുള്ള പടച്ചട്ടകൾക്കു തിളക്കംകെട്ടിരിക്കുന്നു. തെക്കേദിക്കിൽ നിന്ന് കുറുക്കൻ ഓരിയിടുന്നു. ക്രൂരപക്ഷികൾ മൃത്യുകോണിലിരുന്ന് ചിലയ്ക്കുന്നു. യുദ്ധം ഭീഷണമായിക്കഴിഞ്ഞു. മകനേ, അർജുനൻ ഭീഷ്മവധത്തിന് കഠിനമായി ശ്രമിക്കുകയായിരുന്നു ഇക്കഴിഞ്ഞ ദിനങ്ങളിലെല്ലാം. ഇന്ന് എന്തെങ്കിലും സംഭവിക്കുമെന്ന് നിമിത്തങ്ങൾ പറയുന്നു. എന്റെ മനസ്സ് വ്യഥിതമാവുന്നു. ചെല്ലൂ, അവനെ തടുക്കൂ. വേഗമാവട്ടെ.'

യുദ്ധസന്നദ്ധനായ അശ്വത്ഥാമാവ് മഹാസ്ത്രങ്ങൾ പൊഴിച്ചുകൊണ്ട് സേനകളെ തുരത്തി ഭീഷ്മസവിധത്തിലെത്തി അടരാടുവാൻ തുടങ്ങി. അവിടെ തിമിംഗലം കടൽത്തിരകളെ ഇളക്കി മറിക്കുന്നതുപോലെ കിരീടി കൗരവസേനയെ ഉലച്ചു ചിതറിക്കുന്നതു കാണായി. പാർഥനോടൊപ്പം ഭീമസേനനും കൊടുങ്കാറ്റുപോലെ സേനാപംക്തികളെ തകർത്തെറിയുന്നു. ദ്രോണരുടെ നിയോഗത്താൽ ഭഗദത്തനും കൃപരും ശല്യരും ജയദ്രഥനും വികർണനുമെല്ലാം ഭീഷ്മരുടെ രക്ഷയ്ക്കായെത്തി അടരാടി. ഇവരെല്ലാവരും ചേർന്ന് ഭീമനെ ബാണങ്ങളാൽ മൂടിയപ്പോൾ ക്രോധംമുഴുത്ത ഭീമൻ ശരവർഷത്താൽ അവരെയേവരെയും പ്രഹരിക്കുകയായി. ജയദ്രഥന്റെ വില്ല് മുറിച്ചു സൂതനെക്കൊന്നു തേരുമുടച്ചുകളഞ്ഞപ്പോൾ ആ രാജാവ് തിടുക്കത്തിൽ വികർണരഥത്തിലേറി അമ്പുകൾ എയ്തുതുടങ്ങി. കൂട്ടമായി ആ വില്ലാളികൾ അയച്ച അമ്പുകളെല്ലാം മഴയേൽക്കുന്ന വൻമലപോലെ ദ്വിതീയ പാണ്ഡവൻ തന്റെ പെരുംശരീരത്തിലേറ്റുകൊണ്ടു നൂറുനൂറമ്പുകളെയ്ത് അവരെ വിവശരാക്കി. പത്ത് രഥികൾ ചേർന്ന് ഭീമനെ നേരിടുന്നതു കണ്ട പാർഥൻ ബാണങ്ങൾ ചൊരിഞ്ഞുകൊണ്ട് അവിടേക്കെത്തി. സുശർമാവും കൂട്ടരും കുതിച്ചെത്തി അർജുനനോടേറ്റു. മഹാവീരന്മാർ വില്ലുമമ്പുംകൊണ്ട് കളിക്കുന്നതുപോലെ കാണായി. ആ കളിയിൽ കുതിരക്കൂട്ടങ്ങളും ആനകളും ചത്തുമലച്ചു. തേരാളികൾ തെറിച്ചു വീണു പിടയുന്നതുകാണായി.

ഭീഷ്മരുടെ തീക്ഷ്ണബാണശതങ്ങളേറ്റ് അന്ന് പതിനായിരം പേരാണ് പാണ്ഡവപക്ഷത്തിൽ മരിച്ചുവീണത്. അതോടെ മനംനൊന്ത ഭീഷ്മർ തന്നോടു പോർചെയ്തു നിൽക്കുന്ന യുധിഷ്ഠിരനോടു പറഞ്ഞു. 'ഉണ്ണീ, എനിക്ക് മനസ്സിലായി. എത്രായിരം നിരപരാധികളെയാണ് ഞാൻ കൊന്നൊടുക്കുന്നത്. എനിക്കീ ജീവിതം മടുത്തുകഴിഞ്ഞു. ഈ ദേഹം എനിക്ക് വേണ്ടാ

തായി. എന്നെ പറഞ്ഞയയ്ക്കൂ വേഗം!' സൈന്യം മുന്നോട്ടു കുതിച്ചുകയറി. അതാ, ശിഖണ്ഡിയെ മുൻനിർത്തി അർജുനൻ ഭീഷ്മരുടെ നേർക്ക് കൂരമ്പു കളെയ്യുന്നു. അതുകണ്ട ദുര്യോധനൻ മുന്നോട്ടുകുതിച്ചപ്പോൾ അഭിമന്യു ബാണ ങ്ങളാൽ അവനെ തടഞ്ഞുനിർത്തി. അശ്വ ത്ഥാമാവിനോടു സാത്യകിയും ശല്യരോട് യുധിഷ്ഠിരനും ആനപ്പടയോടു ഭീമസേ നനും യുദ്ധംവെട്ടി. ഭയങ്കരാരവങ്ങളാൽ കുരുക്ഷേത്രം മാറ്റൊലിക്കൊണ്ടു. പെരു മ്പറയൊച്ചകളും സിംഹാരവങ്ങളും ആർത്തനാദങ്ങളും ക്രൂരമായ ചെറു ഞാണൊലിയൊച്ചകളും ഇടകലർന്ന് ഇരമ്പിക്കേൾക്കായി. ഭീഷ്മർക്കുവേണ്ടി രണ്ടു സൈന്യങ്ങളും അതിസാമർഥ്യ ത്തോടെ ഏറ്റുമുട്ടി.

ഭീഷ്മരെ വളഞ്ഞ പാണ്ഡവസേനയെ വൃക്ഷങ്ങളെ കാട്ടുതീയെന്നപോലെ ഭീഷ്മർ മുടിച്ചു. ദുശ്ശാസനൻ ഏറെ വീര്യത്തോടെ ഭീഷ്മസവിധത്തിൽ പൊരുതിനിന്നു. ഉഗ്രനായ അവനെ സർവരും പുകഴ്ത്തി. പാണ്ഡവസൈന്യ ത്തെയും രാജാക്കന്മാരെയും തകർത്ത് യുദ്ധം ചെയ്യുന്ന അവനെ ഗണിക്കാതെ ശ്വേതാ ശ്വരഥത്തിൽ പാർഥൻ ഭീഷ്മരുടെ നേരേതന്നെ ചെന്നു. ശിഖണ്ഡി ഭീഷ്മർക്കുനേരെ ബാണ വർഷം ചെയ്തു. മഹാനായ അദ്ദേഹം ആ ബാണ ങ്ങളെ ചിരിച്ചുകൊണ്ടു മെയ്യിലേറ്റു. അർജുനൻ ഭീഷ്മരോടടുക്കുന്നതുകണ്ട ദുര്യോധനൻ തിടു ക്കത്തിൽ തന്റെ സേനയെ അർജുനനെ നേരിടാൻ നിയോഗിച്ചു. തീയിൽ ഈയാംപാറ്റകൾപോലെ അവർ പാർഥബാണങ്ങളാൽ ദഹിച്ചുപോയി. മിന്നൽപോലെ ജ്വലിച്ചുകാണായ ഗാണ്ഡീവം കൂരമ്പുകൾ പൊഴിച്ച് എതിർത്തവരെയെല്ലാം തകർത്തു. മെയ്യെല്ലാം കീറിമുറിഞ്ഞ ദുശ്ശാസ നനും വികർണനും ശല്യരും കൃപരും തേരു കൾ തകർന്ന് പോർക്കളംവിട്ടു പാഞ്ഞുപോയി. ചോരകൊണ്ടു മെഴുകിയ പോർക്കളത്തിൽ വീണുപിടയുന്ന മനുഷ്യർക്കും മൃഗങ്ങൾക്കുമിട യിലൂടെ മഴമേഘങ്ങൾപോലെ രഥങ്ങൾ മിന്നലും ബാണവർഷവും പൊഴിച്ചുകൊണ്ട് പാഞ്ഞു നടന്നു. തേരുടഞ്ഞു പാഞ്ഞുപോയവർ പുതിയ തേരുകളേറി ആയുധങ്ങളേന്തി മടങ്ങിവന്നു. യുദ്ധം കൂടുതൽ ഭീഷണമായി. ഭീഷ്മരുടെ ബാണാഗ്നിയിൽ പാണ്ഡവസേനാനായകർ പലരും കത്തിയമർന്നു. പാർഥന്റെ ശരക്കൂട്ടം ഭീഷ്മരുടെ ശരക്കൂട്ടമേറ്റു ചിതറി. പാഞ്ചാലനും ധൃഷ്ടദ്യുമ്നനും ഭീമനും ഘടോൽക്കചനും നകുലസഹദേവന്മാരും അഭിമന്യുവുമെല്ലാം




വര: ജയേന്ദ്രൻ

ഭീഷ്മ ബാണങ്ങളേറ്റ് ആർത്തരായപ്പോൾ വീണ്ടും ശിഖണ്ഡിയെ മുൻനിർത്തി പാർഥനും മറ്റ് പാണ്ഡവരും ധൃഷ്ട ദ്യുമ്നനും വളഞ്ഞെതിർത്തിട്ടും കുരുസേനാനായ കൻ പാണ്ഡവസേനാവ്യൂഹം പിളർന്നു കയറി. ഭീമനെയും സാത്യകിയെയും ജിഷ്ണുവിനെയും ധൃഷ്ടദ്യുമ്നനെയും പടച്ചട്ടകൾ കീറുന്നമട്ടിൽ കൂരമ്പെയ്തു കുഴക്കി. അർജുനൻ കോപിച്ചു ഭീഷ്മരുടെ മഹാചാപം അറുത്തിട്ടു. അതുകണ്ട കൗരവപ്രമുഖർ പാഞ്ഞെത്തുന്നതുകണ്ട് ഭീമനും സാത്യകിയും മറ്റ് പാണ്ഡുപുത്രന്മാരും ധൃഷ്ട ദ്യുമ്നനും പാർഥരഥത്തെ കാക്കുവാൻ പാഞ്ഞെത്തി. യുദ്ധത്തിന്റെ തുമുലാരവം ദിഗന്തങ്ങളിൽ പ്രതി ധ്വനിച്ചു. ശിഖണ്ഡി പാർഥന്റെ രക്ഷയിൽ നിന്നു കൊണ്ട് പത്തമ്പുകൾ ഭീഷ്മരുടെ നേർക്ക് വിട്ടു. ഭീഷ്മസൂതനെ കൊന്നു. ഒരമ്പാൽ കൊടിമരം മുറി ച്ചിട്ടു. മറ്റൊരു വില്ലെടുത്ത് അടുക്കുന്ന ഭീഷ്മരുടെ ആ വില്ല് സവ്യസാചി മുറിച്ചിട്ടപ്പോൾ ചുണ്ടുകൾ നക്കിത്തുടച്ചും ക്രോധത്താൽ ചൊടിച്ചും ഭീഷ്മർ മലപോലും പിളർക്കുന്ന ഒരു ഊക്കൻവേൽ പാർഥനു നേർക്കുചാട്ടി. ഇടിവാൾപോലുള്ള അതിന്റെ വരവു കണ്ട പാർഥൻ അഞ്ചമ്പുകൊണ്ട് അതിനെ മുറിച്ചെറിഞ്ഞു. അതുകണ്ട ഭീഷ്മർ സ്മരിച്ചു. 'ഞാൻ അവധ്യനാണ്. പാണ്ഡവരെ ഞാൻ കൊല്ലുകയില്ല. ശിഖണ്ഡിയെ ഞാൻ എതിർക്കുകയുമില്ല. എനിക്ക് സമയമടുത്തിരി



ക്കുന്നു.' ഇതിനിടെ ശിഖണ്ഡി ഭീഷ്മരുടെ പടച്ചട്ടപൊട്ടും വിധത്തിൽ കൂരമ്പുകൾ എയ്യുകയായിരുന്നു. അവ തുളച്ചുകയറിയിട്ടും മലപോലെ കുലുക്കമറ്റുനിന്ന ഭീഷ്മരെ നോക്കി അർജുനൻ വീണ്ടും വീണ്ടും അമ്പുകളെയ്തു. ഭീഷ്മർ വില്ലെടുത്ത് വീണ്ടും ഘോരയുദ്ധമാരംഭിച്ചു. പാർഥൻ വീണ്ടും ആ വില്ല് മുറിച്ചു. വീണ്ടും ഭീഷ്മർ വില്ലെടുത്തു, അതും എയ്തുമുറിച്ച് ഭീഷ്മരുടെ നേർക്ക് തീക്ഷ്ണബാണങ്ങളെയ്തു കിരീടി. ഭീഷ്മർ അവയേറ്റ് ചിരിച്ചുകൊണ്ട് ദുശ്ശാസനനോടു പറഞ്ഞു. 'മിന്നൽപോലെ എന്റെ നേർക്കു നിരക്കെവരുന്ന ഈ അമ്പുകൾ ശിഖണ്ഡിയുടേതല്ല, അർജുനന്റേതാണ്. എന്റെ ചട്ട പൊട്ടിച്ചു മർമം പിളർക്കുന്ന ഈ അമ്പുകൾ ശിഖണ്ഡിയുടേതല്ല, അർജുനന്റെയാണ്. ഇവ എന്റെ പ്രാണനെ പീഡിപ്പിക്കുന്നു. ഇവ ശിഖണ്ഡിയുടേതല്ല. ക്രൂരസർപ്പങ്ങൾപോലെ എന്നെ കൊത്തിമുറിക്കുന്ന ഈ ബാണങ്ങൾ മറ്റാരുടേതുമല്ല, പാർഥന്റേതാണ്.'

ഭീഷ്മർ മറ്റൊരു വേലെടുത്തു ചാട്ടി. പൊന്നിൻ പരിചയും വാളും കൈയിലെടുത്തു. ആ പരിചയും വാളും അർജുനാസ്ത്രങ്ങൾ നുറുക്കിയിട്ടു. സിംഹനാദം മുഴക്കിക്കൊണ്ട് വില്ലാളികൾ ചുറ്റുംനിന്നു ബാണങ്ങളെയ്തു. ഭീഷ്മരക്ഷയ്ക്കായി കൗരവസേനയിലെ മഹാരഥർ കഠിനശ്രമം ചെയ്തു. ആർത്തനാദങ്ങളും അട്ടഹാസങ്ങളും ആയുധാരവങ്ങളും കോലാഹലങ്ങളും നിറഞ്ഞ ആ ഭയങ്കര യുദ്ധത്തിനിടയിൽ പാർഥബാണങ്ങൾ മെയ്യാകെ തറച്ച ഭീഷ്മപിതാമഹൻ തേരിൽ ഒരുനിമിഷം നിശ്ചലനായി നിന്നിട്ട് മഹാവൃക്ഷം കടപുഴകിവീഴുംപോലെ നിലംപതിച്ചു. എങ്ങും ഹാഹാകാരം മുഴങ്ങി. ആ ഗംഭീര സൗന്ദര്യമിയന്ന ശരീരം വീണിട്ടും മണ്ണിൽ തൊട്ടില്ല, നിരക്കെ തറച്ചിരിക്കുന്ന അമ്പുകളിൽ തറഞ്ഞ് ഉയർന്നുതന്നെ കിടന്നു. ശരശയ്യയിൽ സസുഖം കിടക്കുകയായീ മഹാവീരനായ കുരുപിതാമഹൻ! ആ മുഖത്ത് ദീനതയല്ല ഒരു ദിവ്യഭാവം പ്രസരിച്ചു. അദ്ദേഹം വീണപ്പോൾ ഭൂമി കുലുങ്ങി. മഴ ഇരമ്പിപ്പെയ്തു. 'ദക്ഷിണായനകാലത്ത് ഭീഷ്മർ മരിക്കുമോ?' എന്ന് ഋഷികൾ ശങ്കിക്കുന്നത് മരണാസന്നനായ ഭീഷ്മർ കേട്ടു. അദ്ദേഹം ഇങ്ങനെ സ്മരിച്ചു. 'അച്ഛന്റെ അനുഗ്രഹത്താൽ ഞാൻ സ്വച്ഛന്ദമൃത്യുവാണ്. അതിനാൽ ഉത്തരായനകാലംവരെ കാത്തുകിടക്കാം.' ഭീഷ്മർ കണ്ണുകളടച്ചു ധ്യാനം പൂണ്ടു. (തുടരും)




**അടുത്ത ലക്കം മുതൽ പുതിയ നോവൽ ആരംഭിക്കുന്നു....**

**ടോം സോയറുടെ സാഹസിക ജീവിതം**

മാർക്ക് ട്വയിൻ രചിച്ച
***The Adventures of Tom Sawyer*** ന്റെ പുനരാഖ്യാനം

**പുനരാഖ്യാനം : ജോളി വർഗീസ്**

കഥ

# തർക്കം

## ഉത്തമൻ പാപ്പിനിശ്ശേരി

മഴക്കാലമാണ്.

സുഹൃത്തുക്കളായ കിട്ടനും കുട്ടനും ഒരു ദേശാടനത്തിനുപോയി തിരിച്ചുവരികയാണ്. അവർ വല്ലാതെ ക്ഷീണിച്ച് അവശരായിരിക്കുന്നു. കുറേ ദിവസങ്ങളായി നടക്കാൻ തുടങ്ങിയിട്ട്.

പകൽ മുഴുവൻ നടക്കും. രാത്രിയിൽ ഏതെങ്കിലും മരച്ചുവട്ടിലോ മറ്റോ തങ്ങും. ഭക്ഷണമുണ്ടാക്കി കഴിച്ച് കിടന്നുറങ്ങും. രാവിലെ വീണ്ടും യാത്ര തുടരും.

അവർ കരുതിയ അരിയും മറ്റും തീരാറായി. ഇനി ഒരു നേരത്തേക്കുള്ളത് മാത്രമേയുള്ളൂ. വീട്ടിലെത്താൻ ഇനി രണ്ടുദിവസം കൂടി യാത്ര ചെയ്യണം. അങ്ങനെ സന്ധ്യ കഴിഞ്ഞപ്പോൾ അവർ ഒരു പുഴക്കരയിലെ മരച്ചുവട്ടിൽ വിശ്രമിച്ചു. അപ്പോൾ കിട്ടൻ പറഞ്ഞു.



വര: സചീന്ദ്രൻ കാറഡുക്ക

''വിശപ്പ് സഹിക്കാനാകുന്നില്ല. നമ്മുടെ പക്കലുള്ള അരികൊണ്ട് കഞ്ഞിയുണ്ടാക്കി കുടിക്കാം.''

''നാളത്തേക്ക് എന്തു ചെയ്യും?'' കുട്ടൻ ചോദിച്ചു.

''ഇന്ന് കഴിഞ്ഞിട്ടല്ലേ നാളെ... നാളത്തേക്ക് എന്തെങ്കിലും ആലോചിക്കാം.''

കിട്ടന് വിശപ്പ് ഒട്ടും സഹിക്കാനാകുന്നില്ല.

കുട്ടനും നന്നായി വിശക്കുന്നുണ്ടായിരുന്നു. അവൻ കിട്ടൻ പറഞ്ഞതിനോട് അനുകൂലിച്ചു. അവർ തുണിക്കെട്ടഴിച്ച് പാത്രമെടുത്തു. പുഴയിൽ ചെന്ന് കാലും മുഖവും കഴുകി പാത്രത്തിൽ വെള്ളമെടുത്ത് തിരിച്ചുവന്നു. അപ്പോഴാണ് തീ ഇല്ലല്ലോ എന്നോർത്തത്. ഒരു തീപ്പെട്ടി കൂടി കരുതണമായിരുന്നു എന്ന് എന്നും സന്ധ്യയ്ക്ക് തോന്നാറുണ്ട്. ഇപ്പോൾ അടുത്തെങ്ങും ഒരു വീടുപോലും കാണുന്നില്ല. സൂക്ഷിച്ചു നോക്കിയപ്പോൾ അങ്ങകലെ ഒരു മിന്നാമിന്നിപോലെ കണ്ടു.

''നീ അവിടെ ചെന്ന് തീ വാങ്ങിക്കൊണ്ടുവാ...'' കിട്ടൻ കുട്ടനോട് പറഞ്ഞു.

''അയ്യോ... എനിക്ക് ഒട്ടും നടക്കാൻ പറ്റുന്നില്ല. നീ തന്നെ ചെല്ല്...'' കുട്ടന്റെ മുഖം കോടി. കണ്ണുകൾ ചെറുതാക്കി നല്ല വേദന അഭിനയിച്ചു.

''എന്റെ കാലുകളും കഴയ്ക്കുന്നു. ഒരടി പോലും നടക്കാനാകില്ല. നീ തന്നെ ചെല്ല്...''

അരി വേകാൻ വേണ്ടതിലധികം സമയം അവർ തർക്കിച്ചു.

ഒടുവിൽ കിട്ടൻ തീ കൊണ്ടുവന്നു. അപ്പോഴേക്കും കുട്ടൻ അടുപ്പുകൂട്ടി. അവർ ഇലകളും ചുള്ളികളും പെറുക്കി തീയുണ്ടാക്കി. അരി കഴുകി അടുപ്പത്തിട്ടു.

''ഞാനാ തീ കൊണ്ടുവന്നത്. എനിക്ക് കൂടുതൽ കഞ്ഞി തരണം.'' കിട്ടൻ ആവശ്യപ്പെട്ടു.

''അതൊന്നും പറ്റില്ല. കഞ്ഞി രണ്ടു പേർക്കും ഒരുപോലെ.'' കുട്ടന്റെ മുഖം കറുത്തു. വീണ്ടും തർക്കമായി.

''എന്നാൽ ഞാൻ കൊണ്ടുവന്ന തീകൊണ്ട് കഞ്ഞി വയ്ക്കണ്ട.'' കിട്ടന് വാശിയായി. മുഖം കനത്തു. നോട്ടം രൂക്ഷമായി. അടുപ്പിലെ തീക്കൊള്ളി വലിച്ച് പുറത്തിട്ടു.

തർക്കം നീണ്ടുനിന്നു. അപ്പോൾ ശക്തമായ കാറ്റും മഴയും വന്നു. മഴയത്ത് അടുപ്പിലെ തീ അണഞ്ഞുപോയി. ഒരു കാറ്റ് ആഞ്ഞടിച്ചു.

''ഠർ...ഠർ... ഠേഠോ...''

മരത്തിന്റെ വലിയൊരു കൊമ്പ് അടർന്നു.

''ഢും...''

അത് അടുപ്പിൽ വച്ച പാത്രത്തിന്റെ മേലെ വീണു. പാത്രം ഉടഞ്ഞു. അരിയും പോയി.

**കഥാകൃത്ത് ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ അന്തരിച്ചു.**

ഇളം തളിർ

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

# പറ്റിച്ച കിളിക്കുഞ്ഞ്

**അനന്തകൃഷ്ണൻ എസ്, ക്ലാസ് 5 ഇ,
സെന്റ് സ്റ്റീഫൻസ് ഹയർ സെക്കൻഡറി
സ്കൂൾ, പത്തനാപുരം- 689694**

ഒരു സ്കൂൾദിവസം. പതിവുപോലെ തന്നെ അമ്മയും ഞാനും നേരത്തേ തന്നെ കാത്തിരിപ്പു കേന്ദ്രത്തിലെത്തിയപ്പോൾ അവിടെ യാത്രക്കാർ കൂടുതലായിരുന്നതുകൊണ്ട് ഞങ്ങൾ അവിടെയുള്ള ഒരു കടയ്ക്കരികിൽ സ്കൂൾബസ് കാത്തുനിന്നു. കട അടഞ്ഞുകിടന്നിരുന്നു. അവിടെ റോഡിനരികിൽ നിന്നിരുന്ന ഒരു വലിയ മരുതിമരത്തിൽനിന്നും ഒരു ചെറിയ കിളി റോഡിലേക്കു വന്നുവീണു. ഒരുപാട് വാഹനങ്ങൾ പോകുന്ന റോഡാണ്. അമ്മ എന്നോടു പറഞ്ഞു. ‘മോനേ റോഡിലൊരു കിളിക്കുഞ്ഞ് വീണുകിടക്കുന്നു. നീ അവിടെ പോയി അതിനെ ഇങ്ങ് കൊണ്ടുവാ.’ ഞാൻ ഓടിച്ചെന്ന് അതിനെ കൈയിലെടുത്തു കൊണ്ടുവന്നു. ഞാൻ അമ്മയുടെ കൈയിൽ കൊടുത്തുകഴിഞ്ഞപ്പോൾ കിളി കിടന്നിരുന്നടുത്തുകൂടി ഒരു വലിയ ലോറി ചീറിപ്പാഞ്ഞുപോയി. ഞാൻ അമ്മയോടു പറഞ്ഞു. ‘പാവം കിളി. ഇതിനെ നമുക്ക് വീട്ടിൽ കൊണ്ടുപോയി വളർത്താം.’ കിളി അമ്മയുടെ കൈയിലായി. അമ്മ പറഞ്ഞു. ‘നിൽക്ക് സ്കൂൾബസ് ഇത്രയും നേരമായിട്ടും കാണുന്നില്ല. കുറച്ചു കൂടി നോക്കിയിട്ട് പോകാം.’ ഞാൻ പറഞ്ഞു. ‘എന്നാൽ കിളിയെ എന്റെ കൈയിൽ തരൂ.’ അമ്മ കിളിക്കുഞ്ഞിനെ എന്റെ കൈയിൽ തരാൻ പോയപ്പോൾ കിളിക്കുഞ്ഞ് അമ്മയുടെ കൈയിൽനിന്ന് ചാടിയെഴുന്നേറ്റ് കൈയിൽ കാഷ്ഠിച്ചുകൊണ്ട് പറന്നുപോയി. ഞാനും അമ്മയും മുഖാമുഖം നോക്കിനിന്നു. എന്തായാലും സന്തോഷമുണ്ട്. കിളിക്കുഞ്ഞിനൊന്നും സംഭവിച്ചില്ലല്ലോ.





വര: ഗോപു പട്ടിത്തറ




സൗപർണ്ണിക മോൾ, 8 സി, എം. റ്റി. എച്ച്. എസ്, ചണ്ണപ്പേട്ട, കൊല്ലം-691311..



# പൂവിന്റെ വിശേഷം



ഫൈഹ പി പി, ക്ലാസ് 3 എ,
ജി എം എൽ പി സ്കൂൾ, എടവണ്ണ

പൂമണമെങ്ങും പരന്നല്ലോ
കാറ്റ് വന്ന് പറഞ്ഞല്ലോ
പൂന്തേനുണ്ണാൻ വണ്ടുകളും
മൂളിപാടി വരുന്നല്ലോ
പൂമ്പാറ്റകളും പൂക്കളുമൊത്ത്
ആടിപ്പാടി കളിച്ചല്ലോ
കിന്നാരം ചൊല്ലി രസിച്ചല്ലോ
പൂവിതളെല്ലാം വീണപ്പോൾ
പൂമണമെല്ലാം തീർന്നപ്പോൾ
വണ്ടുകൾ പൂമ്പാറ്റകളെല്ലാം
മൂളിപ്പാടി പോയല്ലോ
ദൂരേക്കു
മൂളിപ്പാടി പോയല്ലോ.

# 2018 ലെ ബാലസാഹിത്യ പുരസ്കാരങ്ങൾ വിതരണം ചെയ്തു

മലയാള ബാലസാഹിത്യത്തിന് സംഭാവനകൾ നൽകിയ എഴുത്തുകാർക്കുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്തു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ബാലസാഹിത്യകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി വർഷം തോറും ബാലസാഹിത്യ പുരസ്കാരങ്ങൾ നൽകി വരുന്നുണ്ട്.

2018 ലെ ബാലസാഹിത്യ പുരസ്കാരങ്ങൾ ഇക്കഴിഞ്ഞ മാർച്ച് 16-ാംതീയതി പാലക്കാട് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ പ്രശസ്ത സാഹിത്യകാരൻ ശ്രീ മുണ്ടൂർ സേതുമാധവൻ സമ്മാനിച്ചു. സാഹിത്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭാഗമാണ് കൈകാര്യം ചെയ്യുന്നതെന്ന ബോധം ബാലസാഹിത്യകാരന്മാർക്ക് ഉണ്ടാവണ



ബാലസാഹിത്യ പുരസ്കാരസമർപ്പണ വേളയിൽ പ്രശസ്ത സാഹിത്യകാരൻ ശ്രീ മുണ്ടൂർ സേതുമാധവൻ സംസാരിക്കുന്നു.



2018 ലെ പാലാ കെ എം മാത്യു പുരസ്കാരം പ്രശസ്തകവി ശ്രീ ഏഴാച്ചേരി രാമചന്ദ്രന് ശ്രീ മുണ്ടൂർ സേതുമാധവൻ സമ്മാനിക്കുന്നു.

# മറ്റു പുരസ്കാരങ്ങൾ

കഥ




**ജി ആർ ഇന്ദുഗോപൻ**
(ദ് ലാസ്റ്റ് ഭൂതം)

കവിത



**വിനോദ് വൈശാഖി**
(ഓലപ്പൂക്കൾ)

നാടകം




**ഡി പാണി**
(രംഗകേളി)

ജീവചരിത്രം



**ശ്രീകല ചിങ്ങോലി**
(ചെമ്പൈ വൈദ്യനാഥ ഭാഗവതർ)

വൈജ്ഞാനികം



**ഡോ. ബി ഇക്ബാൽ**
(പുസ്തകസഞ്ചി)

ശാസ്ത്രം



**ഡോ. അജിത് പ്രഭു**
(വെളിച്ചവും വിളക്കുകളും)

വിവർത്തനം



**തുമ്പൂർ ലോഹിതാക്ഷൻ**
(1857 ലെ ഒരു കഥ)

ചിത്രീകരണം



**സജി വി**
(അപ്പുക്കുട്ടനും കട്ടുറുമ്പും)

പ്രൊഡക്ഷൻ

**ഡി സി ബുക്സ്**
(നീലക്കുറുക്കൻ )

മെന്ന് പുര്സകാരം സമ്മാനിച്ചു കൊണ്ട് മുണ്ടൂർ സേതുമാധവൻ പറഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ, ആധ്യക്ഷ്യം വഹിച്ച ചടങ്ങിൽ ബാലസാഹിത്യ പുരസ്കാരങ്ങളും പാലാ കെ എം മാത്യു പുരസ്കാരവുമാണ് ജേതാക്കൾക്ക് സമ്മാനിച്ചത്. പ്രസ്തുത ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം ശ്രീ പയ്യന്നൂർ കുഞ്ഞിരാമൻ അവാർഡു ജേതാക്കളെ പരിചയപ്പെടുത്തി. ശ്രീ ടി ആർ അജയൻ, ശ്രീ എം കാസിം, ശ്രീ എം കെ ചന്ദ്രൻകുട്ടി, ശ്രീ എം സി വാസുദേവൻ എന്നിവർ സംസാരിച്ചു. ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ ആർ മധു സ്വാഗതവും ഇൻസ്റ്റിറ്റ്യൂട്ട് സബ് എഡിറ്റർ ശ്രീമതി ജെ എൻ സെലിൻ നന്ദിയും പറഞ്ഞു.

2018 ലെ പാലാ കെ എം മാത്യു പുരസ്കാരത്തിന് പ്രശസ്തകവി ഏഴാച്ചേരി രാമചന്ദ്രൻ അർഹനായി. *അംഗുലീമാലൻ* എന്ന കവിതാപുസ്തകമാണ് അദ്ദേഹത്തെ പുരസ്കാരത്തിന് അർഹനാക്കിയത്. 60,001 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

20,000 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് മറ്റു മേഖലകളിലെ പുരസ്കാരം.

കഥ/നോവൽ വിഭാഗത്തിൽ – ദ് ലാസ്റ്റ് ഭൂതം എന്ന പുസ്തകത്തിന് ശ്രീ ജി ആർ ഇന്ദുഗോപനും കവിതാവിഭാഗത്തിൽ ഓലപ്പൂക്കൾ എന്ന കൃതിക്ക് ശ്രീ വിനോദ് വൈശാഖിയും വൈജ്ഞാനിക സാഹിത്യത്തിൽ പുസ്തകസഞ്ചി എന്ന പുസ്തകത്തിന് ഡോ. ബി ഇക്ബാലും ശാസ്ത്രവിഭാഗത്തിൽ വെളിച്ചവും വിളക്കുകളും എന്ന കൃതിക്ക് ഡോ അജിത് പ്രഭുവും മികച്ച വിവർത്തനം /പുനരാഖ്യാനം വിഭാഗത്തിൽ 1857 ലെ ഒരു കഥ എന്ന കൃതിക്ക് ശ്രീ തുമ്പൂർ ലോഹിതാക്ഷനും നാടക വിഭാഗത്തിൽ രംഗകേളി എന്ന കൃതിക്ക് ഡി പാണിയും ജീവചരിത്ര വിഭാഗത്തിൽ ചെമ്പൈ വൈദ്യനാഥ ഭാഗവതർ എന്ന കൃതി രചിച്ച ശ്രീമതി ശ്രീകല ചിങ്ങോലിയും മികച്ച ചിത്രീകരണത്തിന് അപ്പുക്കുട്ടനും കട്ടുറുമ്പും എന്ന പുസ്തകത്തിനുവേണ്ടി ചിത്രം വരച്ച ശ്രീ സജി വിയുമാണ് പുരസ്കാരത്തിന് അർഹരായവർ. മികച്ച പ്രൊഡക്ഷനുള്ള പുരസ്കാരം ഡി സി ബുക്സ് പ്രസിദ്ധീകരിച്ച നീലക്കുറുക്കൻ എന്ന പുസ്തകത്തിന് ലഭിച്ചു.

# യുവസർഗം
## ബാലസാഹിത്യ ശില്പശാല

കേരളത്തെ തെക്കൻ മേഖല, മധ്യ മേഖല, വടക്കൻ മേഖല എന്നിങ്ങനെ മൂന്നു മേഖല കളായി തിരിച്ച് മൂന്ന് ശില്പ ശാലകളാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ മാർച്ച് മാസം നട ത്തിയത്. തിരുവനന്തപുരത്തു നടന്ന തെക്കൻ മേഖല ബാല സാഹിത്യശില്പശാലയുടെ ഉദ്ഘാടനം സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ നിർവഹിച്ചു. തൃശൂർ, പീച്ചി യിൽ നടന്ന മധ്യ മേഖല ശില്പശാല കേരള കാർഷിക സർവകലാശാല വനശാസ്ത്ര കോളജ് ഡീൻ ഡോ. കെ വിദ്യാ സാഗരനും കോഴിക്കോട് വടക്കൻ മേഖലയിലെ ശില്പ ശാല കഥാകൃത്ത് യു കെ കുമാ രനും ഉദ്ഘാടനം ചെയ്തു.

### കുട്ടികളെ വായിക്കാൻ പ്രേരിപ്പിക്കുന്നതാവണം ബാലസാഹിത്യകൃതികൾ- അടൂർ ഗോപാലകൃഷ്ണൻ

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് ചെയ്യാൻ പറ്റുന്ന ഏറ്റവും വലിയ കാര്യം കുട്ടികളെ വായിക്കാൻ പ്രേരിപ്പിക്കുക എന്നതാണ്. വായനയിലൂടെ മാത്രമേ കുട്ടികൾ വളരുന്നുള്ളൂ. സ്വയമേവ അന്വേഷിക്കാനും കണ്ടെത്താനുമുള്ള താത്പര്യം ഇതിലൂടെ കുട്ടികൾക്കു ലഭിക്കും. ഒരാളുടെ അനുഭവങ്ങളുടെ കാച്ചിക്കുറുക്കിയ രൂപമാണ് ഓരോ പുസ്തകവും. തിരുവനന്തപുരം, ശ്രീകാര്യത്തുള്ള മരിയറാണി സെന്ററിൽ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലെ



തിരുവനന്തപുരം ശില്പശാല ശ്രീ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.



പീച്ചി ശില്പശാല ഡോ. കെ വിദ്യാസാഗരൻ ഉദ്ഘാടനം ചെയ്യുന്നു.



കോഴിക്കോട് ശില്പശാല എഴുത്തുകാരൻ ശ്രീ യു കെ കുമാരൻ ഉദ്ഘാടനം ചെയ്യുന്നു.

യുവ എഴുത്തുകാർക്കായി സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച യുവസർഗം ബാലസാഹിത്യ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു പ്രശസ്ത ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ.

വളരെ അവഗണിക്കപ്പെടുന്ന ഒരു വിഭാഗമാണ് കുട്ടികൾ. കുട്ടികൾക്കുവേണ്ടി സിനിമ നിർമിക്കുക, പുസ്തകങ്ങളുണ്ടാക്കുക ഒക്കെ നിസാരകാര്യമല്ല. ഏറ്റവും പ്രധാനം പ്രാഥമിക വിദ്യാലയങ്ങളിൽ ഏറ്റവും യോഗ്യരായ അധ്യാപകർ പഠിപ്പിക്കുക എന്നതാണ്, അദ്ദേഹം കൂട്ടിച്ചേർത്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭരണസമിതി അംഗങ്ങളായ ജി രാധാകൃഷ്ണൻ, സെബാസ്റ്റ്യൻ പള്ളിത്തോട്, രാജേഷ് എസ് വള്ളിക്കോട്, ആലിന്തറ ജി കൃഷ്ണപിള്ള എന്നിവർ സംസാരിച്ചു. തുടർന്ന് ക്യാമ്പംഗങ്ങളുമായി അടൂർ ഗോപാലകൃഷ്ണൻ നടത്തിയ സംവാദം ഏറെ ശ്രദ്ധേയമായി.

ബാലസാഹിത്യത്തിലെ ആധുനിക സങ്കേതങ്ങൾ, കുട്ടിക്കഥകളും കവിതകളും നാടകങ്ങളും എന്നീ വിഷയങ്ങളിൽ ഡോ പി കെ രാജശേഖരൻ, ശ്രീജിത്ത് പെരുന്തച്ചൻ എന്നിവർ ക്ലാസെടുത്തു. രണ്ടാംദിവസം ക്യാമ്പംഗങ്ങളുടെ രചനകൾ യൂണിവേഴ്സിറ്റി കോളജ് മലയാളം പ്രൊഫസർ സാബു കോട്ടുക്കൽ വിലയിരുത്തി.

## മധ്യമേഖല ബാലസാഹിത്യശില്പശാല ഡോ. കെ വിദ്യാസാഗരൻ ഉദ്ഘാടനം ചെയ്തു

പരിസ്ഥിതിസംബന്ധമായ പുതിയ അറിവുകൾ ബാലസാഹിത്യത്തിൽ ഉൾപ്പെടുത്തണമെന്ന് കേരള കാർഷിക സർവകലാശാല വനശാസ്ത്ര കോളജ് ഡീൻ ഡോ. കെ വിദ്യാസാഗരൻ പറഞ്ഞു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലെ യുവ എഴുത്തുകാർക്കായി സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന യുവസർഗം 2019 ബാലസാഹിത്യശില്പശാല പീച്ചി വന ഗവേഷണ സ്ഥാപനത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. ബാലസാഹിത്യമേഖലയിൽ സംഭാവനകൾ നൽകുന്നതിന് യുവാക്കളെ പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം.

ലളിത ലെനിൻ, വന ഗവേഷണ സ്ഥാപനത്തിലെ സീനിയർ സയന്റിസ്റ്റ് ഡോ. ടി വി സജീവ്, എക്സ്റ്റൻഷൻ വിഭാഗം സയന്റിസ്റ്റ് ഡോ. എ വി രഘു, ക്യാമ്പ് ഡയറക്ടർ സി ആർ ദാസ്, ക്യാമ്പ് കോ-ഓർഡിനേറ്റർ നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു.

സാഹിത്യരചനയിലെ പുതുസങ്കേതങ്ങൾ എന്ന വിഷയത്തിൽ ലളിത ലെനിൻ, ശാസ്ത്രസാഹിത്യത്തിലെ പുതുവഴികൾ എന്ന വിഷയത്തിൽ പ്രൊഫ. കെ പാപ്പൂട്ടി, ചരിത്രമെഴുത്തിന്റെ ബാലപാഠങ്ങൾ എന്ന വിഷയത്തിൽ ഡോ. മഞ്ജുഷ വർമ്മ എന്നിവർ ക്യാമ്പ് അംഗങ്ങളോട് സംസാരിച്ചു. ബാലസാഹിത്യത്തിലെ പുതിയ പുസ്തകങ്ങളെക്കുറിച്ചുള്ള ചർച്ചയ്ക്ക് ക്യാമ്പ് ഡയറക്ടർ സി ആർ ദാസ്, നവനീത് കൃഷ്ണൻ എസ്, ഡോ. രാധിക സി നായർ, കവിത ഭാമ എന്നിവർ നേതൃത്വം നൽകി.

രണ്ടു ദിവസം നീണ്ടുനിന്ന ശില്പശാലയുടെ സമാപന സമ്മേളനം അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്തു.

സമകാലിക കാലഘട്ടത്തിലെ കുട്ടിയെ സ്പർശിക്കുന്ന തരത്തിലുള്ള ബാലസാഹിത്യമാണ് ഇപ്പോൾ ആവശ്യമെന്ന് സാഹിത്യകാരൻ അശോകൻ ചരുവിൽ പറഞ്ഞു. ക്യാമ്പ് അംഗങ്ങളുടെ രചനകളിന്മേൽ നടന്ന ചർച്ചയ്ക്ക് പീച്ചി വന ഗവേഷണ സ്ഥാപനം സീനിയർ സയന്റിസ്റ്റും എഴുത്തുകാരനുമായ ഡോ. ടി വി സജീവ്, ക്യാമ്പ് ഡയറക്ടർ സി ആർ ദാസ് എന്നിവർ നേതൃത്വം നൽകി

## എഴുത്ത് പ്രതിസന്ധി നേരിടുന്നു- യു കെ കുമാരൻ.

എഴുത്ത് പ്രതിസന്ധി നേരിടുന്ന കാലമാണിതെന്നും മനസ്സു കൊണ്ടാണ് ബാലസാഹിത്യം എഴുതേണ്ടതെന്നും എഴുത്തുകാരൻ യു കെ കുമാരൻ പറഞ്ഞു. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് യൂത്ത് ഹോസ്റ്റലിൽ സംഘടിപ്പിച്ച യുവ സർഗം ബാലസാഹിത്യ ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എഴുത്തുകാർക്ക് സ്വന്തമായി നിലപാടുണ്ടാകണം. ബാലസാഹിത്യം കൈകാര്യം ചെയ്യുന്നവർക്ക് സാമൂഹ്യ പ്രതിബദ്ധത കൂടിയേ തീരു എന്നും അദ്ദേഹം പറഞ്ഞു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം പയ്യന്നൂർ കുഞ്ഞിരാമൻ അധ്യക്ഷത വഹിച്ചു. ക്യാമ്പ് ഡയറക്ടർ ജാനമ്മ കുഞ്ഞുണ്ണി, എഴുത്തുകാരി പ്രീത ജെ പ്രിയദർശിനി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അസിസ്റ്റന്റ് ഗായത്രീദേവി ജെ എ എന്നിവർ സംസാരിച്ചു. വിവിധ വിഷയങ്ങളിൽ ഡോ. കെ ശ്രീകുമാർ പ്രൊഫ. കെ പാപ്പൂട്ടി എന്നിവർ ക്ലാസുകൾ എടുത്തു.

കുട്ടികൾക്കുതകുന്ന എഴുപതോളം ബാലസാഹിത്യപുസ്തകങ്ങൾക്കാണ് ഈ ക്യാമ്പുകളിൽ രൂപരേഖയുണ്ടായത്.

# പട്ടിക വർഗവിഭാഗത്തിലെ വിദ്യാർഥികൾക്കായി വയനാട്ടിലും അട്ടപ്പാടിയിലും നാടക ക്യാമ്പ്



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എടച്ചേരി ആഗ് തിയറ്റർ ആർട്സിന്റെ സഹകരണത്തോടെ വയനാട് ജില്ലയിലെ പട്ടികവർഗവിഭാഗത്തിലെ വിദ്യാർഥികൾക്കായി നടത്തിയ സർഗവസന്തം നാടകക്യാമ്പ് ഫെബ്രുവരി 23,24 തീയതികളിലായി നടന്നു. മാനന്തവാടിയിലെ കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് ജില്ലാ കേന്ദ്രത്തിൽ വച്ച് നടന്ന ക്യാമ്പ് മാനന്തവാടി എം എൽ എ ഒ ആർ കേളു ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മാനന്തവാടി നഗരസഭാ അധ്യക്ഷൻ വി ആർ പ്രവീജ്, വയനാട് സബ് കളക്ടർ ഉമേഷ് എൻ എസ് കെ, ഐ എ എസ്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം ജാനമ്മ കുഞ്ഞുണ്ണി ജനപ്രതിനിധികൾ നാടക പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു. പ്രശസ്ത നാടക സംവിധായകനും നടനുമായ മനോജ് നാരായണനായിരുന്നു ക്യാമ്പ് ഡയറക്ടർ. രണ്ടുദിവസമായി നടന്ന ക്യാമ്പിൽ ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നായി 70 ഓളം കുട്ടികൾ പങ്കെടുത്തു. കുട്ടികൾ അഞ്ച് ലഘുനാടകങ്ങൾ തയ്യാറാക്കി അവതരിപ്പിച്ചു.



വയനാട് ജില്ലയിലെ നാടകക്യാമ്പ് മാനന്തവാടി എം എൽ എ ഒ ആർ കേളു ഉദ്ഘാടനം ചെയ്യുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പാലക്കാട് അട്ടപ്പാടി ബ്ലോക്കിലെ പട്ടികവർഗ വിഭാഗത്തിലെ വിദ്യാർഥികൾക്കായി നടത്തിയ സർഗവസന്തം അഭിനയ 2019 നാടക ക്യാമ്പ് മാർച്ച് 18,19 തീയതികളിൽ അഗളി കിലാ പ്രാദേശിക കേന്ദ്രത്തിൽവച്ച് നടന്നു. ചലച്ചിത്ര നാടക സംവിധായകൻ പ്രിയനന്ദനൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആർ മധു അധ്യക്ഷത വഹിച്ചു. സ്കൂൾ ഓഫ് ഡ്രാമ വകുപ്പധ്യക്ഷൻ ശ്രീജിത്ത് രമണൻ മുഖ്യാതിഥിയായിരുന്നു. അട്ടപ്പാടി ബ്ലോക്കിലെ വിവിധ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ നിന്നായി 72 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

ക്യാമ്പ് ഡയറക്ടർ സിന്ധു സാജൻ, ഐ ടി ഡി പി – പി ഒ കൃഷ്ണപ്രകാശ്, ഐ ടി ഡി പി അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ഹെറാൾഡ് ജോൺ, പ്രോഗ്രാം കോ- ഓർഡിനേറ്റർ കില, ഉമേഷ് എസ്, നാടക ഗവേഷകൻ എം കുപ്പുസ്വാമി എന്നിവർ ചടങ്ങിൽ സംസാരിച്ചു.

അട്ടപ്പാടിയിൽ കാട്ടുതീ പടരുന്ന സാഹചര്യത്തിൽ കുട്ടികൾ കാട്ടുതീ എന്ന വിഷയത്തെ അവലംബിച്ച് രംഗാവിഷ്കാരം നടത്തി. മനുഷ്യൻ പ്രകൃതിക്കെതിരെ നടത്തുന്ന ക്രൂരതയ്ക്കെതിരെയുള്ള ബോധവത്കരണം കൂടിയായിരുന്നു അത്.



അട്ടപ്പാടിയിലെ നാടകക്യാമ്പ് ചലച്ചിത്ര നാടക സംവിധായകൻ പ്രിയനന്ദനൻ ഉദ്ഘാടനം ചെയ്യുന്നു.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

ഉണ്ടാക്കാം

# പേപ്പർ ഡീർ


അരവിന്ദ് ഗുപ്ത
ഡിസൈൻ : K V Potdar

നമുക്കിന്ന് പേപ്പർ ഉപയോഗിച്ച് ഒരു മാനിനെ ഉണ്ടാക്കിയാലോ...




**ആവശ്യമുള്ള സാധനങ്ങൾ**

- എ 4 പേപ്പർ
- കത്രിക
- സ്കെച്ച് പെൻ




1 എ 4 പേപ്പറിന്റെ മധ്യ ഭാഗത്ത് ഇക്രാരം വരച്ച് കുത്തിട്ട ഭാഗത്തുകൂടി മടക്കുക.



2 കത്രിക ഉപയോഗിച്ച് ഔട്ട്‌ലൈനിൽക്കൂടി ഇങ്ങനെ മുറിക്കുക. കുത്തിട്ട ഭാഗം ഇപ്രകാരം മടക്കുക.



3 പേപ്പർ നിവർത്തിയാൽ മാൻ ഇങ്ങനെയാവും



4 മടക്കിപ്പിടിച്ചതിനു ശേഷം ഈ കാണുന്ന രീതിയിൽ മടക്കുക.



5 കഴുത്തിന്റെ ഭാഗം ഈ ക്രമത്തിൽ മടക്കുക.



6 ശേഷം നിവർത്തി തലയുടെ ഭാഗം തിരിച്ചുപിടിക്കുക.



7 കാലിന്റെ ഭാഗത്ത് കത്രിക വച്ച് ഇങ്ങനെ ഒന്ന് മടക്കി വിട്ടാൽ കാലിന് ഉറപ്പു ലഭിക്കും.



8 ഇനി താഴെ വച്ചു നോക്കൂ. മനോഹരമായ ഒരു മാൻ ആയില്ലേ... ഇങ്ങനെ വിവിധ വലുപ്പത്തിലുള്ള പേപ്പർ ഉപയോഗിച്ച് മാൻ കുടുംബത്തെ നിങ്ങൾക്ക് ഉണ്ടാക്കാം.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020
RNI No. 20076/70 April 2019
Regd KL/TV (N)/399/2018-2020 Published on 29-03-2019 Vol:25, Issue:04, ₹20

